


समग्र शिक्षा केरलम्
Samagra Shiksha Keralam
സമഗ്ര ശിക്ഷാ കേരളം

## സമഗ്ര ശിക്ഷാ കേരളം

# വാർഷിക പദ്ധതി

## 2026-2027

समग्र शिक्षा केरलम्
Samagra Shiksha Keralam
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം




# 2026-2027

## വാർഷിക പദ്ധതി പ്രവർത്തനങ്ങൾ



തിരുവനന്തപുരം എം.ജി. യുവ്യു. എസ്.എസിൽ നടന്ന സ്കൂൾ പ്രവേശനോത്സവത്തിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ, വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, എന്നിവർ പങ്കെടുക്കുന്നത്. മന്ത്രി സജി ചെറിയാൻ / ചിത്രം: സതീഷ് ബാബു




ഈ അധ്യയന വർഷത്തെ മനോരമ വായനക്കളരി പദ്ധതി സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ വിദ്യാർഥി പ്രതിനിധി പി.എസ്.പത്മജനു മലയാള മനോരമ പത്രം നൽകി നിർവഹിക്കുന്നു. മന്ത്രി എൻ.ഷംസുദ്ദീൻ സമീപം.










# പാങ്ങ് ജിഎൽപിയിൽ വീണ്ടും ചിരി തെളിഞ്ഞ

**മലപ്പുറം**

പുതിയ ചായം പൂശി ബലൂണുകളും തോരണങ്ങളും തൂക്കി പാങ്ങ് ജിഎൽപി സ്കൂൾ വീണ്ടും ഒരുങ്ങിനിന്നു. നഷ്ടങ്ങളുടെ വേദന കുട്ടികൾ അറിയാതിരിക്കാൻ ചിരിച്ച മുഖവുമായി അധ്യാപകരും. ദുരന്തത്തിന്റെ ആഘാതം തളർത്തിയ മനസ്സുകളെ കളിചിരികളോടെ വീണ്ടും തട്ടിയുണർത്തി. വാൽപ്പാറ അപകടത്തിൽ അധ്യാപകരും ജീവനക്കാരും മരിച്ച പാങ്ങ് ജിഎൽപി സ്കൂളിൽ ഹൃദയംനുറുങ്ങും വേദനയിലും പ്രവേശനോത്സവം ആവേശമായി. മങ്കട ബ്ലോക്കുതല ഉദ്ഘാടനമാണ് സ്കൂളിൽ നടന്നത്.

ഏപ്രിൽ 17നാണ് വിനോദയാത്ര പോയ അധ്യാപകർ ഉൾപ്പെട്ട സംഘം വാൽപ്പാറ ചുരത്തിൽ അപകടത്തിൽപ്പെട്ടത്. പത്തുപേർ മരിച്ചു. പാങ്ങ് ജിഎൽപി സ്കൂളിലെ പ്രധാനാധ്യാപിക പി.അജിതയടക്കം അഞ്ച് അധ്യാപകരും പാചകത്തൊഴിലാളിയും സ്കൂൾ ബസ് ഡ്രൈവറും മരിച്ചിരുന്നു. ഇവർക്ക് പകരം അധ്യാപകരെ നിയമിക്കാൻ എൽഡിഎഫ് സർക്കാർ നടപടി വേഗത്തിലാക്കിയിരുന്നു. അവധിക്കാലത്തുതന്നെ അധ്യാപകർ ചുമതലയേറ്റെടുത്തു. പ്രവേശനോത്സവത്തിന്റെ ഭാഗമായി അധ്യാപകരുടെ രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് സ്കൂൾ അലങ്കരിച്ചു. പ്രവേശനോത്സവം മഞ്ഞളാംകുഴി അലി എംഎൽഎ ഉദ്ഘാടനംചെയ്തു. മങ്കട പഞ്ചായത്ത് പ്രസിഡന്റ് ജുവൈരിയ അധ്യക്ഷയായി. ഗായകൻ അതുൽ നറുകര സംഗീത വിരുന്നുണ്ടാ



പാങ്ങ് ജിഎൽപി സ്കൂളിൽ നടന്ന പ്രവേശനോത്സവത്തിൽ കുട്ടികളോടൊപ്പം ചേർന്ന് ഗാനം ആലപിക്കുന്ന ഗായകൻ അതുൽ നറുകര

**പുതിയ അധ്യയന വർഷത്തിന് തുടക്കം**

# അക്ഷരമധുരം നുണഞ്ഞ് കുരുന്നുകൾ







# സന്ദേശം



കാലോചിതമായ ഇടപെടലുകളിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം ചരിത്രപരമായ മുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തോടൊപ്പം ചേർന്നുനിൽക്കുന്നതാണ് സമഗ്രശിക്ഷാ കേരളത്തിന്റെ പ്രവർത്തനങ്ങൾ.

അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ പഠനരീതികൾ, കുട്ടികളിൽ ശാസ്ത്രീയ അവബോധവും സർഗാത്മകതയും പരിപോഷിപ്പിക്കുക തുടങ്ങിയവയിലൂടെ നമ്മുടെ വിദ്യാലയങ്ങളെ ലോകനിലവാരത്തിലേക്ക് ഉയർത്താൻ സമഗ്ര ശിക്ഷാ കേരളത്തിന് സാധിച്ചിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരേയും ഭിന്നശേഷിക്കാരെയും മുഖ്യധാരയിലേക്കെത്തിക്കുന്നതിനുള്ള ശ്രമങ്ങളും ഇതോടൊപ്പം നടത്തുന്നു.

കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച, 2026-27 അക്കാദമിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളും ധനകാര്യ വിശദാംശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് വാർഷിക പദ്ധതി പ്രവർത്തനങ്ങൾ എന്ന ഈ കൈപ്പുസ്തകം.

പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്നതിനും അതിന്റെ വളർച്ചയ്ക്കായി ആത്മാർഥമായി പ്രവർത്തിക്കുന്നവർക്കും ഇതൊരു വഴികാട്ടിയായി മാറട്ടെ എന്ന് ആശംസിക്കുന്നു. കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസ മുന്നേറ്റത്തിന് കരുത്തുപകരുന്ന സമഗ്ര ശിക്ഷാ കേരളത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ ഭാവുകങ്ങൾ.

**അഡ്വ. എൻ ഷംസുദ്ദീൻ**
*ബഹു. പൊതുവിദ്യാഭ്യാസ-*
*ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി*


സ്കൂൾ
പ്രവേശനോത്സവം
2026
പാഠം 1
പുതുയുഗ
വിദ്യാലയം
2026 ജൂൺ 1 തിങ്കളാഴ്ച



# സന്ദേശം

പൊതുവിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ വളർച്ചയ്ക്കും ഗുണനിലവാരം ഉറപ്പാക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് സമഗ്ര ശിക്ഷാ  കേരളം കാഴ്ചവയ്ക്കുന്നത്. വൈവിധ്യമാർന്ന അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിലൂടെ കുട്ടികളുടെ സർവതോമുഖമായ വളർച്ച സമഗ്ര ശിക്ഷാ കേരളം ഉറപ്പാക്കുന്നു.

സമഗ്ര ശിക്ഷാ കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ അക്കാദമിക ലക്ഷ്യങ്ങളും ധനകാര്യ വിശദാംശങ്ങളും രേഖപ്പെടുത്തിയ ഈ കൈപ്പുസ്തകം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അംഗീകാരത്തോടെയുള്ളതാണ്. 2026-27 അക്കാദമിക വർഷം നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളും പരിപാടികളും ഉൾപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ കൈപ്പുസ്തകം കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കുറിച്ചു കൂടുതൽ മനസിലാക്കാൻ ശ്രമിക്കുന്നവർക്ക് ഒരു പുതിയ ദിശാബോധം നൽകുമെന്നതിൽ സംശയമില്ല. ഇതിലൂടെ പൊതുവിദ്യാലയങ്ങളിൽ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയും ചെയ്യും.

കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ ദേശീയതലത്തിൽത്തന്നെ അടയാളപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന സമഗ്ര ശിക്ഷാ കേരളത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.



**ഡോ. ഡി. സജിത് ബാബു ഐ എ എസ്**
സ്പെഷ്യൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്





# സന്ദേശം

പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്ന സമഗ്രമായ പ്രവർത്തനങ്ങൾക്കാണ് സമഗ്ര ശിക്ഷാ കേരളം മുൻഗണന നൽകുന്നത്. പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും ഉറപ്പാക്കാൻ എസ്.എസ്.കെ.യുടെ പലതരത്തിലുള്ള ഇടപെടൽ മേഖലകളിലൂടെ സാധിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് കൈത്താങ്ങാകുന്ന ഉൾച്ചേർക്കൽ വിദ്യാഭ്യാസം, പ്രീ പ്രൈമറി കുട്ടികളുടെ ശേഷി വികാസം ഉറപ്പിക്കുന്ന വർണ്ണക്കൂടാരം പദ്ധതി, ട്രൈബൽ മേഖലയിലെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ തുടങ്ങി പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ മാതൃകകൾ തീർത്ത് കുട്ടികളുടെ സർഗാത്മകതയും പഠനനിലവാരവും ഉയർത്താൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. അധ്യാപകരുടെ പിന്തുണയും സമൂഹത്തിന്റെ കൂട്ടായ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ഡിജിറ്റൽ വിദ്യാഭ്യാസം ശക്തിപ്പെടുത്താനും നമുക്കിനിയും അണിചേരാം.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഈ കൈപ്പുസ്തകത്തിൽ പദ്ധതി പ്രവർത്തനങ്ങളും സാമ്പത്തികവിശദാംശങ്ങളും വ്യക്തമായി ഉൾച്ചേർത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കും ജനപ്രതിനിധികൾക്കും പൊതുവിദ്യാഭ്യാസരംഗത്ത് താൽപ്പര്യമുള്ളവർക്കുമായി ഈ കൈപ്പുസ്തകം സമർപ്പിക്കുന്നു.

മികവിന്റെ പുതിയ വഴികളിലൂടെ മുന്നേറുന്ന സമഗ്ര ശിക്ഷാ കേരളത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഏവരുടെയും സഹകരണവും ഹൃദ്യമായ പിന്തുണയും പ്രതീക്ഷിച്ചു കൊണ്ട്, നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികൾക്കായി കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ നമുക്ക് ഒന്നിച്ചു കൈകോർക്കാം.

**ഡോ. കെ മോഹനകുമാർ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
സമഗ്ര ശിക്ഷാ കേരളം


I am ready to shine
I am ready to shine
I am ready to shine




## പ്രധാന ഇടപെടൽ മേഖലകൾ

1. **പ്രാപ്യതയും തുടർച്ചയും**
   (Access and Retention)
   - 1.1. റസിഡൻഷ്യൽ ഹോസ്റ്റൽ (Netaji Subhash Chandra Bose Avasiya Vidyalaya)
   - 1.2. സ്കൂളുകളുടെ ശാക്തീകരണം (Strengthening of Existing Schools)
   - 1.3 ട്രാൻസ്പോർട്ട് & എസ്കോർട്ട് (Transport / Escort Facility)
2. **ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ്**
   (RTE Entitlements)
   - 2.1 സൗജന്യ പാഠപുസ്തകം (Free Textook)
   - 2.2 സൗജന്യ യൂണിഫോം (Free Uniform)
   - 2.3 ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം (Special Training of Out of School Children-OoSC)
   - 2.4 SCPCR (State Commission for Protection of Child Rights) നുള്ള പിന്തുണ
   - 2.5. കമ്മ്യൂണിറ്റി മൊബിലൈസേഷൻ (Community Mobilization)
     - 2.5.1. സ്കൂൾ പ്രവേശന പദ്ധതി (എലിമെന്ററി തലം)
     - 2.5.2. പി.ഇ.സി
     - 2.5.3. എസ്.എം.സി./എസ്.എം.ഡി.സി. പരിശീലനം (Training of SMC/SMDC)
3. **ക്വാളിറ്റി ഇന്റർവെൻഷൻസ്**
   - 3.1. നൂതനാശയപദ്ധതി
   - 3.2. കലാ ഉത്സവ് (Kalautsav)
   - 3.3. LEARNING ENHANCEMENT PROGRAMME
   - 3.4. ബാന്റ് കോമ്പറ്റീഷൻ (Inter School Band Competition)
   - 3.5 Foundational Learning Study (FLS)
   - 3.6. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ് (സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ)
   - 3.7. ലൈബ്രറി (സ്കൂൾ/ക്ലാസ്തല ലൈബ്രറി ശാക്തീകരണം) ലൈബ്രറി ഗ്രാന്റ് (Library Grant)
   - 3.8. ഐ.സി.ടി & ഡിജിറ്റൽ ഇൻഷ്യേറ്റിവ്സ് (ICT and Digital Initiatives)
   - 3.9. ബി.ആർ.സി-സി.ആർ.സി മുഖേനയുള്ള അക്കാദമിക പിന്തുണ (Academic Support Through BRC, URC, CRC)
   - 3.10. സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ (Elementary - Higher Secondary)
4. **അധ്യാപക വിദ്യാഭ്യാസം** (Teacher Education)
5. **ടീച്ചർ സാലറി**
6. **ലിംഗസമത്വവും തുല്യതയും** (Gender & Equity)
7. **പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം)**
   Provision for Children With Special Needs
8. **വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ** (Vocationalisation of Education)
9. **മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം** (Monitoring of the scheme)
10. **പ്രോഗ്രാം മാനേജ്മെന്റ്** (Programme Management)

## ഇടപെടൽ മേഖലകൾ വിശദമായി


1. പ്രാപ്യതയും തുടർച്ചയും (Access and Retention) ..... 16
   - 1.1. റസിഡൻഷ്യൽ ഹോസ്റ്റൽ (Netaji Subhash Chandra Bose Avasiya Vidyalaya) ..... 16
   - 1.2. സ്കൂളുകളുടെ ശാക്തീകരണം (Strengthening of Existing Schools) ..... 18
   - 1.3 ട്രാൻസ്പോർട്ട് & എസ്കോർട്ട് (Transport / Escort Facility) ..... 18
2. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ് (RTE Entitlements) ..... 19
   - 2.1 സൗജന്യ പാഠപുസ്തകം (Free Textook) ..... 19
   - 2.2 സൗജന്യ യൂണിഫോം (Free Uniform) ..... 20
   - 2.3 ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം (Special Training of Out of School Children-OoSC) ..... 20
   - 2.4 SCPCR (State Commission for Protection of Child Rights) നുള്ള പിന്തുണ ..... 21
   - 2.5. കമ്മ്യൂണിറ്റി മൊബിലൈസേഷൻ (Community Mobilization) ..... 21
     - 2.5.1. സ്കൂൾ പ്രവേശന പദ്ധതി (എലിമെന്ററി തലം) ..... 21
     - 2.5.2. പി.ഇ.സി ..... 22
     - 2.5.3. എസ്.എം.സി./എസ്.എം.ഡി.സി. പരിശീലനം (Training of SMC/SMDC) ..... 22
3. ക്വാളിറ്റി ഇന്റർവെൻഷൻസ് ..... 23
   - 3.1. നൂതനാശയപദ്ധതി ..... 24
     - 3.1.1. Eco Club for Mission Life (എലിമെന്ററി & സെക്കൻഡറി) ..... 24
     - 3.1.2. ബി.ആർ.സി.കളിൽ ഐ.സി.ടി. ലാബുകൾ (എലിമെന്ററി) ..... 24
     - 3.1.3. ഉൾച്ചേർക്കൽ കായിക പരിശീലനം (എലിമെന്ററി & സെക്കൻഡറി) ..... 25
     - 3.1.4. Aspiration Innovative Programmes (Elementary) ..... 25
       ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം
     - 3.1.5. ട്രൈബൽ എജ്യുക്കേഷൻ മാനേജ്മെന്റ് സിസ്റ്റം (TEMS) (എലിമെന്ററി) ..... 27
       - 3.1.5.1. ഡിജിറ്റൽ ഹാജർ നിരീക്ഷണ സംവിധാനം (Digital Attendance Monitoring System) ..... 27
       - 3.1.5.2. നൈപുണി വികസന പരിപാടി (Special Skill Oriented Learning) ..... 28
       - 3.1.5.3. സ്മാർട്ട് പേരന്റ് (SMART PARENT) ..... 29
     - 3.1.6. ഉൾക്കാടുകളിലെ ഗോത്രവർഗക്കാർക്കു വേണ്ടിയുള്ള പ്രത്യേക പ്രവർത്തനപാക്കേജ് (ചോലനായ്കർ) ..... 30
     - 3.1.7. ബീച്ച് ടു ബെഞ്ച് ..... 30
     - 3.1.8. ഞാൻ സ്മാർട്ട് ആണോ? (എലിമെന്ററി) എലിമെന്ററി വിദ്യാർഥികൾക്ക് വേണ്ടിയുള്ള സ്മാർട്ട് കോർണർ ..... 31
     - 3.1.9. കാഴ്ച -ജീവിതനൈപുണി അധിഷ്ഠിത നാടക ശില്പശാലകൾ (എലിമെന്ററി) ..... 31
     - 3.1.10. സെലസ്റ്റിയൽ ഹൊറൈസൺസ് (Celestial Horizons) (എലിമെന്ററി) ..... 32
     - 3.1.11. കാലാവസ്ഥാ കൗൺസിലർമാർ (Climate Counselors) (എലിമെന്ററി) ..... 33
     - 3.1.12. കാർട്ടോഗ്രഫി ലാബ് (Cartography Lab) (എലിമെന്ററി) ..... 34
       അപ്പർ പ്രൈമറി വിദ്യാർഥികൾക്കായുള്ള ഭൂപട പഠന-പരിശീലന കേന്ദ്രം
     - 3.1.14. ഉദ്ഗ്രഥിത പരീക്ഷണമുറി (Integrated Labs) ..... 35
     - 3.1.15. Exposure to Vocational Education (Class 6 8) (സെക്കൻഡറി) ..... 36

3.1.16. ഗണിത പരിപാടികൾ ... 36
3.1.16.1. ഗണിത വിജയം ... 36
3.1.16.2. ഗണിതോത്സവം ... 38
3.1.16.3. മാത്ത്സ്കേപ്പ്- സെക്കൻഡറി വിദ്യാഭ്യാസത്തിൽ ഗണിതശാസ്ത്ര സോഫ്റ്റ്‌വെയറുകളുടെ സംയോജനം (Integration of Mathematical Software in Secondary Education) ... 39
3.1.17. സയൻസ് പരിപാടികൾ ... 40
3.1.17.1. കേരള ക്ലൈമറ്റ് കണക്ട് ... 40
3.1.17.2. യംഗ് ഇന്നൊവേറ്റേഴ്സ് ... 41
3.1.17.3. യംഗ് റിസർച്ചേഴ്സ് (യുവ ഗവേഷകർ) ... 42
3.1.18. ഗണിതക്കിറ്റ് (Maths Kit) ... 42
3.1.19. ശാസ്ത്ര കിറ്റ് ... 43
3.1.20. Padamudrakal Local History Writing (പാദമുദ്രകൾ- പ്രാദേശിക ചരിത്രരചന) ... 44
3.1.21. FAST (First Aid Student Programme) (സെക്കൻഡറി) ... 44
3.1.22. നൈതികം (സെക്കൻഡറി) ... 45
3.1.23. അധ്യാപകഗവേഷകർ (Teacher Researcher) (എലമെന്ററി & സെക്കൻഡറി) ... 45
3.1.24. LEAP Exploring Learner Aptitude Profiling and Guidance വിദ്യാർഥികളുടെ അഭിരുചി (Aptitude) കണ്ടെത്തലും കരിയർ മാർഗനിർദേശ പരിപാടിയും ... 46
3.1.25. ടിങ്കറിംഗ് ലാബ് ... 47
3.1.26. STREAM സെൻററുകൾ ... 48
3.2. കലാ ഉത്സവ് (Kalautsav) ... 48
3.3. LEARNING ENHANCEMENT PROGRAMME ... 49
3.3.1. സമഗ്ര ഗുണമേ ാ പദ്ധതി (എലിമെന്ററി & സെക്കൻഡറി) ... 50
3.3.2. LEARN @ YOUR PACE (എലിമെന്ററി) ... 50
3.3.3. ഭാഷ പിന്തുണ പ്രവർത്തനങ്ങൾ (എലിമെന്ററി) ... 51
3.3.4. SUREELI HINDI (എലിമെന്ററി & സെക്കൻഡറി) ... 51
3.3.5. സംസ്കൃത മാധുരി ... 52
3.3.6. അഹ്‌ലൻ അറബി ... 52
3.3.7. പ്യാരി ഉറുദു ... 52
3.3.8. ഭാഷാവസന്തം: സമഗ്ര ഭാഷാ ശാക്തീകരണ പരിപാടി ... 53
3.3.9. സർഗാത്മക ഡയറി (എലിമെന്ററി) ... 53
3.3.10. ഇത്തിരി നേരം ഒത്തിരി വായന (എലിമെന്ററി) ... 54
3.3.11. BUILDING WINGS – (എലിമെന്ററി) ... 55
3.3.12. SMILE (സ്റ്റിമുലേറ്റ് ആന്റ് മോട്ടിവേറ്റ് ടു ലേൺ ഇംഗ്ലീഷ് – Stimulate and Motivate to Learn English) (എലിമെന്ററി) ... 56
3.3.13. ICE - Immersion Corners of English (സെക്കൻഡറി) ... 56
3.3.14. English Film Gala: Celebrating Language through CINEMA (സെക്കൻഡറി) ... 57
3.3.15. Speaking Skill Scale in English ... 58
Integration of Structured Oral Assessment in English (Classes 9-12) (സെക്കൻഡറി)

3.3.16. Voices Beyond Words (വാക്കുകൾക്കുമപ്പുറം) (സെക്കൻഡറി) ........ 59
3.4. ബാന്റ് കോമ്പറ്റീഷൻ (Inter School Band Competition) ........ 59
3.5 Foundational Learning Study (FLS) ........ 60
3.5.1. വായനാച്ചെപ്പ് ........ 61
3.5.2 വർണ്ണക്കൂടാരം ........ 61
3.5.3 ലിറ്റിൽ മാത്ത്മാജീഷ്യൻസ് ........ 62
3.5.4 പ്രീസ്കൂൾ ഉത്സവങ്ങൾ ........ 63
3.5.5 രക്ഷാകർതൃവിദ്യാഭ്യാസം ........ 63
3.5.6 പ്രീപ്രൈമറി ക്ലാസ്സുകളിലെ ശിശു സൗഹൃദ ഫർണ്ണിച്ചറുകൾ ........ 64
3.5.7. BaLA (പ്രീ പ്രൈമറി സ്കൂളുകളിൽ) ........ 65
3.5.8. പ്രീസ്കൂളുകൾക്കുള്ള ഔട്ട്ഡോർ കളിസ്ഥല സാമഗ്രികൾ ........ 66
3.5.9. കുട്ടികൾക്കുള്ള ടി എൽ എം (പ്രീപ്രൈമറി മുതൽ ഗ്രേഡ് 2 വരെ) ........ 67
3.5.10. നൂതനമായ പെഡഗോജികൾ നടപ്പിലാക്കുന്നതിനുള്ള അധ്യാപനപഠന സാമഗ്രികൾ - ഗ്രേഡ് 1, 2 ........ 67
3.5.10.1. മൊഴികിലുക്കം : നൂതനമായ അധ്യാപനത്തിലൂടെ അടിസ്ഥാന സാക്ഷരത ശക്തിപ്പെടുത്തൽ ........ 67
3.5.10.2. Drama Sprouts: ശക്തമായ ഒരു ബോധനഉപകരണം എന്ന നിലയിൽ സർഗാത്മക നാടകം (ഭാഷാ ക്ലാസ്സുകളിൽ) ........ 68
3.5.10.3. Reading Pathways - വായനാ കാർഡുകളിലൂടെ ഭാഷാ വൈദഗ്ധ്യം വർധിപ്പിക്കൽ ........ 68
3.5.10.4. നിപുൺ മഞ്ചാടി സഞ്ചി ചകജഡച Maths Kit for Class 1 & 2 ........ 69
3.5.10.5. കഥയും കണക്കും ........ 69
3.5.10.6. LATA - നാടകത്തിലൂടെയും കഥയിലൂടെയുമുള്ള ഭാഷാ സ്വായത്തമാക്കൽ ഇംഗ്ലീഷ് (ക്ലാസ് 1 & 2) ........ 70
3.5.10.7. FLEP (അടിസ്ഥാന പഠന പരിപോഷണ പദ്ധതി) ക്ലാസ് 3-5 ........ 70
3.5.10.8. അധ്യാപകരുടെ ശേഷി വികസനം (പ്രീ-പ്രൈമറി മുതൽ 5 വരെ) ........ 71
1. പ്രീ-പ്രൈമറി അധ്യാപകർക്കുള്ള പരിശീലനം ........ 71
2. 1, 2 ക്ലാസുകളിലെ അധ്യാപകർക്ക് 10 ദിവസത്തെ പരിശീലനം ........ 72
3. 3 മുതൽ 5 വരെ ക്ലാസുകളിലെ അധ്യാപകർക്കുള്ള 10 ദിന പരിശീലനം ........ 72
3.5.10.9. PMU പരിശീലനം ........ 73
3.6. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ് (സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ) ........ 73
3.7. ലൈബ്രറി (സ്കൂൾ/ക്ലാസ്തല ലൈബ്രറി ശാക്തീകരണം) ലൈബ്രറി ഗ്രാന്റ് (Library Grant) ........ 75
3.8. ഐ.സി.ടി & ഡിജിറ്റൽ ഇൻഷ്യേറ്റിവ്സ് (ICT and Digital Initiatives) ........ 75
3.9. ബി.ആർ.സി-സി.ആർ.സി മുഖേനയുള്ള അക്കാദമിക പിന്തുണ (Academic Support Through BRC, URC, CRC) ........ 76
3.10. സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ (Elementary - Higher Secondary) ........ 77

**4. അധ്യാപക വിദ്യാഭ്യാസം (Teacher Education) ........ 77**
4.1. സാങ്കേതിക വിദ്യ പിന്തുണ (Technology support) (SCERT & DIET) ........ 78

4.2. പരിപാടികളും പ്രവർത്തനങ്ങളും (Programmes & Activities) ........ 78
4.3. ഗവേഷണപ്രവർത്തനങ്ങൾ (Specific Programme for Research activities) ........ 78
4.4. വിദ്യാഭ്യാസപ്രവർത്തകർക്കുള്ള പരിശീലനം (Training of Teacher Educators) ........ 79
4.5. വാർഷിക ധനസഹായം (Annual Grant) ........ 79
4.6. DIKSHA (Digital Infrastructure for knowledge sharing) - National Teacher Portal ........ 79

**5. ടീച്ചർ സാലറി ........ 80**

**6. ലിംഗസമത്വവും തുല്യതയും (Gender & Equity) ........ 80**
6.1. കസ്തൂർബാഗാന്ധി ബാലിക വിദ്യാലയം (KGBV) ........ 81
6.2. പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി ........ 81
(Rani Laxmibai Atma Raksha Prashikshan) (സെക്കന്ററി, ഹയർ സെക്കൻഡറി)
6.3. പെൺകുട്ടികളുടെ ശാക്തീകരണം (Empowerment of Girls) സെക്കൻഡറിതലം ........ 82
6.4. കരിയർ ഗൈഡൻസ് (സെക്കൻഡറി) (Career Guidance Programme for Girls) ........ 83

**7. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം)**
Provision for Children With Special Needs ........ 83

**7.1. എസ്കോർട്ട് അലവൻസ് ........ 84**
7.2. ട്രാൻസ്പോർട്ട് അലവൻസ് ........ 84
7.3. സഹായ ഉപകരണങ്ങളുടെ വിതരണം (Providing Aids & Appliances) ........ 85
7.4. മെഡിക്കൽ അസ്സസ്മെന്റ് ക്യാമ്പ് ........ 85
7.5. പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് ........ 87
7.6. Purchase / Development of Instructional Training Materials ........ 87
7.7. Sports & Exposure Visit ........ 88
7.8. തെറാപ്പി സേവനങ്ങൾ ........ 88
7.9. ചങ്ങാതിക്കൂട്ടം ........ 90
7.10. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ........ 91
7.11. ബ്രെയ്‌ലി സ്റ്റേഷനറി മെറ്റീരിയലുകളുടെ വിതരണം
(Braily Stationery Material) (Inc: empossed charts / globs etc.) ........ 92
7.12. റീഡർ അലവൻസ് ........ 92
7.13. പഠന സാമഗ്രികൾ വികസിപ്പിക്കൽ (Assistive Devices, Equipments & TLM) ........ 93
7.14. എൻവയോൺമെന്റ് ബിൽഡിങ് പ്രോഗ്രാം (Enviornment Building Programme) ........ 93
7.15. ഹെൽപ്പർ/ആയ/അറ്റൻഡന്റ് ........ 94
7.16. Inservice Training for Special Educators ........ 94
7.17. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം ........ 95

**8. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ (Vocationalisation of Education) ........ 96**
8.2. നിലവിലുള്ള സ്കൂളുകൾക്കുള്ള സഹായം ........ 97
8.3. സ്കിൽ ഡവലപ്മെന്റ് സെന്ററുകളിലൂടെ സുസ്ഥിര നൈപുണീ പരിശീലനം ........ 97
8.4. ഗ്രീൻ ഫ്യൂച്ചർ ........ 98
8.5 സ്കിൽ 2 വെഞ്ചർ ........ 99
8.6. സ്വിഫ്റ്റ് - സെക്ടർ വൈസ് ഇന്ററസ്റ്റ് ഫോക്കസ്ഡ് ട്രെയിനിംഗ് ........ 100

**9. മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (Monitoring of the scheme) ........ 101**

**10. പ്രോഗ്രാം മാനേജ്മെന്റ് (Programme Management) ........ 101**

**11. Interventions wise fund details ........ 103**






Canara Bank



2026-2027 പദ്ധതി നിർദേശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനു സമർപ്പിക്കുകയും 2027 ജൂൺ 10 നു പ്രോജക്ട് അപ്രൂവൽ ബോർഡ് സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കുവേണ്ടി സ്പിൽഓവർ ഉൾപ്പെടെ 722.79 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഈ അധ്യയനവർഷം അംഗീകാരം നൽകിയ വാർഷിക പദ്ധതികളുടെ ഉള്ളടക്കമാണ് ഈ കൈപ്പുസ്തകത്തിൽ. പ്രീ-പ്രൈമറി തലം മുതൽ ഹയർസെൻഡറിതലം വരെ നടപ്പിലാക്കേണ്ട വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള വിദ്യാഭ്യാസമുന്നേറ്റവും വികസനകാഴ്ചപ്പാടും പരിഗണിച്ചാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്.

പൊതുവിദ്യാഭ്യാസരംഗത്ത് നാം ആർജിച്ച നേട്ടങ്ങൾ കൂടുതൽ വ്യാപ്തിയോടെ, നൂതനത്വത്തോടെ നടപ്പിലാക്കാനാണ് ഈ പദ്ധതികളിലൂടെ നാം ആഗ്രഹിക്കുന്നത്. ഈ അധ്യയനവർഷം വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന ഓരോ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ, ലക്ഷ്യങ്ങൾ, പ്രവർത്തനഘട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മികവോടെ, പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ സാർഥകമായ ഒരു മുന്നേറ്റത്തിന് നാന്ദികുറിക്കാം.



## 1. പ്രാപ്യതയും തുടർച്ചയും (Access and Retention)



| അക്സസ് & റിറ്റൻഷൻ | |
|---|---|
| എലിമെന്ററി | 1432.06 |
| സെക്കൻഡറി | 439.47 |
| ആകെ | 1871.53 |

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നിലാണ്. വിദ്യാലയങ്ങളുടെ എണ്ണത്തിലും ഗുണത്തിലും കുട്ടികളുടെ പ്രവേശനത്തിലും ഈ മുന്നേറ്റം ദൃശ്യമാണ്. എന്നാൽ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ചില പ്രദേശങ്ങളിൽ വിദ്യാലയപ്രവേശനവും നിലനിർത്തലും പ്രതീക്ഷിതനിലവാരത്തിലല്ല. അതിഥി തൊഴിലാളികളുടെ മക്കളുടെ സ്കൂൾപ്രവേശനവും നിലനിർത്തലും പൂർണ്ണതോതിലല്ല. സമ്പൂർണ്ണ സ്കൂൾ പ്രവേശനവും നിലനിർത്തലും സ്കൂളുകളുടെ ശക്തിപ്പെടുത്തലും നമുക്ക് ഉറപ്പാക്കാൻ കഴിയണം. ഈ ലക്ഷ്യം നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

### 1.1. റസിഡൻഷ്യൽ ഹോസ്റ്റൽ (Netaji Subhash Chandra Bose Avasiya Vidyalaya)



- **നിലവിൽ പ്രവർത്തിക്കുന്ന 6 ഹോസ്റ്റലുകളിലെ 300 കുട്ടികൾക്ക് 214.20 ലക്ഷം രൂപ**

ഡിജിറ്റൽ യുഗത്തിലൂടെ നാം മുന്നേറുന്ന ഈ കാലഘട്ടത്തിലും വിദ്യാഭ്യാസപരമായി പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു സമൂഹം കേരളത്തിലെ ആദിവാസിമേഖലകളിലും മലയോര മേഖലകളിലും കാണപ്പെടുന്നുണ്ട്. ഭൂമിശാസ്ത്രപരമായ കാരണങ്ങൾ, യാത്രാസൗകര്യമില്ലായ്മ, സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ തുടങ്ങിയ ഘടകങ്ങളാണ് ഇതിനുള്ള കാരണങ്ങൾ. ഇത് പരിഹരിക്കുന്നതിനായി ആരംഭിച്ചവയാണ് റസിഡൻഷ്യൽ ഹോസ്റ്റലുകൾ. പലവിധത്തിലുള്ള പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് താമസസൗകര്യവും പഠനപിന്തുണയും ഉറപ്പാക്കാൻ ഇത്തരം ഹോസ്റ്റലുകളിലൂടെ സാധിക്കുന്നു. സംസ്ഥാനത്തെ 5 ജില്ലകളിലായി 6 ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. മലയോര പ്രദേശത്തെ ആൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന ഈ ഹോസ്റ്റലുകളിൽ ഓരോന്നിലും പരമാവധി 50 കുട്ടികൾക്കു താമസിച്ചു പഠിക്കാം.




***ലക്ഷ്യങ്ങൾ***

- മലയോരമേഖലകളിലെ മുഴുവൻ ആൺകുട്ടികളെയും വിദ്യാലയാന്തരീക്ഷത്തിലേക്ക് എത്തിക്കുകയും കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുക.
- പാർശ്വവൽക്കരിക്കപ്പെട്ട മലയോര മേഖലയിലെ കുട്ടികൾക്ക് സാമൂഹികമാനസിക ശാരീരിക പിന്തുണ ഉറപ്പുവരുത്തുകയും അവരുടെ അടിസ്ഥാനശേഷി വികസിപ്പിക്കുകയും ചെയ്യുക.
- കലാ-കായിക-പ്രവൃത്തിപരിചയ പരിശീലനങ്ങൾ ലഭ്യമാക്കുകയും പഠനവിടവുകൾ നികത്തി അക്കാദമിക പിന്തുണ ഉറപ്പാക്കുകയും ചെയ്യുക.

***പ്രവർത്തനങ്ങൾ***

- ജില്ലാതല കൺവർജൻസ് മീറ്റിംഗ്, പി.ഇ.സി. എന്നിവ സംഘടിപ്പിക്കൽ.
- സർവെ ഫോർമാറ്റ് തയ്യാറാക്കലും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കലും. രക്ഷാകർതൃബോധവത്ക്കരണവും ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരണവും സംഘടിപ്പിക്കൽ.
- മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ.
- തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഹോസ്റ്റലിന് സമീപത്തെ സ്കൂളിൽ പ്രവേശനം ഉറപ്പാക്കൽ.
- എഴുത്ത്, വായന, അടിസ്ഥാനശേഷികൾ, എന്നിവ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും, വിലയിരുത്തലും. കലാ-കായിക, പ്രവൃത്തി പരിചയ പരിശീലനം നൽകൽ.
- സാമൂഹിക ഉൾച്ചേരൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി കുട്ടികളിൽ ആത്മവിശ്വാസം വളർത്തൽ.

- കൃത്യമായ ഇടവേളകളിൽ പ്രവർത്തനവിലയിരുത്തലും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യലും.

## 1.2. സ്കൂളുകളുടെ ശാക്തീകരണം (Strengthening of Existing Schools)

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി, ഫലപ്രദമായ പഠന സാഹചര്യം ഉറപ്പുവരുത്തുകയും അതുവഴി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി.

| വിഭാഗം | പ്രവർത്തനങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 190 | 478.84 |
| സെക്കൻഡറി | 113 | 288.15 |



***ലക്ഷ്യങ്ങൾ***

- വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക. ആകർഷകവും ഫലപ്രദവുമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തുക. ഭിന്നശേഷി സൗഹൃദ വിദ്യാലയം സൃഷ്ടിക്കുക.

***പ്രവർത്തനങ്ങൾ***

- കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം നടപ്പിലാക്കൽ.
- പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കുമുള്ള ടോയ്‌ലറ്റ്, റാമ്പ് & റെയിൽസ്, കുടിവെള്ള സൗകര്യം എന്നിവ സജ്ജീകരിക്കൽ.
- സ്കൂളുകളുടെയും ക്ലാസ് മുറികളുടെയും വൈദ്യുതീകരണം, സൗരോർജ പാനലുകൾ സ്ഥാപിക്കൽ.
- സ്കൂളുകളുടെ മേജർ റിപ്പയർ, മഴവെള്ള സംഭരണി നിർമ്മാണം, ചുറ്റുമതിൽ നിർമ്മിക്കൽ.

## 1.3 ട്രാൻസ്പോർട്ട് & എസ്കോർട്ട് (Transport / Escort Facility)

വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം 6 മുതൽ 14 വയസ്സുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. എന്നാൽ പ്രത്യേക ഭൂപ്രകൃതിയുള്ള ചില പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇത്തരം കുട്ടികൾക്ക് വിദ്യാലയ പ്രാപ്യതയ്ക്ക് യാത്രാസൗകര്യം നൽകി സ്കൂളിലെത്തിച്ച് വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ അവരെ എത്തിക്കേണ്ടതുണ്ട്.

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 12317 | 739.02 |
| സെക്കൻഡറി | 2522 | 151.32 |



***ലക്ഷ്യങ്ങൾ***

- പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത വനമേഖലയിലും വിദൂര സ്ഥലങ്ങളിലും താമസിക്കുന്ന എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾക്കും യാത്രാസൗകര്യത്തിന് സാമ്പത്തിക സഹായം നൽകുക.

- ഹാജർനില മെച്ചപ്പെടുത്തുക, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.

***പ്രവർത്തനങ്ങൾ***

- ജില്ലാതല കൺവർജൻസ് സംഘടിപ്പിക്കൽ
- അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന് സർവേ നടത്തൽ.
- പി.ടി.എ/എസ്.എം.സി/ എസ്.എം.ഡി.സി പിന്തുണ നേടൽ.
- യാത്രാസൗകര്യം ഒരുക്കൽ.
- ഹാജർനില ഉറപ്പിക്കലും വിലയിരുത്തൽ നടത്തലും.

## 2. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ് (RTE Entitlements)




വിദ്യാഭ്യാസ അവകാശനിയമപ്രകാരം 6 നും 14 നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു. കേരളം ഏതാണ്ട് പൂർണ്ണ എൻറോൾമെന്റ് കൈവരിച്ചിട്ടുണ്ടെങ്കിലും, തീരദേശ, ആദിവാസി മേഖലകളിൽ ഇപ്പോഴും കൊഴിഞ്ഞുപോക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നു. കുടിയേറ്റ തൊഴിലാളി കുടുംബങ്ങളിലെ ചില വിദ്യാർഥികൾ സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിനും പഠനം പൂർത്തിയാക്കുന്നതിനുമായി സമഗ്ര ശിക്ഷാ കേരളം ആർ.ടി.ഇ. പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.

### 2.1 സൗജന്യ പാഠപുസ്തകം (Free Textook)

വിദ്യാഭ്യാസ അവകാശനിയമം അനുസരിച്ച് നിർബന്ധിതവും സൗജന്യവുമായ പ്രൈമറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യപാഠപുസ്തകം വിതരണം ചെയ്യുന്നുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് ബ്രെയിലി ബുക്ക്, ലാർജ് പ്രിന്റ് ബുക്ക് എന്നിവയും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.




***ലക്ഷ്യങ്ങൾ***

- പഠനനേട്ടങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളിലൊന്നായ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുക.
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.

## 2.2 സൗജന്യ യൂണിഫോം (Free Uniform)

വിദ്യാർഥികളിൽ ഐക്യബോധവും സമാനതയും ഉറപ്പിക്കുന്നതിന് യൂണിഫോം വലിയ പങ്ക് വഹിക്കുന്നു. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികളും പട്ടിക ജാതി- പട്ടികവർഗവിഭാഗത്തിലെ മുഴുവൻ കുട്ടികളും ബി.പി.എൽ വിഭാഗത്തിലെ ആൺകുട്ടികളും സൗജന്യ യൂണിഫോമിന്റെ ഗുണഭോക്താക്കളാണ്.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികൾക്കിടയിൽ സമഭാവന, ഐക്യബോധം, സമാനത എന്നിവ ഉറപ്പാക്കുക.
- കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.

**എലിമെന്ററി**

- **കുട്ടികളുടെ എണ്ണം 748857**
- **അനുവദിച്ച തുക 4493.14**



## 2.3 ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം (Special Training of Out of School Children-OoSC)

വിദ്യാഭ്യാസ അവകാശനിയമം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം അനുശാസിക്കുന്നു. എന്നാൽ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ഭൂമിശാസ്ത്രപരമായ വെല്ലുവിളികൾ കാരണം പല കുട്ടികളും സ്കൂളുകളിൽ ചേരാതെയോ, ചേർന്നിട്ടും പഠനം തുടരാതെയോ നിൽക്കുന്നുണ്ട്. ഇത്തരം കുട്ടികളെ സർവേകളിലൂടെ കണ്ടെത്തി ഗ്രാമപഞ്ചായത്ത്, സമഗ്ര ശിക്ഷാ പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ, സാമൂഹ്യപരിഷ്കർത്താക്കൾ, അങ്കണവാടി, പ്രീപ്രൈമറി അധ്യാപകർ, മറ്റു പ്രമുഖർ തുടങ്ങിയവരുടെ സഹായത്തോടെ സ്കൂളുകളിൽ എത്തിക്കുന്നു.



**എലിമെന്ററി**

- **കുട്ടികളുടെ എണ്ണം 1973**
- **അനുവദിച്ച തുക 118.38**

***ലക്ഷ്യങ്ങൾ***

- 6 മുതൽ 14 വയസ്സു വരെയുള്ള മുഴുവൻ കുട്ടികളെയും വിദ്യാലയത്തിലെത്തിച്ച് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.
- പഞ്ചായത്തുകളുടെ സഹായത്തോടെ സർവേകൾ നടത്തുക.
- പ്രായത്തിനനുസരിച്ച് കുട്ടികളെ അനുയോജ്യമായ ക്ലാസ്സുകളിൽ പ്രവേശിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആസൂത്രണം നടത്തൽ.
- പി.ഇ.സി. ചർച്ച നടത്തി പഞ്ചായത്തുകളുടെ ഇടപെടൽ ഉറപ്പിക്കലും ഫീൽഡ് തല സർവേയും രക്ഷാകർതൃബോധവത്ക്കരണവും, പ്രായത്തിനനുസരിച്ച് അനുയോജ്യമായ ക്ലാസ്സുകളിൽ പ്രവേശിപ്പിക്കലും.
- പഠനവിടവ് നികത്താൻ ബ്രിഡ്ജ് സാമഗ്രികളുടെ നിർമ്മാണവും, പ്രീടെസ്റ്റ് ആസൂത്രണവും നടപ്പിലാക്കലും പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠനബോധന തന്ത്രങ്ങൾ ആവിഷ്ക്കരിക്കലും പൂർത്തീകരണവും.

- വിദ്യാലയത്തിലെ അധ്യാപകർ, സഹപാഠികൾ എന്നിവർക്ക് ബോധവത്ക്കരണവും കോർണർ പി.ടി.എ.കൾ വിളിച്ച് ചേർക്കലും, ഇടവിട്ടുള്ള ഗൃഹസന്ദർശനങ്ങളും, സാമൂഹ്യ ഉൾച്ചേരൽ പരിപാടികളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ.

## 2.4 SCPCR (State Commission for Protection of Child Rights) നുള്ള പിന്തുണ

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കുട്ടികളുടെ പരാതി പരിഹാരത്തിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിനുമായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എല്ലാ എലിമെന്ററി സ്കൂളുകൾക്കും സാമ്പത്തിക സഹായം നൽകുന്നു.

**എലിമെന്ററി**
- **സ്കൂളുകളുടെ എണ്ണം 3473**
- **അനുവദിച്ച തുക 1.74**



## 2.5. കമ്മ്യൂണിറ്റി മൊബിലൈസേഷൻ (Community Mobilization)

വിദ്യാലയം നാടിന്റെ കണ്ണാടിയായി മാറുമ്പോൾ വിദ്യാലയത്തിന്റെ വളർച്ചക്ക് സമൂഹത്തിന്റെ പിന്തുണ അനിവാര്യമെന്നപോലെ സമൂഹത്തിന്റെ വളർച്ചക്ക് വിദ്യാലയം അനിവാര്യമാണ്. സമൂഹത്തിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ആവശ്യങ്ങൾക്കനുസരിച്ച് ഉചിതമായി ഉപയോഗിച്ച് വിദ്യാലയത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനാണ് കമ്മ്യൂണിറ്റി മൊബിലൈസേഷൻ ലക്ഷ്യമിടുന്നത്.



| വിഭാഗം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 52.10 |
| സെക്കൻഡറി | 1248 | 18.72 |



വിദ്യാലയവും സമൂഹവും പാരസ്പര്യത്തോടെ പ്രവർത്തിക്കുവാൻ പങ്കാളിത്തപരവും സുസ്ഥിരവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വ്യക്തികളേയും ഗ്രൂപ്പുകളേയും പ്രാപ്തരാക്കണം. വിദ്യാലയവുമായുള്ള സമൂഹത്തിന്റെ സഹകരണം കുട്ടികൾക്ക് മികച്ച പഠന അവസരങ്ങളും, മൂല്യങ്ങളും, സംസ്കാരങ്ങളും പ്രദാനം ചെയ്യുന്നു. ഈ പ്രവർത്തനങ്ങളിലൂടെ വിദ്യാലയവും സമൂഹവുമായുള്ള ബന്ധം കൂടുതൽ ദൃഢമാകുന്നു.

### 2.5.1. സ്കൂൾ പ്രവേശന പദ്ധതി (എലിമെന്ററി തലം)

സാർവത്രിക പ്രവേശനം, പങ്കാളിത്തം, നിലനിർത്തൽ, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എന്നീ നാല് മേഖലകളിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. എങ്കിലും വിദ്യാഭ്യാസ അവകാശ നിയമം 6 മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് സ്കൂൾ പ്രവേശനം ഉറപ്പാക്കി സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുവാൻ നിഷ്കർഷിക്കുന്നു.

***ലക്ഷ്യങ്ങൾ***

- വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കുക.

- ഗുണമേന്മാവിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷിതാക്കളുടെ ധാരണ വർധിപ്പിക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടവരെയും ഭിന്നശേഷിക്കാരെയും വിദ്യാഭ്യാസ പ്രക്രിയയിൽ ഉൾച്ചേർക്കുക.
- വിദ്യാഭ്യാസപ്രക്രിയയിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.
- സമൂഹത്തേയും വിദ്യാലയത്തേയും ബന്ധിപ്പിക്കുന്നതിന് പ്രവേശനോത്സവം ആകർഷകമാക്കി സംഘടിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്ത കുട്ടികളെ കണ്ടെത്തി പ്രവേശനം ഉറപ്പാക്കൽ.
- പ്രവേശനോത്സവങ്ങൾ സംഘടിപ്പിക്കൽ.
- സ്കൂളിന്റെ മികവുകൾ പ്രദർശിപ്പിക്കുന്നതുവഴി സാമുഹ്യബന്ധം പരിപോഷിപ്പിക്കൽ.

## 2.5.2. പി.ഇ.സി

ഗുണമേന്മയുള്ള വിദ്യാഭ്യാസം യാഥാർഥ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പിന്തുണ അത്യന്താപേക്ഷിതമാണ്. പൊതുവിദ്യാലയങ്ങളിലെ അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റികൾക്ക് ശക്തമായി ഇടപെടാൻ സാധിക്കും.  ആയതിനാൽ മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പി.ഇ.സി.കളെ ശാക്തീകരിക്കേണ്ടതുണ്ട്.

***ലക്ഷ്യങ്ങൾ***

- മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മികവ് ഉറപ്പാക്കുക.
- പൊതുവിദ്യാലയങ്ങളുടെ സമഗ്രമായ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുന്നതിനും പി.ഇ.സി.കളെ ശക്തിപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- മാസത്തിലൊരിക്കൽ പി ഇ സി സംഘടിപ്പിക്കൽ.
- സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങളുടേയും ഓരോ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിലെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളുടേയും റിപ്പോർട്ട് അവതരിപ്പിക്കൽ.

## 2.5.3. എസ്.എം.സി./എസ്.എം.ഡി.സി. പരിശീലനം

## (Training of SMC/SMDC)

വിദ്യാഭ്യാസ അവകാശ നിയമം 2009, എസ്.എം.സി.ക്ക് ഏറെ പ്രധാന്യം നൽകുന്നു. പൊതുവിദ്യാലയങ്ങളുടെ സർവതോമുഖമായ വികാസത്തിന് വിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള SMC/

| വിഭാഗം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 104.19 |
| സെക്കൻഡറി | 1248 | 37.44 |

SMDC, PTA തുടങ്ങിയ സമിതികളിൽ അധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി, വിദഗ്ധർ, വിദ്യാർഥികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലളിൽ നിന്നുള്ളവരെ അംഗങ്ങളായി തിരഞ്ഞെടുക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കൽ, ആരോഗ്യം, പോഷകാഹാരം, അക്കാദമിക മികവ്, വിദ്യാലയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി സർവമേഖലകളിലും സജീവ ഇടപെടലുകൾ നടത്തുക എന്നത് ഈ സമിതിയുടെ ചുമതലയാണ്.

***ലക്ഷ്യങ്ങൾ***

- വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.
- കുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ സംരക്ഷണത്തിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിദ്യാലയങ്ങൾക്ക് പിന്തുണ നൽകുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതലത്തിൽ എസ്.എം.സി./എസ്.എം.ഡി.സി./പി.ടി.എ കളുടെ വാർഷിക പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ മാർഗരേഖ തയ്യാറാക്കൽ.
- സമിതി അംഗങ്ങൾക്കും സ്കൂൾ അധികൃതർക്കും പരിശീലനം നൽകൽ.
- നിശ്ചിത ഇടവേളകളിൽ സമിതികൾ യോഗം ചേരുന്നു എന്ന് ഉറപ്പുവരുത്തൽ.
- സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പ്രതികരണങ്ങൾ ശേഖരിക്കലും വിലയിരുത്തലും നടത്തി തുടർ പ്രവർത്തനം സംഘടിപ്പിക്കൽ.

## 3. ക്വാളിറ്റി ഇന്റർവെൻഷൻസ്



| ക്വാളിറ്റി ഇന്റർവെൻഷൻസ് | |
|---|---|
| എലിമെന്ററി | 20880.63 |
| സെക്കൻഡറി | 3753.96 |
| ആകെ | 24634.59 |

പൊതുവിദ്യാലയങ്ങളുടെ ഗുണത വർധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്. അധ്യാപകശാക്തീകരണം, വിദ്യാലയത്തിന്റെ ഭൗതിക, അക്കാദമിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയിലൂടെ അധ്യാപകരെ പ്രവർത്തന മികവിലേക്ക് നയിക്കാൻ സാധിക്കുന്നു. പാഠ്യപദ്ധതി സമീപനങ്ങളിലും പഠനനേട്ടങ്ങളിലും ഊന്നൽ നൽകിക്കൊണ്ട് പാഠ്യപദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുകയും ആർ ടി ഇ ആക്ട് പ്രകാരമുള്ള വിദ്യാഭ്യാസ ഗുണതയും പ്രാപ്യതയും ഉറപ്പുവരുത്തുന്ന



തിനുള്ള വിവിധതലത്തിലും തരത്തിലുമുള്ള പ്രവർത്തനങ്ങളും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

## 3.1. നൂതനാശയപദ്ധതി

### 3.1.1. Eco Club for Mission Life (എലിമെന്ററി & സെക്കൻഡറി)

നിലവിലെ കാലഘട്ടത്തിൽ പ്രകൃതിയെയും ജൈവവൈവിധ്യത്തേയും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെയും വിദ്യാർഥികളെയും ബോധവാന്മാരാക്കേണ്ടതുണ്ട്. എക്കോ ക്ലബ് ഫോർ മിഷൻ ലൈഫ് എന്ന പരിപാടിയുടെ ഉദ്ദേശ്യം പ്രകൃതിയെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കുക എന്നതാണ്. തുടക്കത്തിൽ പ്രൈമറി വിദ്യാലയങ്ങളിൽ മാത്രമാണ് ഈ പദ്ധതി നടപ്പാക്കിയത്. 2026 –'27-ൽ ഇത് സെക്കന്ററിതലത്തിൽ കൂടി നടപ്പാക്കുകയാണ്.

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 19492 | 1481.14 |
| സെക്കൻഡറി | 6090 | 950.19 |

***ലക്ഷ്യങ്ങൾ***

- പ്രകൃതിസൗഹൃദ പ്രവർത്തനങ്ങളിൽ പഠിതാക്കളെ വ്യാപൃതരാക്കുക.
- പ്രകൃതിയുടെ ജൈവവൈവിധ്യസംരക്ഷണത്തിന് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക.

***പ്രവർത്തനം***

- വിവിധങ്ങളായ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സയൻസ്, സോഷ്യൽ സയൻസ് വിഭാഗം അധ്യാപകരുടെ നേതൃത്വത്തിൽ ക്ലബ്ബുകൾ രൂപീകരിക്കൽ.
- പ്രവർത്തനങ്ങളുടെ മാർഗരേഖ തയ്യാറാക്കൽ - സംസ്ഥാനതലം
- പ്രവർത്തനങ്ങൾ അനുസരിച്ചുള്ള ഹാൻഡ്ബുക്ക് തയ്യാറാക്കുകയും സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യൽ.
- സ്കൂൾതല പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവവൈവിധ്യസംരക്ഷണം - സോഷ്യൽ ഓഡിറ്റിംഗ്.

### 3.1.2. ബി.ആർ.സി.കളിൽ ഐ.സി.ടി. ലാബുകൾ (എലിമെന്ററി)

സമഗ്ര ശിക്ഷാ കേരളത്തിന്റെ എല്ലാ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ ബി.ആർ.സി.കൾ പ്രധാന പങ്ക് വഹിക്കുന്നു. അക്കാദമിക-അക്കാദമികേതര പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും മാത്രമല്ല സ്കൂളുകളിൽ നിന്നുള്ള വിവരശേഖരണത്തിനും വിശകലനത്തിനുമെല്ലാം ബി ആർ സി കളിൽ സാങ്കേതിക സംവിധാനങ്ങളുടെ പിന്തുണ അനിവാര്യമാണ്.

***ലക്ഷ്യങ്ങൾ***

- ബി.ആർ.സി.കളിലെ എല്ലാ പ്രവർത്തനങ്ങൾക്കും സാങ്കേതിക സംവിധാനങ്ങളുടെ പിന്തുണ ഉറപ്പാക്കി പ്രവർത്തനക്ഷമത വർധിപ്പിക്കുക.

***പ്രവർത്തനം***

- ബി.ആർ.സി.കളിൽ ഐ സി ടി ലാബുകൾ സ്ഥാപിക്കൽ.
- സമഗ്ര ശിക്ഷാ കേരളം പ്രവർത്തനങ്ങൾ സാങ്കേതിക മികവോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ ഐ സി ടി ലാബുകൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യൽ.

### 3.1.3. ഉൾച്ചേർക്കൽ കായിക പരിശീലനം (എലിമെന്ററി & സെക്കൻഡറി)

ഉൾച്ചേർക്കൽ വിദ്യാഭ്യാസമേഖലയിൽ ഭിന്നശേഷികുട്ടികളുടെ കായിക പരിശീലനത്തിന് ഏറെ പ്രാധാന്യമുണ്ട്. കായിക പരിശീലനങ്ങൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും സഹായിക്കും. ബി.ആർ.സി തലത്തിൽ പിയർ ഗ്രൂപ്പിലെ കുട്ടികൾക്കൊപ്പം ഭിന്നശേഷിക്കാരായ കുട്ടികൾക്കും വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുകയും പഞ്ചായത്ത് / ബി ആർ സി / ജില്ലാ / സംസ്ഥാനതലങ്ങളിൽ ഇൻക്ലുസീവ് സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

***ലക്ഷ്യങ്ങൾ***

- ഉൾച്ചേർക്കൽ വിദ്യാഭ്യാസമേഖലയിൽ കായിക വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്.
- ഓരോ കുട്ടിയുടെയും താൽപര്യവും ശാരീരികശേഷിയും അനുസരിച്ച് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നതിന്.

***പ്രവർത്തനങ്ങൾ***

- ഇൻക്ലൂസീവ് സ്പോർസിൽ പങ്കെടുക്കുന്ന കുട്ടികളുടെ തിരഞ്ഞെടുപ്പ് സബ്ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നു.
- കായിക ഇനം കണ്ടെത്തി കായികാധ്യാപകരുടെ സഹായത്തോടെ പിയർ ഗ്രൂപ്പിലെ കുട്ടികൾക്കൊപ്പം ഭിന്നശേഷി കുട്ടികൾക്ക് പരിശീലനം നൽകൽ.
- ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ബി.ആർ.സി തലത്തിൽ വാങ്ങൽ.
- ജില്ല/ ബി.ആർ.സി തലങ്ങളിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി (ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി, സാമൂഹ്യക്ഷേമം) കൺവർജൻസ് യോഗങ്ങൾ.
- ബി.ആർ.സി, ജില്ലാ, സംസ്ഥാനതലങ്ങളിൽ ഇൻക്ല്യൂസീവ് സ്പോർട്സ് മീറ്റ് സംഘടിപ്പിക്കൽ.

### 3.1.4. Aspiration Innovative Programmes (Elementary)

### ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം

കേരളത്തിലെ വിവിധ ജില്ലകളിലെ 9 ബ്ലോക്കുകളിലായി സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥി വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാം.

***ലക്ഷ്യങ്ങൾ***

- സംസ്ഥാനത്തെ പിന്നാക്ക ബ്ലോക്കുകളുടെ വികസനം ഉറപ്പാക്കൽ.
- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
- ആരോഗ്യം, വിദ്യാഭ്യാസം, കൃഷി തുടങ്ങിയ മേഖലകളിൽ പുരോഗതി കൊണ്ടുവരൽ.

*പ്രവർത്തനങ്ങൾ*

1. **കൾട്ടിവേറ്റിംഗ് കരിയേഴ്സ്** (Cultivating Careers) – **കൊല്ലങ്കോട്**

   ഫലഭൂയിഷ്ഠമായ മണ്ണും കാർഷിക അടിത്തറയുമുള്ള പ്രദേശമാണെങ്കിലും ആധുനിക അഗ്രി-ടെക് (Agri-tech) നൈപുണ്യങ്ങൾ ഇല്ലാത്തതിനാൽ തൊഴിലില്ലായ്മയിലേക്കോ കുടിയേറ്റത്തിലേക്കോ യുവതലമുറ തള്ളപ്പെടുന്നു. ഈ സാഹചര്യത്തിൽ, യുവാക്കളെ ആധുനിക കാർഷിക നൈപുണികൾ നൽകി ശാക്തീകരിക്കുന്നതിനും, കൃഷിയിൽ നൂതനാശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'കർഷക കരിയറുകൾ വളർത്താം യുവജന നൈപുണ്യങ്ങളെ കാർഷിക നൂതനാശയങ്ങളുമായി കോർത്തിണക്കാം' (Cultivating Careers Realigning Youth Skills with Farming Innovation) എന്നൊരു പരിപാടി എസ് എസ് കെ നിഷ്കർഷിക്കുന്നു.

2. **എക്താ ഭാഷ – ഭാഷയിലൂടെ ഏകത്വം** ( Ekta Bhasha - Unity through Language) – **അട്ടപ്പാടി**

   മലയാളം ബോധനമാധ്യമമായതിനെത്തുടർന്ന് പ്രയാസമനുഭവിക്കുന്ന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ (ഇരുള, മുഡുക, കുറുമ്പ) ഭാഷാപരമായ പൊരുത്തക്കേട് പരിഹരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗോത്ര ബന്ധുക്കളുടെയും ദ്വിഭാഷാ അധ്യാപന സാമഗ്രികളുടെയും സാമൂഹിക പങ്കാളിത്തത്തിന്റെയും സംയോജിത ശ്രമങ്ങളിലൂടെ, ഈ പദ്ധതി ഗോത്രവർഗ വിദ്യാർഥികളെ അക്കാദമികമായി മികച്ച നിലവാരത്തിലെ വിദ്യാഭ്യാസത്തിൽ എല്ലാവിഭാഗത്തിലുള്ള കുട്ടികളേയും ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു.

3. **റൈസിംഗ് റൂട്ട്സ്: ട്രൈബൽ ചിൽഡ്രൻ എംപവർമെന്റ് പ്രോഗ്രാം** (Rising Roots: Tribal Children Empowerment Programme) – **സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി & പനമരം**

   സമഗ്ര ശിക്ഷാ കേരത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന റൈസിംഗ് റൂട്സ് (rising roots) എന്നത്, വയനാടിലെ ആസ്പിറേഷണൽ ബ്ലോക്കുകളായ സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി, പനമരം എന്നിവിടങ്ങളിലെ ആദി വാസി കുട്ടികൾ നേരിടുന്ന സങ്കീർണ്ണമായ വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പ ത്തിക വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്ത സമ ഗ്രമായ ഒരു സാമൂഹിക-വിദ്യാഭ്യാസ പദ്ധതിയാണ് – റൈസിംഗ് റൂട്സ് .

   പാർശ്വവൽക്കരണം, ഭാഷാപരമായ തടസ്സങ്ങൾ, പ്രകൃതി ദുരന്തങ്ങൾ കാരണ മുള്ള സംഘർഷങ്ങൾ, കാർഷികമേഖലയിലെ ബാലവേലമൂലം വർധിച്ചുവരുന്ന കൊഴിഞ്ഞുപോക്ക് എന്നിവയെ പ്രതിരോധിക്കുന്നതിനായി ഈ പദ്ധതി സമൂ ഹാധിഷ്ഠിതമായ ഒരു സമഗ്ര പിന്തുണ സംവിധാനം ഉറപ്പാക്കുന്നു.

   ആദിവാസി ഊരുകളിൽ നേരിട്ട് സായാഹ്ന പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക, കായി കം, സംഗീതം, കലകൾ എന്നിവ പഠനത്തിന്റെ ഭാഗമാക്കുക, കമ്മ്യൂണിറ്റി റോൾ മോഡലുകളിലൂടെയുള്ള മെന്റർഷിപ്പ് നൽകുക. സാംസ്കാരികമായി അനുയോ ജ്യമായ രീതിയിൽ അധ്യാപകർക്ക് പരിശീലനം നൽകുക, കുട്ടികൾക്ക് യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയെല്ലാം ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

4. **അംഗൻ വികാസ്** (Aangan - Vikas Initiative) – **പരപ്പ**

   കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള ജില്ലയിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്കിലെ 16 സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിൽ 4 എണ്ണത്തിന് മാത്രമേ ഔദ്യോഗിക അംഗീകാരമുള്ളൂ. ബ്ലോക്കിലെ ഉൾനാടൻ വനമേഖലയിൽ തടസ്സമില്ലാത്ത വൈദ്യുതിയുടെ അഭാവവും മോശം നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയും

കാരണം കുട്ടികൾ ഡിജിറ്റൽ വിഭജനം നേരിടുകയും ശൈശവകാല വിദ്യാഭ്യാസത്തിലെ ഘടനാപരമായ അസമത്വങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ആധുനിക അധ്യാപന കിറ്റുകൾ, വിശ്വസനീയമായ സൗകര്യങ്ങൾ, തുടക്കം മുതലേയുള്ള അഡ്മിനിസ്ട്രേറ്റീവ് പിന്തുണ തുടങ്ങിയവയിലൂടെ ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

5. **മൺസൂൺ-റെസിലിയന്റ് എഡ്യൂക്കേഷൻ (Monsoon -Resilient Education) – ദേവികുളം, അഴുത**

   മണ്ണിടിച്ചിലിനും കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുള്ള തടസ്സങ്ങൾക്കും ഏറെ സാധ്യതയുള്ള തേയിലത്തോട്ട ലയങ്ങളിൽ പഠനം സംരക്ഷിക്കുന്നതിനായാണ് ഈ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. സുരക്ഷിതമായ സാറ്റലൈറ്റ് ക്ലാസ് മുറികൾ ഒരുക്കി പഠനം നടത്തുകയും അതിന്റെ ഫലമായി ഹാജർ നില മെച്ചപ്പെടുകയും ചെയ്യുന്നു. സോളാർ അധിഷ്ഠിത കിറ്റുകളും ഓഫ്‌ലൈൻ ഡിജിറ്റൽ വിഭവങ്ങളും കണക്റ്റിവിറ്റി വിടവുകൾ പരിഹരിക്കുന്നു.

### 3.1.5. ട്രൈബൽ എജ്യുക്കേഷൻ മാനേജ്മെന്റ് സിസ്റ്റം (TEMS) (എലിമെന്ററി)

വയനാട് ജില്ലയിലെ ആദിവാസി വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് ട്രൈബൽ എജ്യുക്കേഷൻ മാനേജ്മെന്റ് സിസ്റ്റം (TEMS).

വിദ്യാർഥി, അധ്യാപകൻ, രക്ഷിതാവ്, പ്രാദേശിക സമൂഹം, ഭരണസംവിധാനം എന്നിവയെ ഒരുമിപ്പിച്ചുകൊണ്ടുള്ള സമഗ്ര വിദ്യാഭ്യാസ പിന്തുണാ സംവിധാനമാണ് TEMS. ഡിജിറ്റൽ സാങ്കേതികവിദ്യ, തൊഴിൽനൈപുണി വികസനം, രക്ഷാകർതൃ ശാക്തീകരണം എന്നിവയെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാർഥികളുടെ സ്ഥിരമായ വിദ്യാലയ ഹാജർ ഉറപ്പാക്കുക, ഭാവി തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്ന നൈപുണികൾ വികസിപ്പിക്കുക, രക്ഷിതാക്കളെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

പദ്ധതിയുടെ മൂന്ന് പ്രധാന ഉപപരിപാടികൾ:

1. ഡിജിറ്റൽ ഹാജർ നിരീക്ഷണ സംവിധാനം (Digital Attendance Monitoring System)
2. നൈപുണി വികസന പരിപാടി (Skilling Programme)
3. സ്മാർട്ട് പേരന്റ് (SMART Parent)

#### 3.1.5.1. ഡിജിറ്റൽ ഹാജർ നിരീക്ഷണ സംവിധാനം (Digital Attendance Monitoring System)

ആദിവാസി വിദ്യാർഥികളുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുകയും, ഹാജർക്കുറവുണ്ടാകുന്ന സാഹചര്യങ്ങളിൽ ഉടൻ ഇടപെടൽ ഉറപ്പാക്കുകയും ചെയ്യുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന സംവിധാനമാണിത്. ഇതുവഴി വിദ്യാർഥികളുടെ ഹാജർ ഉറപ്പിക്കലും കൊഴിഞ്ഞുപോക്ക് ഒഴിവാക്കലും സാധിക്കുന്നു.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികളുടെ ഹാജർ തത്സമയം രേഖപ്പെടുത്തുകയും നിരീക്ഷിക്കുകയും ചെയ്യുക.

- ഹാജരാകാത്ത വിദ്യാർഥികൾക്ക് തുടർ നടപടികൾ സ്വീകരിക്കുക.
- കൊഴിഞ്ഞു പോകുന്നതിനുള്ള പ്രവണത നേരത്തേ കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുക.
- കൃത്യമായ ഹാജർ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആസൂത്രണം മെച്ചപ്പെടുത്തുക.
- വിദ്യാലയം, രക്ഷിതാക്കൾ, പ്രാദേശിക ഭരണസംവിധാനം എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല - ഓൺലൈൻ ഹാജർ സംവിധാനം ഒരുക്കൽ.
- അധ്യാപകപരിശീലനം - സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ.
- ഡിജിറ്റൽ ഹാജർ രേഖപ്പെടുത്തൽ - അധ്യാപകർ ദിവസേന ഓൺലൈൻ ഹാജർ രേഖപ്പെടുത്തൽ.
- ഹാജരാകാത്ത വിദ്യാർഥികളുടെ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും TEMS സംഘത്തിനും കൈമാറലും തൽസമയവിവരങ്ങൾ അധികാരികൾക്കും രക്ഷിതാക്കൾക്കും അറിയിപ്പ് നൽകലും.
- ഹാജർ പ്രവണതകൾ വിശകലനം ചെയ്ത് അപകടസാധ്യതയുള്ള വിദ്യാർഥികളെ കണ്ടെത്തൽ.
- മാസാവസാനം - വിദ്യാലയതലത്തിലും ജില്ലാതലത്തിലും ഹാജർ അവലോകനവും തുടർ പ്രവർത്തനങ്ങളും.

### 3.1.5.2. നൈപുണി വികസന പരിപാടി (Special Skill Oriented Learning)

വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽനൈപുണികളും സംരംഭകത്വ മനോഭാവവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപകൽപ്പന ചെയ്തിരിക്കുന്ന പരിപാടിയാണിത്. ഏഴ്, എട്ട് ക്ലാസുകളിലെ ആദിവാസി വിദ്യാർഥികൾക്കായി അവധിക്കാലത്ത് ബാഗ് രഹിത (Bag-free), തൊഴിൽ സംയോജിത (Work-integrated) പഠനരീതിയിലൂടെ വിവിധ മേഖലകളിൽ പ്രായോഗിക പരിശീലനം നൽകുന്നു.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികൾക്ക് വിവിധ തൊഴിൽനൈപുണികളിൽ പ്രായോഗിക പരിശീലനം നൽകുക.
- തൊഴിൽ സംയോജിത പഠനത്തിലൂടെ ഭാവി തൊഴിൽ സാധ്യതകൾ വർധിപ്പിക്കുക.
- സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക.
- ജീവിതനൈപുണികൾ പരിപോഷിപ്പിക്കുക, സാമ്പത്തിക സാക്ഷരതയും വികസിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാലയും മൊഡ്യൂൾ തയ്യാറാക്കലും.
- അധ്യാപകപരിശീലനം - സംസ്ഥാനം, ജില്ല, ബ്ലോക്ക് തലങ്ങളിൽ
- അവധിക്കാലത്ത് അഞ്ച് ദിവസത്തെ നൈപുണി ശില്പശാല.
- കരകൗശല പരിശീലനം - മുള ഉൽപ്പന്നങ്ങൾ, നെയ്ത്ത്, കരകൗശല നിർമ്മാണം തുടങ്ങിയവ.

- കാർഷിക പരിശീലനം - ജൈവകൃഷി, കൂൺകൃഷി, അടുക്കളത്തോട്ടം എന്നിവ.
- ഡിജിറ്റൽ നൈപുണി പരിശീലനം - കമ്പ്യൂട്ടർ പരിജ്ഞാനം, ഡിജിറ്റൽ സേവനങ്ങൾ, ഓൺലൈൻ ആശയവിനിമയം.
- സാങ്കേതിക നൈപുണി പരിശീലനം - പ്ലംബിംഗ്, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി, അടിസ്ഥാന മെക്കാനിക്കൽ പരിശീലനം.
- സംരംഭകത്വവും സാമ്പത്തിക സാക്ഷരതയും - ചെറുകിട സംരംഭങ്ങൾ, ധനകാര്യ ആസൂത്രണം, വിപണന പരിജ്ഞാനം.
- പ്രദർശനവും സർട്ടിഫിക്കേഷനും - പരിശീലനഫലങ്ങളുടെ പ്രദർശനവും സർട്ടിഫിക്കറ്റ് വിതരണവും.

### 3.1.5.3. സ്മാർട്ട് പേരന്റ് (SMART PARENT)

വിദ്യാർഥികളുടെ പഠനവിജയത്തിൽ രക്ഷിതാക്കളുടെ പങ്ക് ശക്തിപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടിയാണ് SMART Parent. ആദിവാസി കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തിലും വ്യക്തിത്വവികസനത്തിലും ഫലപ്രദമായി ഇടപെടുന്നതിനുള്ള അവബോധവും മാർഗനിർദേശവും ഈ പരിപാടിയിലൂടെ നൽകുന്നു.

***ലക്ഷ്യങ്ങൾ***

- കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.
- വീട്ടിൽ പഠനാനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണം നൽകുക.
- വിദ്യാലയവും കുടുംബവും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക.
- ലഹരി ഉപയോഗം ഉൾപ്പെടെയുള്ള സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ആശയവിനിമയവും ബന്ധവും മെച്ചപ്പെടുത്തുക.
- കുട്ടികളുടെ സമഗ്രവികസനത്തിൽ കുടുംബത്തിന്റെ ഉത്തരവാദിത്തം ശക്തിപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- രക്ഷാകർതൃ ബോധവൽക്കരണ ക്ലാസുകൾ - വിദ്യാലയങ്ങളിലും ആദിവാസി കോളനികളിലും പരിശീലന പരിപാടികൾ.
- പഠനസൗഹൃദ കുടുംബാന്തരീക്ഷം - വീട്ടിലെ പഠനസൗകര്യങ്ങളെക്കുറിച്ചുള്ള മാർഗനിർദേശം.
- കുടുംബ വിദ്യാലയ സംവാദം - അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള സംവാദങ്ങളും കൗൺസിലിംഗും.
- ലഹരിവിരുദ്ധ ബോധവൽക്കരണം - ലഹരി ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ചുള്ള പരിശീലനം.
- രക്ഷാകർതൃ പങ്കാളിത്ത പ്രവർത്തനങ്ങൾ - വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കൽ.
- പ്രോത്സാഹന സഹായം - പരിശീലനത്തിൽ പങ്കെടുക്കുന്ന രക്ഷിതാക്കൾക്ക് വേതന നഷ്ടപരിഹാരം (Compensation) നൽകൽ.

### 3.1.6. ഉൾക്കാടുകളിലെ ഗോത്രവർഗക്കാർക്കു വേണ്ടിയുള്ള പ്രത്യേക പ്രവർത്തനപാക്കേജ് (ചോലനായ്കർ)

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഉൾക്കാടുകളിൽ വസിക്കുന്ന ഗോത്രവിഭാഗമാണ് ചോലനായ്കർ. ആ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി തയ്യാറാക്കിയ പ്രത്യേക പ്രവർത്തന പാക്കേജാണിത്. വിവിധ ഊരുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നതിനായി സഞ്ചരിക്കുന്ന വിദ്യാവോളണ്ടിയറുടെ സേവനം ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു.

***ലക്ഷ്യങ്ങൾ***

- ചോലനായ്കർ ഗോത്രവിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- കുട്ടികളിൽ നിലനിൽക്കുന്ന പഠനവെല്ലുവിളികൾ തിരിച്ചറിഞ്ഞ് പരിഹരിക്കുക.
- സാമൂഹിക അസമത്വം ഇല്ലാതാക്കുക.

***പ്രവർത്തനം***

- പ്രവർത്തനപാക്കേജ് തയ്യാറാക്കൽ - സംസ്ഥാനതലം.
- വിദ്യാവോളണ്ടിയറുടെ പരിശീലനം സംഘടിപ്പിക്കൽ.
- മോണിറ്ററിംഗ്.

### 3.1.7. ബീച്ച് ടു ബെഞ്ച്

"ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും" എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാ കുട്ടികളിലും ഒരു പോലെ വിദ്യാഭ്യാസം പ്രാപ്യമാകേണ്ടതുണ്ട്. മലയോര മേഖലയിലും തീരദേശത്തും ഉൾപ്പെടുന്ന കുട്ടി പലപ്പോഴും പഠനനേട്ടങ്ങൾ കൈവരിക്കുന്നില്ല. അത്തരം കുട്ടികളെ കൂടി മുഖ്യധാരയിൽ എത്തിക്കേണ്ടത് അനിവാര്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന തീരദേശ സംരക്ഷണ കോർപ്പറേഷൻ, ഫിഷറിസ് വകുപ്പ്, തീരദേശത്തെ പ്രാദേശികർ, NGOs, മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെ തീരദേശമേഖലയിലെ കുട്ടികളുടെ പഠനവെല്ലുവിളികൾ കണ്ടെത്തുന്നതിനും അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പാക്കുന്ന പദ്ധതിയാണിത്. കഴിഞ്ഞ വർഷം ആരംഭിച്ച 2 കേന്ദ്രങ്ങളിൽ അവ മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം പുതിയതായി 7 കേന്ദ്രങ്ങളിൽകൂടി ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

***ലക്ഷ്യങ്ങൾ***

- തീരദേശമേഖലയിൽ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ പിന്തുണയ്ക്കുന്നതിന്.
- തീരദേശമേഖലയിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന്.
- കഴിഞ്ഞവർഷം ആരംഭിച്ച കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- സംസ്ഥാന ആശയ രൂപീകരണ ശില്പശാലയും മോഡ്യൂൾ തയ്യാറാക്കലും
- അധ്യാപക പരിശീലനം- സംസ്ഥാനം, ജില്ല, ബി.ആർ.സി തലങ്ങളിൽ
- വിവിധ സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട പഠന പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യൽ.

### 3.1.8. ഞാൻ സ്മാർട്ട് ആണോ? (എലിമെന്ററി)

### എലിമെന്ററി വിദ്യാർഥികൾക്ക് വേണ്ടിയുള്ള സ്മാർട്ട് കോർണർ

പൊതുവിദ്യാലയങ്ങളിലെ എലിമെന്ററി വിദ്യാർഥികൾ വളരെയധികം സർഗശേഷികളുള്ളവരാണ്. പ്രൈമറിതലങ്ങളിൽ നിന്നുതന്നെ ആത്മവിശ്വാസത്തോടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഒട്ടുമിക്ക വിദ്യാർഥികളും ആത്മവിശ്വാസക്കുറവ് നേരിടുന്നു. എലിമെന്ററി വിദ്യാർഥികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിനായി സ്കൂളിൽ ഒരു നിലക്കണ്ണാടി സ്ഥാപിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്കൂളുകളിൽ സ്ഥാപിക്കുന്ന ഇത്തരം കണ്ണാടികൾ കുട്ടികളുടെ സമ്പൂർണ്ണ വളർച്ചയ്ക്ക് കരുത്തു പകരുകയും സ്വയം വിലയിരുത്തുന്നതിനും ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും സഹായിക്കുകയും ചെയ്യുന്നു.

***ലക്ഷ്യങ്ങൾ***

- എലിമെന്ററി വിഭാഗം കുട്ടികളുടെ ആത്മവിശ്വാസം വളർത്തുക.
- ഭാഷാ പ്രാവീണ്യം സ്വയം തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുക.
- സമ്പൂർണ്ണ വ്യക്തി വികാസത്തിന് സാധ്യമാക്കുക.

***പ്രവർത്തനം***

- മാർഗരേഖ തയ്യാറാക്കൽ - സംസ്ഥാനതലം
- അധ്യാപക പരിശീലനം (സംസ്ഥാന, ജില്ല, ബി.ആർ.സി. തലം)
- കണ്ണാടിയും അനുബന്ധ സാമഗ്രികളും എലിമെന്ററി സ്കൂളുകളിൽ സജ്ജീകരിക്കൽ.
- കുട്ടികളുടെ പ്രകടനപരത - മൂല്യനിർണ്ണയം

### 3.1.9. കാഴ്ച ജീവിതനൈപുണി അധിഷ്ഠിത നാടക ശില്പശാലകൾ (എലിമെന്ററി)

കാഴ്ച പദ്ധതി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF 2023) മുന്നോട്ടുവയ്ക്കുന്ന അനുഭവാധിഷ്ഠിത പഠനം, സാമൂഹിക-വൈകാരിക പഠനം, വിദ്യാർഥികേന്ദ്രീകൃത പഠനം, ജീവിതനൈപുണി വികസനം എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ടതാണ്. കലയും വിദ്യാഭ്യാസവും സമന്വയിപ്പിച്ച് വിദ്യാർഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതി, ഉത്തരവാദിത്തമുള്ളതും ആത്മവിശ്വാസമുള്ളതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ ഒരു പുതിയ തലമുറയെ വളർത്തിയെടുക്കുന്നതിനുള്ള ഒരു സംരംഭമാണ്.

ക്ലാസ് 6 മുതൽ 8 വരെയുള്ള വിദ്യാർഥികൾക്ക് ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ചുള്ള അഭിനയപരിശീലനം, റോൾ പ്ലേ, കഥപറച്ചിൽ, നാടകാവിഷ്കാരം, ചർച്ചകൾ, സംഘപ്രവർത്തനങ്ങൾ എന്നിവയിലൂടെ സ്വയം പ്രകടിപ്പിക്കാനും മറ്റുള്ളവരെ മനസ്സിലാക്കാനും അവസരം ലഭിക്കുന്നു. സഹാനുഭൂതി, ലിംഗസമത്വം, പരിസ്ഥിതി സംരക്ഷണം, മാനസികാരോഗ്യം, സാമൂഹിക ഉത്തരവാദിത്തം, ഡിജിറ്റൽ പൗരത്വം, ജനാധിപത്യ മൂല്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ നാടകാവിഷ്കാരങ്ങളിലൂടെ അനുഭവാധിഷ്ഠിതമായി പഠിക്കാൻ ഈ പരിപാടി സഹായിക്കുന്നു.

***ലക്ഷ്യങ്ങൾ***

- സർഗാത്മകത, ഭാവനാശേഷി, വിമർശനാത്മക ചിന്ത, കലാപരമായ ആവിഷ്കാരശേഷി എന്നിവ പരിപോഷിപ്പിക്കുക.
- നേതൃത്വഗുണം, സംഘബോധം, സഹകരണം, ഉത്തരവാദിത്തബോധം എന്നിവ വളർത്തിയെടുക്കുക.
- വിദ്യാർഥികളിൽ ആത്മവിശ്വാസവും ആത്മാഭിമാനവും വർധിപ്പിച്ച് അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും വ്യക്തമായി പ്രകടിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണവും മൊഡ്യൂൾ തയ്യാറാക്കലും
- പരിശീലകരുടെ ഓറിയന്റേഷൻ - സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലം
- ജില്ലാതല ഏഴുദിവസത്തെ നാടക ശില്പശാല - പ്രാദേശിക നാടകവിദഗ്ധരുടെയും കലാകാരന്മാരുടെയും നേതൃത്വത്തിൽ 6 മുതൽ 8 ക്ലാസുകളിലെ വിദ്യാർഥികൾക്കായി ഏഴുദിവസത്തെ തീവ്രപരിശീലനം സംഘടിപ്പിക്കൽ.
- പരിസ്ഥിതി സംരക്ഷണം, ലിംഗസമത്വം, ഡിജിറ്റൽ സുരക്ഷ, ശുചിത്വം, മാനവിക മൂല്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർഥികൾ സ്വയം നാടകങ്ങൾ തയ്യാറാക്കി വിദ്യാലയ, ഉപജില്ല, ജില്ലാതല വേദികളിൽ അവതരിപ്പിക്കൽ.
- മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർഥികൾക്ക് അംഗീകാരം നൽകൽ.

### 3.1.10. സെലസ്റ്റിയൽ ഹൊറൈസൺസ് (Celestial Horizons) (എലിമെന്ററി)

സ്റ്റെല്ലേറിയം ഉപയോഗിച്ച് സാമൂഹ്യശാസ്ത്ര (ഭൂമിശാസ്ത്ര) പഠനം സമ്പുഷ്ടമാക്കൽ

ക്ലാസ് 6 മുതൽ 8 വരെയുള്ള വിദ്യാർഥികൾക്ക് ആകാശഗോളവുമായി ബന്ധപ്പെട്ട ആശയങ്ങൾ അനുഭവാധിഷ്ഠിതമായി പഠിക്കാൻ സഹായിക്കുന്ന ഡിജിറ്റൽ പഠന നൂതന വിദ്യാഭ്യാസ പദ്ധതിയാണ് സെലസ്റ്റിയൽ ഹൊറൈസൺസ് (Celestial Horizons).

ഭൂമിയുടെ സ്ഥാനം, ഭൂമിയുടെ ഭ്രമണവും പരിക്രമണവും, ഋതുക്കളുടെ രൂപീകരണം, അക്ഷാംശ-രേഖാംശങ്ങൾ, സമയമേഖലകൾ, സൗരയൂഥം തുടങ്ങിയ ആശയങ്ങൾ പലപ്പോഴും വിദ്യാർഥികൾക്ക് സങ്കൽപ്പിക്കാൻ പ്രയാസമാണ്. സ്റ്റെല്ലേറിയം (Stellarium) എന്ന ഓപ്പൺ സോഴ്സ് വെർച്വൽ പ്ലാനറ്റേറിയം ഉപയോഗിച്ച് ആകാശഗോളത്തെ യഥാർഥ രൂപത്തിൽ നിരീക്ഷിക്കാനും സമയവും സ്ഥലവും മാറ്റി ആകാശവസ്തുക്കളുടെ ചലനം മനസ്സിലാക്കാനും ഈ പദ്ധതി അവസരമൊരുക്കുന്നു.

***ലക്ഷ്യങ്ങൾ***

- ഭൂമിശാസ്ത്രത്തിലെ സൗരയൂഥം, ഭൂമിയുടെ ചലനങ്ങൾ, അക്ഷാംശ-രേഖാംശങ്ങൾ, സമയമേഖലകൾ തുടങ്ങിയ ആശയങ്ങൾ അനുഭവാധിഷ്ഠിതമായി പഠിക്കാൻ അവസരമൊരുക്കുക.
- ശാസ്ത്രീയ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനും ജ്യോതിശാസ്ത്ര വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ഡിജിറ്റൽ നൈപുണി വികസിപ്പിക്കുക.
- വിവിധ സംസ്കാരങ്ങളിലെ ആകാശഗോള സങ്കൽപ്പങ്ങൾ (Sky Lore) പരിചയപ്പെടുത്തി ചരിത്രവും സംസ്കാരവും ശാസ്ത്രവുമായി ബന്ധിപ്പിക്കുക.
- വിദ്യാർഥികളിൽ നിരീക്ഷണശേഷി, ശാസ്ത്രീയ അന്വേഷണ മനോഭാവം, വിമർശനാത്മക ചിന്ത എന്നിവ വളർത്തുക.

- ബഹിരാകാശ പര്യവേക്ഷണത്തിന്റെ പ്രാധാന്യവും അതിലെ വെല്ലുവിളികളും മനസ്സിലാക്കാൻ സഹായിക്കുക.
- ഭൂമിശാസ്ത്ര പഠനത്തോടുള്ള താൽപര്യവും ക്ലാസ് മുറിയിലെ പഠനാനുഭവവും കൂടുതൽ ആകർഷകമാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല സംഘടിപ്പിച്ച് പദ്ധതി മാർഗരേഖ തയ്യാറാക്കൽ.
- സാമൂഹ്യശാസ്ത്ര, ഐ.ടി. അധ്യാപകർക്ക് സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകൽ.
- വിദ്യാലയങ്ങളിൽ വെർച്വൽ ഒബ്സർവേറ്ററി (Virtual Observatory) സജ്ജീകരിക്കൽ.
- ഓരോ വിദ്യാലയത്തിലും സ്പേസ് അംബാസഡർമാരെ (Space Ambassadors) തിരഞ്ഞെടുക്കുകയും പരിശീലനം സംഘടിപ്പിക്കലും.
- ബി.ആർ.സി. തലത്തിൽ 'സ്റ്റെല്ലാർ എക്സ്പ്ലോറർ' (Stellar Explorer) ശില്പശാല സംഘടിപ്പിക്കൽ.
- വിദ്യാർഥികൾക്ക് ആകാശനിരീക്ഷണ പ്രവർത്തനങ്ങൾ, ഡിജിറ്റൽ സ്കൈ മാപ്പിംഗ്, പ്രോജക്ട് പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
- അധ്യാപക സഹായ ശൃംഖല (Digital Help Desk/Forum) രൂപീകരിച്ച് പാഠ്യപദ്ധതികളും പഠനവിഭവങ്ങളും പങ്കുവയ്ക്കൽ.

### 3.1.11. കാലാവസ്ഥാ കൗൺസിലർമാർ (Climate Counselors) (എലിമെന്ററി)

വിദ്യാലയ അധിഷ്ഠിത കാലാവസ്ഥാ നിരീക്ഷണവും പരിസ്ഥിതി പ്രവർത്തന പരിപാടിയും

ക്ലാസ് 6 മുതൽ 8 വരെയുള്ള വിദ്യാർഥികളിൽ കാലാവസ്ഥാ സാക്ഷരത, ശാസ്ത്രീയ മനോഭാവം, പരിസ്ഥിതി ഉത്തരവാദിത്തം, സുസ്ഥിര ജീവിതശൈലി എന്നിവ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ സമഗ്ര ശിക്ഷാ കേരള സ്ഥാപിച്ചിട്ടുള്ള സ്കൂൾ വെതർ സ്റ്റേഷനുകൾ (School Weather Stations) പ്രയോജനപ്പെടുത്തികൊണ്ട്. മഴ, താപനില, ഈർപ്പം, കാറ്റിന്റെ ദിശ, കാലാവസ്ഥാ മാറ്റങ്ങളുടെ സൂചനകൾ നേരിട്ടുള്ള നിരീക്ഷണത്തിലൂടെ പഠിക്കുന്നതിനും ക്ലാസ് മുറിയിലെ ശാസ്ത്രീയ അറിവ് യഥാർഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കപ്പെടുന്നതിനും ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് സാധിക്കുന്നു.

സെക്കൻഡറി വിദ്യാർഥികളെ കാലാവസ്ഥാ മെന്റർമാരായി (Climate Mentors) നിയോഗിച്ച് പ്രാഥമികതലത്തിലെ വിദ്യാർഥികൾക്ക് മാർഗനിർദേശം നൽകുന്ന Peer Learning മാതൃകയും ഈ പദ്ധതിയുടെ പ്രധാന സവിശേഷതയാണ്.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികളിൽ കാലാവസ്ഥാ സാക്ഷരതയും പരിസ്ഥിതി അവബോധവും വികസിപ്പിച്ച് ശാസ്ത്രീയ നിരീക്ഷണം, വിവരശേഖരണം, ഡാറ്റാ വിശകലനം എന്നിവയിലുള്ള നൈപുണികൾ വളർത്തുക.

- പ്രാദേശിക കാലാവസ്ഥാ വ്യതിയാനങ്ങളും കാലാവസ്ഥാ മാറ്റത്തിന്റെ സൂചനകളും മനസ്സിലാക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക.
- പരിസ്ഥിതി സംരക്ഷണത്തോടുള്ള ഉത്തരവാദിത്തബോധവും സുസ്ഥിര ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുകയും യുവപരിസ്ഥിതി പ്രവർത്തകരെ വളർത്തിയെടുക്കുകയും ചെയ്യുക.

***പ്രവർത്തനങ്ങൾ***

- ഓരോ വിദ്യാലയത്തിലും കാലാവസ്ഥാ കൗൺസിലർ ടീമുകൾ (Climate Counselor Teams) രൂപീകരിക്കൽ.
- സ്കൂൾ വെതർ സ്റ്റേഷനുകളും ലളിതമായ കാലാവസ്ഥാ ഉപകരണങ്ങളും ഉപയോഗിച്ച് ദൈനംദിന കാലാവസ്ഥാ നിരീക്ഷണം നടത്തൽ.
- വിദ്യാർഥികൾ കാലാവസ്ഥാ ഡയറി (Climate Diary) തയ്യാറാക്കി കാലാവസ്ഥാ വിവരങ്ങൾ രേഖപ്പെടുത്തി വിശകലനം ചെയ്യുകയും ഡിജിറ്റൽ അവതരണങ്ങൾ, റിപ്പോർട്ടുകൾ, ചാർട്ടുകൾ ഇവ തയ്യാറാക്കുക.
- മാസാന്ത കാലാവസ്ഥാ അവലോകനവും ഡാറ്റാ ഏകീകരണവും നടത്തി പ്രവണതകൾ വിലയിരുത്തുക.
- സെക്കൻഡറി വിദ്യാർഥികളെ കാലാവസ്ഥാ മെന്റർമാരായി (Climate Mentors) നിയോഗിച്ച് സഹപാഠി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഓരോ ടേമിലും പരിസ്ഥിതി-കാലാവസ്ഥാ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക..

### 3.1.12. കാർട്ടോഗ്രഫി ലാബ് (Cartography Lab) (എലിമെന്ററി)

**അപ്പർ പ്രൈമറി വിദ്യാർഥികൾക്കായുള്ള ഭൂപട പഠന-പരിശീലന കേന്ദ്രം**

ക്ലാസ് 6 മുതൽ 8 വരെയുള്ള വിദ്യാർഥികളിൽ ഭൂപട വായന, സ്ഥലബോധം (Spatial Literacy), ദിശാബോധം, ഭൗമശാസ്ത്ര ആശയങ്ങൾ, നാവിഗേഷൻ നൈപുണികൾ എന്നിവ അനുഭവാധിഷ്ഠിതമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർട്ടോഗ്രഫി ലാബ് (Cartography Lab) എന്ന പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

PRS2024 പഠന റിപ്പോർട്ടിൽ വിദ്യാർഥികൾക്ക് സ്ഥാനം, ദിശ, ഭൂപട വ്യാഖ്യാനം, നാവിഗേഷൻ തുടങ്ങിയ ഭൗമശാസ്ത്ര ആശയങ്ങൾ മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായി കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് വിദ്യാലയങ്ങളിൽ പ്രത്യേക കാർട്ടോഗ്രഫി ലാബുകൾ സ്ഥാപിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം നിർദേശിക്കുന്നത്.

ഗ്ലോബുകൾ, അറ്റ്ലസുകൾ, ഭൂപടങ്ങൾ, ഡിജിറ്റൽ മാപ്പിംഗ് ഉപകരണങ്ങൾ, ഗൂഗിൾ മാപ്സ് (Google Maps), പ്രവർത്തനാധിഷ്ഠിത പഠനസാമഗ്രികൾ എന്നിവ ഉപയോഗപ്പെടുത്തി വിദ്യാർഥികൾക്ക് ഭൂപടങ്ങൾ വായിക്കാനും തയ്യാറാക്കാനും, യഥാർഥ സ്ഥലങ്ങളുമായി ഭൂപടങ്ങളെ ബന്ധിപ്പിക്കാനും, Spatial Thinking വികസിപ്പിക്കാനും അവസരമൊരുക്കുന്നു. കളിയിലൂടെയും സാങ്കേതികവിദ്യയിലൂടെയും ഭൗമശാസ്ത്ര പഠനം കൂടുതൽ ആകർഷകവും അർഥവത്തുമായ അനുഭവമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികളിൽ സ്ഥാനം, ദിശ, Spatial Relationships എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന ധാരണ വികസിപ്പിക്കുക.
- ഭൂപട വായന, ഭൂപട വ്യാഖ്യാനം, ഭൂപട നിർമ്മാണം എന്നീ കാർട്ടോഗ്രഫി നൈപുണികൾ വികസിപ്പിക്കുക.
- വിമർശനാത്മക ചിന്ത, പ്രശ്നപരിഹാരശേഷി, സർഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുക.
- പേപ്പർ മാപ്പുകളും ഗൂഗിൾ മാപ്സും ഉപയോഗിച്ച് നാവിഗേഷൻ നടത്താനുള്ള കഴിവ് വളർത്തുകയും ഡിജിറ്റൽ മാപ്പിംഗ് സാങ്കേതികവിദ്യകളെ പരിചയപ്പെടുത്തി ഡിജിറ്റൽ സാക്ഷരത മെച്ചപ്പെടുത്തുകയും ചെയ്യുക.
- ഭൂമിശാസ്ത്ര പഠനത്തെ അനുഭവാധിഷ്ഠിതവും ജീവിതബന്ധിതവുമാക്കുക.

***പ്രവർത്തനങ്ങൾ***

- വിദ്യാലയങ്ങളിൽ ശിശുസൗഹൃദ കാർട്ടോഗ്രഫി ലാബുകൾ സ്ഥാപിച്ച് ഗ്ലോബുകൾ, അറ്റ്ലസുകൾ, ഭൂപടങ്ങൾ, പസിലുകൾ, ഡിജിറ്റൽ മാപ്പിംഗ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ.
- സാമൂഹ്യശാസ്ത്ര അധ്യാപകർക്ക് കാർട്ടോഗ്രഫി അധിഷ്ഠിത പഠനരീതികളിലും ഡിജിറ്റൽ മാപ്പിംഗ് ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിശീലനം നൽകൽ.
- ഭൂപട ചിഹ്നങ്ങൾ, സ്കെയിൽ, ദിശകൾ, അക്ഷാംശ-രേഖാംശങ്ങൾ, നാവിഗേഷൻ എന്നിവയെ ആസ്പദമാക്കി പ്രവർത്തനാധിഷ്ഠിത പഠനങ്ങൾ സംഘടിപ്പിക്കൽ.
- വിദ്യാർഥികൾക്ക് സ്വന്തം വിദ്യാലയം, പരിസരം, ഗ്രാമം, പ്രദേശം എന്നിവയുടെ ഭൂപടങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് പ്രവർത്തനങ്ങളും ഡിജിറ്റൽ മാപ്പിംഗ് പ്ലാറ്റ്ഫോമുകൾ ഉൾപ്പെടുത്തിയുമുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കൽ.
- വിദ്യാർഥികൾ തയ്യാറാക്കുന്ന ഭൂപടങ്ങൾ, പ്രോജക്ടുകൾ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിച്ച് രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കൽ.

### 3.1.14. ഉദ്ഗ്രഥിത പരീക്ഷണമുറി (Integrated Labs)

വിജ്ഞാനമേഖലയിൽ ലോകം അതിദ്രുതം മുന്നേറിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ഇതിനനുസരിച്ച് ഗവേഷണാത്മകമായി പഠനം നടത്താൻ അവസരം ലഭിക്കേണ്ടതുണ്ട്. വിവിധ വിഷയങ്ങളിൽ നേടുന്ന അറിവുകൾ പ്രയോജനപ്പെടുത്തി ഉദ്ഗ്രഥിതമായി പരീക്ഷണ/ഗവേഷണ പ്രവർത്തനങ്ങൾ ചെയ്തു മുന്നേറാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനായി സൗകര്യപ്രദമായ സംവിധാനം വിദ്യാലയങ്ങളിൽ ഒരുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുട്ടികൾക്ക് കഴിയുന്ന നിലയിൽ രൂപകല്പന ചെയ്തിട്ടുള്ള ഇടങ്ങളാണ് ഉദ്ഗ്രഥിത പരീക്ഷണമുറി.

***ലക്ഷ്യങ്ങൾ***

- പഠന നേട്ടങ്ങൾ കൈവരിക്കുക.
- ഗവേഷണാത്മക രീതിയിൽ കൂടുതൽ ധാരണകൾ നേടുക.
- ഗവേഷണ/പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്, നൂതന ധാരണകൾ നേടുക.
- കുട്ടികളിൽ ശാസ്ത്രാഭിരുചി, ഗവേഷണ താൽപര്യം, അന്വേഷണാത്മക പഠനം എന്നിവ പ്രോത്സാഹിപ്പിക്കുക.

*പ്രവർത്തനങ്ങൾ*

- സംസ്ഥാനതല ആശയരൂപീകരണ ശിൽപ്പശാല സംഘടിപ്പിക്കൽ.
- ഉദ്ഗ്രഥിത പരീക്ഷണമുറി, സാധ്യതകൾ, സാമഗ്രികൾ, രൂപരേഖ തയ്യാറാക്കൽ.
- പരീക്ഷണമുറികൾ സ്ഥാപിക്കൽ - അധ്യാപക പരിശീലനം സംഘടിപ്പിക്കൽ.
- പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പഠനം, കുട്ടികൾക്കുണ്ടാകുന്ന നേട്ടങ്ങൾ കണ്ടെത്തൽ.

### 3.1.15. Exposure to Vocational Education (Class 6 - 8) (സെക്കൻഡറി)

സംസ്ഥാനത്തെ ഓരോ ബി.ആർ.സി.യിലും തിരഞ്ഞെടുക്കപ്പെടുന്ന 3 സ്കൂളുകളിലെ 6, 7, 8 ക്ലാസുകളിലെ കുട്ടികൾക്ക് പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത തൊഴിൽ അനുഭവങ്ങൾ നൽകുകയാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. നേരത്തെ നടപ്പിലാക്കിയ ക്രാഫ്റ്റ് (Camp for work Related Activities in Fun Time) പ്രവർത്തനങ്ങൾ കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത് നടപ്പിലാക്കുന്നത്. സയൻസ്, ഗണിതം, സോഷ്യൽ സയൻസ് തുടങ്ങി വിവിധ വിഷയങ്ങളിലെ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ കുട്ടികൾക്ക് ഇതിലൂടെ ലഭ്യമാകുന്നു.

*ലക്ഷ്യങ്ങൾ*

- പഠനം കൂടുതൽ പ്രക്രിയാ ബന്ധിതവും ജീവിതഗന്ധിയും രസകരവും ആക്കുക.
- വിവിധ തൊഴിലുകളോടും തൊഴിൽ ചെയ്യുന്നവരോടും ബഹുമാനവും ശരിയായ മനോഭാവവും ഉണ്ടാകുക.

*പ്രവർത്തനങ്ങൾ*

- സംസ്ഥാനതല - ആശയരൂപീകരണ ശിൽശാല - മൊഡ്യൂൾ തയ്യാറാക്കൽ.
- അധ്യാപക പരിശീലനം - സംസ്ഥാന, ജില്ല, സബ്ജില്ലാതലങ്ങളിൽ.
- സ്കൂൾ തല ക്യാമ്പ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

### 3.1.16. ഗണിത പരിപാടികൾ

സ്കൂൾ തലത്തിൽ ഗണിത പഠനം കൂടുതൽ ആസ്വാദ്യകരവും ലളിതവുമാക്കുന്നതിനായി നിരവധി പദ്ധതികളും പ്രവർത്തനങ്ങളുമാണ് എസ്.എസ്.കെ. നടപ്പിലാക്കിവരുന്നത്. ഗണിതശാസ്ത്ര പഠനത്തോടുള്ള ഭയം ഒഴിവാക്കി കുട്ടികളിൽ വിശകലന ശേഷിയും ഗണിതാവബോധവും വളർത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

ഗണിതശാസ്ത്ര ആശയങ്ങൾ വെറും പാഠപുസ്തകങ്ങളിൽ ഒതുക്കാതെ, കുട്ടികൾക്ക് തൊട്ടറിഞ്ഞും പരീക്ഷണങ്ങളിലൂടെയും മനസ്സിലാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നൽകി വരുന്നത്. നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങളെ ഗണിതശാസ്ത്രപരമായ അറിവിലൂടെ പരിഹരിക്കാനുള്ള ശേഷി കുട്ടികളിൽ ആർജിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിലൂടെ നൽകി വരുന്നു.

#### 3.1.16.1. ഗണിത വിജയം

ഗണിതശാസ്ത്രപഠനം കുട്ടികളിൽ യുക്തിചിന്ത, അപഗ്രഥന ശേഷി, പ്രശ്നപരിഹാര നൈപുണി, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. സെക്കൻഡറി തലത്തിലുള്ള പല വിദ്യാർഥികളും അമൂർത്തമായ



(abstract) ഗണിത ആശയങ്ങൾ മനസ്സിലാക്കുന്നതിനും അവ യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നതിനും പരിമിതികൾ നേരിടുന്നു. ഒൻപതാം ക്ലാസിലെ വിദ്യാർഥികളിൽ ആശയപരമായ ധാരണ, കണക്കുകൂട്ടലുകളിലെ നൈപുണ്യം, വിശകലന ചിന്ത, പ്രായോഗിക പഠനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര ഗണിതശാസ്ത്ര പരിപാടിയാണ് ഗണിത വിജയം' (Ganitha Vijayam). കേവലം പഠനത്തിനപ്പുറം പ്രവർത്തനാധിഷ്ഠിത പഠനം, കൂട്ടായ പ്രശ്നപരിഹാരം, ഗണിതശാസ്ത്ര കളികൾ, പസിലുകൾ, പ്രോജക്ടുകൾ, സാങ്കേതികവിദ്യ സമഗ്രമാക്കിയുള്ള ബോധനരീതികൾ എന്നിവയിലൂടെ ഗണിത പഠനത്തെ ആകർഷകമാക്കി മാറ്റുന്നതിലാണ് ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

***ലക്ഷ്യങ്ങൾ***

- ഫലപ്രദമായ ബോധനത്തിന് അനുയോജ്യമായ പഠന തന്ത്രങ്ങളും സാമഗ്രികളും തിരഞ്ഞെടുക്കാൻ അധ്യാപകരെ സജ്ജരാക്കുക.
- ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ തക്കവണ്ണം ചിന്താശേഷികൾ വികസിപ്പിക്കുക.
- ഗണിതാശയങ്ങളെ ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കുക.

*പ്രവർത്തനങ്ങൾ*

- സംസ്ഥാനതലത്തിൽ തയ്യാറാക്കിയ കൈപ്പുസ്തകം കാലോചിതമായി പരിഷ്ക രിക്കൽ.
- ഗണിതവിജയം' കൈപ്പുസ്തകത്തെ അടിസ്ഥാനമാക്കി പരിശീലനം നൽകൽ - സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ.
- രക്ഷിതാക്കളുടെയും സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് (SSG) അംഗങ്ങളുടെയും പങ്കാളിത്തത്തോടെ സ്കൂൾ തലത്തിൽ പഠന സാമഗ്രികൾ (TLM) തയാറാക്കൽ.
- എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് ഗണിത ലാബ്' സജ്ജീകരിക്കൽ വിവിധ തലങ്ങളിൽ ഗണിത ശാസ്ത്രമേള' (Maths Fest) സംഘടിപ്പിക്കൽ.

### 3.1.16.2. ഗണിതോത്സവം

ഗണിത പഠനത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതാശയങ്ങൾ ഉറപ്പിക്കുക എന്നതാണ് ഗണിതോത്സവങ്ങളിലൂടെ ലക്ഷ്യമിടുന്നത്. പഠന സമീപനത്തിലും ബോധനരീതികളിലും വരുത്തിയ മാറ്റങ്ങൾ ഗണിതത്തോടുള്ള ഭയം വലിയൊരു അളവുവരെ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. എങ്കിലും, എല്ലാ കുട്ടികളുടെയും പൂർണ്ണമായ പങ്കാളിത്തം ഗണിത പഠനത്തിൽ ഉറപ്പാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. വിദ്യാർഥികൾക്ക് പരിചിതമായതും, ഗണിതം സർഗാത്മകമായി ഉപയോഗിക്കപ്പെടുന്നതുമായ നിരവധി ജീവിത സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി ഗണിത പഠനത്തെ ജീവിതഗന്ധിയാക്കുകയാണ് ഗണിതോത്സവങ്ങൾ.

*ലക്ഷ്യങ്ങൾ*

- ഗണിതശാസ്ത്രത്തെ ദൈനംദിന ജീവിത സാഹചര്യങ്ങളുമായി സംയോജി പ്പിക്കുക.
- പ്രശ്ന പരിഹരണത്തിനു വിവിധ മാർഗങ്ങൾ അവലംബിക്കുക.
- കുട്ടികളിൽ യുക്തിചിന്തയും പ്രശ്നപരിഹാര നൈപുണിയും വികസിപ്പിക്കുക.



- പരിചിതമായ വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെടുത്തി ഗണിത പഠനം എളുപ്പമാക്കുക.
- അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല.
- പാഠപുസ്തകങ്ങളിലെ ഗണിത ആശയങ്ങളെ പ്രാദേശിക സന്ദർഭങ്ങളുമായി ബന്ധിപ്പിച്ച്, നിരീക്ഷണം, വിവരശേഖരണം, ഫീൽഡ് അന്വേഷണങ്ങൾ എന്നിവയിലൂടെ വിദ്യാർഥികൾ ദൈനംദിന ജീവിതത്തിലെ ഗണിത പ്രയോഗങ്ങൾ വ്യക്തമാക്കുന്ന 'ആശയാധിഷ്ഠിത ശേഖരങ്ങൾ' (concept-based repositories) തയ്യാറാക്കൽ.
- അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കൽ.
- ഗണിതോത്സവങ്ങൾ സംഘടിപ്പിക്കൽ.
- തിരഞ്ഞെടുക്കപ്പെടുന്ന മികച്ച സൃഷ്ടികൾ ജില്ലാ, സംസ്ഥാന തലങ്ങളിൽ പ്രദർശിപ്പിക്കുന്നു.

### 3.1.16.3. മാത്ത്സ്കേപ്പ്- സെക്കൻഡറി വിദ്യാഭ്യാസത്തിൽ ഗണിതശാസ്ത്ര സോഫ്റ്റ്‌വെയറുകളുടെ സംയോജനം (Integration of Mathematical Software in Secondary Education)

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗണിത ആശയങ്ങളിൽ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്താൻ അവസരമൊരുക്കുന്നതിലൂടെ, വിദ്യാർഥികളിൽ യുക്തിചിന്തയും ആഴത്തിലുള്ള ആശയധാരണയും വളർത്തുന്ന അന്വേഷണാത്മക പഠനം സാധ്യമാകുന്നു. ഗണിത വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയെ അർഥവത്തായ രീതിയിൽ സംയോജിപ്പിക്കുന്നതിലൂടെ, ഹയർ സെക്കൻഡറി വിദ്യാർഥികളുടെ അക്കാദമിക മികവ്, പ്രശ്നപരിഹാര ശേഷി, സർഗാത്മകത എന്നിവ വർധിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

***ലക്ഷ്യങ്ങൾ***

- അന്വേഷണാത്മക പഠനം (Enquiry-Based Learning) പ്രോത്സാഹിപ്പിക്കുക.
- വിദ്യാർഥികളുടെ പഠന വേഗതക്കനുസരിച്ച് ഗണിത നൈപുണികൾ നേടിയെടുക്കാൻ അനുയോജ്യമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുന്നതിന്.
- ഗണിത പഠനത്തിനായി സാങ്കേതികവിദ്യ സമഗ്രമായി സംയോജിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല
- ലഭ്യമായ ഓപ്പൺ സോഴ്സ് ഡിജിറ്റൽ ടൂളുകൾ തിരഞ്ഞെടുക്കൽ
- ഡിജിറ്റൽ ടൂളുകളെക്കുറിച്ചുള്ള പരിചയപ്പെടൽ - സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ
- ക്ലാസ് തലത്തിൽ പ്രവർത്തികമാക്കൽ
- അധ്യാപകരിൽ നിന്നും വിദ്യാർഥികളിൽ നിന്നുമുള്ള പ്രതികരണങ്ങൾ (Feedback) ശേഖരിക്കലും മെച്ചപ്പെടുത്തലും

### 3.1.17. സയൻസ് പരിപാടികൾ

കുട്ടികളിൽ ശാസ്ത്രീയ മനോഭാവവും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പഠിക്കാനുള്ള കഴിവും വളർത്തുന്നതിനും സമഗ്ര ശിക്ഷാ കേരളം ശ്രദ്ധ നൽകുന്നു. തിയറികൾ മനപ്പാഠമാക്കുന്നതിന് പകരം സ്വന്തമായി പരീക്ഷണങ്ങൾ ചെയ്ത് ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക, ലളിതമായ വസ്തുക്കൾ ഉപയോഗിച്ച് നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രീയ തത്വങ്ങൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കുക, ചോദ്യങ്ങൾ ചോദിക്കാനും, യുക്തിസഹമായി ചിന്തിക്കാനും, പ്രശ്നപരിഹാര മികവ് നേടാനും വേദികൾ ഒരുക്കുക എന്നിവയാണ് എസ്.എസ്.കെ. ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നത്.



#### 3.1.17.1. കേരള ക്ലൈമറ്റ് കണക്ട്

കേരളത്തിലെ 258 ഹയർ സെക്കൻഡറി സ്കൂളുകളിൽ സമഗ്ര ശിക്ഷാ കേരളം വഴി നടപ്പിലാക്കിയ കേരള സ്കൂൾ വെതർ സ്റ്റേഷൻ (KSWS) പദ്ധതിയെ ആസ്പദമാക്കി, വിദ്യാലയങ്ങളിൽ കാലാവസ്ഥാ വ്യതിയാന ബോധവൽക്കരണവും ശാസ്ത്രീയ പഠനവും പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന പഠന സംരംഭമാണ് കേരള ക്ലൈമറ്റ് കണക്ട്'. പദ്ധതിയുടെ ഭാഗമായി സെക്കൻഡറി തലത്തിലെ വിദ്യാർഥി ടീമുകളിൽ നിന്ന് സമർപ്പിക്കപ്പെടുന്ന പ്രോജക്ട് പ്രൊപ്പോസലുകളിൽ KSWS വിവര ശേഖരണവും മറ്റ് അനുബന്ധ വിവരങ്ങളും ഉപയോഗിച്ച് പ്രോജക്ട് അധിഷ്ഠിത ഗവേഷണങ്ങൾ നടത്തുന്നു. മികച്ച അധ്യാപക പരിശീലനം, വിദഗ്ധരുടെ മാർഗ നിർദേശം, ഗവേഷണത്തിന് ആവശ്യമായ സാമഗ്രികളും ഉപകരണങ്ങളുടെ അളവുകൾ ക്രമീകരിക്കലും ലഭ്യമാക്കുന്ന ഈ സംരംഭം, പഠനലബ്ധിയും പ്രബന്ധങ്ങളും അവതരിപ്പിക്കുന്നതിനായി സ്റ്റുഡന്റ്സ് വെതർ കോൺക്ലേവ്' നടത്തുന്നു.

***ലക്ഷ്യങ്ങൾ***

പ്രാദേശിക കാലാവസ്ഥാ പ്രശ്നങ്ങളിൽ പ്രോജക്ട് അധിഷ്ഠിത ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികളെ പിന്തുണയ്ക്കുക.

വിദ്യാർഥികളുടെ ഗവേഷണ പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിനായി വിദഗ്ധരുടെ മാർഗനിർദേശവും മെന്റർഷിപ്പും ലഭ്യമാക്കുക.

പ്രോജക്ട് അധിഷ്ഠിത ഗവേഷണത്തിനു അധ്യാപകരുടെ ശേഷി വർധിപ്പിക്കുക.

വിദ്യാർഥികളിൽ കാലാവസ്ഥാ സാക്ഷരതയും വിമർശനാത്മക ചിന്താ ശേഷിയും (Critical Thinking) പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല മാർഗരേഖ തയ്യാറാക്കൽ.
- പ്രോജക്ട് അധിഷ്ഠിത ഗവേഷണങ്ങളിൽ അധ്യാപക പരിശീലനം.
- സെക്കൻഡറി സ്കൂൾ വിദ്യാർഥികളുടെ ടീമുകളിൽ നിന്നുള്ള പ്രോജക്ട് പ്രൊപ്പോസലുകളുടെ തിരഞ്ഞെടുപ്പും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും
- പ്രാദേശിക കാലാവസ്ഥാ പ്രശ്നങ്ങളിൽ വിദ്യാർഥികളുടെ പ്രോജക്ട് അധിഷ്ഠിത ഗവേഷണം സംഘടിപ്പിക്കൽ.
- വിദ്യാർഥികളുടെ ഗവേഷണ പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിനായി വിദഗ്ധരുടെ മെന്ററിങ് നൽകൽ.
- സംസ്ഥാന സ്റ്റുഡന്റ്സ് വെതർ കോൺക്ലേവ്' സംഘടിപ്പിക്കൽ.

### 3.1.17.2. യംഗ് ഇന്നൊവേറ്റേഴ്സ്

വിദ്യാർഥി സമൂഹത്തിൽ നിന്നുള്ള നൂതന ആശയങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു കൂട്ടായ്മയാണ് യംഗ് ഇന്നൊവേറ്റേഴ്സ്. കെ-ഡിസ്കിന്റെ (K-DISC) പ്രോഗ്രാമിന്റെ സാങ്കേതികമായ സംവിധാനങ്ങളുമായി കോർത്തിണക്കിക്കൊണ്ട്, ആശയരൂപീകരണം മുതൽ തൊഴിലധിഷ്ഠിത സംപോഷണം വരെയുള്ള വ്യക്തമായ ക്രമീകരണമുള്ള ഒരു പദ്ധതിയാണ് യംഗ് ഇന്നൊവേറ്റേഴ്സ്.

***ലക്ഷ്യങ്ങൾ***

- സ്കൂളുകളിൽ K-DISC വഴി 'നൂതനാശയ അധിഷ്ഠിത വികസന' സംസ്കാരം വളർത്തുക.
- അധ്യാപകരെ ഗവേഷണാധിഷ്ഠിത പഠനത്തിന് സഹായിക്കുന്ന മെന്റർമാരാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആസൂത്രണ യോഗങ്ങൾ
- BRC തലത്തിലെ അധ്യാപകർക്ക് 'ഇന്നൊവേഷൻ അംബാസഡർ' പരിശീലനം.
- വിദ്യാർഥികൾ തങ്ങളുടെ ആശയങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യൽ.
- കുട്ടികൾക്കായി 'ഡിസൈൻ തിങ്കിംഗ്' പരിശീലനം.
- ജില്ലാതലത്തിൽ പ്രോജക്റ്റുകൾക്ക് വിദഗ്ധരുടെ സഹായത്തോടെ മാതൃകകളും (Prototypes) ഗവേഷണ പേപ്പറുകളും തയ്യാറാക്കൽ.
- ഫൈനലിസ്റ്റുകൾക്കായി ഉന്നതതല പ്രോട്ടോടൈപ്പിംങ് .

### 3.1.17.3. യംഗ് റിസർച്ചേഴ്സ് (യുവ ഗവേഷകർ)

9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളെ പാഠപുസ്തക പഠനത്തിന പ്പുറത്തേക്ക് ചിന്തിക്കാൻ പ്രേരിപ്പിക്കുകയും, ഗവേഷണം നടത്തുന്നതിനും ചോദ്യ ങ്ങൾ ചോദിക്കുന്നതിനും നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും യഥാർഥ താല്പര്യം വളർത്തിയെടുക്കുകയുമാണ് യംഗ് റിസേർച്ചേഴ്സ് എന്ന പരിപാടിയുടെ ലക്ഷ്യം. വിദ്യാർഥികൾ പ്രശ്നങ്ങൾ കണ്ടെത്തുകയും, അവ പരിഹരി ക്കുന്നതിനും നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുമുള്ള സ്വന്തം രീതികൾ ആസൂത്രണം ചെയ്യുകയും, അധ്യാപകരുടെ സഹായത്തോടെ വിവരങ്ങൾ വിശക ലനം ചെയ്യുകയും ചെയ്യുന്നു. ശാസ്ത്ര ക്ലാസുകളിൽ, ശാസ്ത്രീയ ആശയങ്ങൾ പര്യവേക്ഷണം ചെയ്യാനും ചോദ്യങ്ങൾ ചോദിക്കാനും ആശയങ്ങൾ പങ്കുവെക്കാനും വിദ്യാർഥികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. വിവരങ്ങളും നിയമങ്ങളും മനഃപാഠമാക്കുന്നതിന് പകരം, അവർ പുതിയ കാര്യങ്ങൾ കണ്ടെത്തുന്നവരായി (Discoverers) മാറുന്നു.

***ലക്ഷ്യങ്ങൾ***

- ക്ലാസ് മുറികളിലെ ആശയങ്ങളും യഥാർഥ ജീവിത സാഹചര്യങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുകയും ലോകത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ധാരണ വളർത്തുകയും ചെയ്യുക.
- വിദ്യാർഥികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വർധിപ്പിക്കുക.
- വിവര ശേഖരണവുമായി ബന്ധപ്പെട്ട അടിസ്ഥാന ഗവേഷണ നൈപുണികൾ വളർത്തുക.
- ചോദ്യങ്ങൾ ഉന്നയിക്കാനും ഗവേഷണത്തിലും അന്വേഷണങ്ങളിലും ഏർപ്പെടാനും വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല - മാർഗരേഖ തയ്യാറാക്കൽ - അധ്യാപക പരിശീലനങ്ങൾ - ജില്ല, ബ്ലോക്കുതലങ്ങളിൽ
- വിദ്യാർഥികൾ തങ്ങളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതും പ്രാദേശികമായി പ്രാധാന്യമുള്ളതുമായ ഒരു പ്രശ്നം കണ്ടെത്തുന്നു.
- പ്രാദേശിക വിദഗ്ധരും ഗവേഷകരുമായി വിദ്യാർഥികളെ ബന്ധിപ്പിക്കുന്നു.
- ബി ആർ.സി തലത്തിൽ മിനി ഗവേഷണ പ്രോജക്റ്റുകളുടെ അവതരണവും തിരഞ്ഞെടുപ്പും.
- തിരഞ്ഞെടുക്കപ്പെട്ട പ്രോജക്റ്റുകളുടെ ജില്ലാതല അവതരണം.
- ഗവേഷണ പ്രോജക്റ്റുകളുടെ സംസ്ഥാനതല അവതരണം.
- മികച്ച പ്രോജക്ടുകൾക്ക് സമ്മാനം നൽകൽ.

### 3.1.18. ഗണിതക്കിറ്റ് (Maths Kit)

ഗണിതപഠനം രസകരവും ജീവിതഗന്ധിയുമാക്കാൻ ഗണിതക്കിറ്റ് സഹായിക്കുന്നു. ഗണിത പഠനം പ്രവർത്തനങ്ങളിലൂടെ ആകുമ്പോൾ രസകരമാകുമെന്നു മാത്രമല്ല വളരെ ലളിതമായി സ്വാംശീകരിക്കാൻ കഴിയുകയും ചെയ്യും. അധ്യാപകരോടൊപ്പം രക്ഷിതാക്കൾക്കും ഇതിന്റെ പരിശീലനം നൽകേണ്ടതാണ്. ഉപകരണങ്ങൾ വളരെ ആകർഷകവും കുട്ടികൾക്ക് അനായാസം ഉപയോഗിക്കാൻ കഴിയുന്നതുമായി

രിക്കണം. ഗണിത കോർണറുകളെ കൂടുതൽ ഫലപ്രദമാക്കാനും ഇത്തരം കിറ്റുകൾ സഹായകമാകും.

***ലക്ഷ്യങ്ങൾ***

- കുട്ടികളിൽ ഗണിത പഠനത്തിൽ താല്പര്യവും കൗതുകവും വളർത്തുക.
- ക്ലാസ് മുറികളിൽ ഗണിതലാബിന്റെ പ്രവർത്തനം വ്യാപിപ്പിക്കുക.
- സാമൂഹിക പിന്തുണ ഉറപ്പാക്കുക.
- ഗണിത പഠനം ജീവിതവുമായി ബന്ധിപ്പിക്കുക.
- കുട്ടികളിൽ ആകാംക്ഷ, ചിന്താശേഷി, സഹകരണ പഠനം എന്നിവ വളർത്തുക

***പ്രവർത്തനങ്ങൾ***

- ആശയരൂപീകരണ ശിൽലശാല - മാർഗരേഖ തയ്യാറാക്കൽ.
- പഠനോപകരണങ്ങൾ നിശ്ചയിക്കുക.
- സംസ്ഥാന ശില്പശാലകളിൽ പഠനോപകരണങ്ങൾ തയ്യാറാക്കൽ.
- അധ്യാപകർക്കും രക്ഷിതാക്കൾക്കും പഠനോപകരണങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലനം.
- ഗണിതകിറ്റുകളുടെ വിതരണവും ഗണിത മൂലകൾ തയ്യാറാക്കലും കൃത്യമായ വിലയിരുത്തലും

### 3.1.19. ശാസ്ത്ര കിറ്റ്

ശാസ്ത്ര പഠനം ലളിതവത്കരിക്കുന്നതിന് പഠന കിറ്റുകൾ മികച്ച രീതിയിൽ ഉപകാരപ്പെടുത്താവുന്നതാണ്. അമൂർത്തമായ ആശയങ്ങൾ മൂർത്തമാക്കുന്നതിന് പരീക്ഷണം, നിരീക്ഷണം, അനുഭവാധിഷ്ഠിതപഠനം എന്നീ തന്ത്രങ്ങൾ ക്ലാസ്മുറിയിൽ ഉപയോഗിക്കാൻ പരീക്ഷണക്കിറ്റുകൾ ഉപകാരപ്രദമാകും.

ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനപരിപോഷണോപാധി എന്ന തരത്തിൽ എല്ലാ കുട്ടികളും ശാസ്ത്ര കിറ്റ് ഉപയോഗപ്പെടുത്തുക.
- പഠനോപകരണ നിർമാണത്തിൽ രക്ഷാകർത്തൃപിന്തുണ ഉറപ്പാക്കുക.
- കുട്ടികൾക്ക് നേരനുഭവത്തിലൂടെ ശാസ്ത്രപഠനം ഉറപ്പാക്കുക.
- ശാസ്ത്രപഠനത്തോട് താല്പര്യം വളർത്തുക.
- വിമർശനാത്മക ചിന്തകളും, സമഗ്രമായ സമീപനവും പഠനത്തിനുപയുക്തമാക്കുക.
- ക്ലാസ് മുറിക്കുപുറത്തുള്ള ജീവിതഗന്ധിയായ ശാസ്ത്രപഠനം പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല.
- ശാസ്ത്ര വിഷയത്തിലെ പഠനപ്രവർത്തനത്തിനനുസരിച്ച് ഉപകരണങ്ങൾ രൂപകല്പന ചെയ്യലും ശാസ്ത്രകിറ്റുകൾ തയാറാക്കലും
- ഉപകരണങ്ങൾ ക്ലാസ്റൂം പ്രവർത്തനത്തിലുൾച്ചേർക്കാൻ സഹായകമായ മാന്വൽ നിർമിക്കുക.
- അധ്യാപക പരിശീലനം-സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ.

### 3.1.20. Padamudrakal Local History Writing (പാദമുദ്രകൾ- പ്രാദേശിക ചരിത്രരചന)

സാമൂഹ്യശാസ്ത്ര പഠന മേഖലയിൽ അന്വേഷണാത്മക പഠനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയ പരിപാടിയാണ് പാദമുദ്രകൾ. പലപ്പോഴും സാമൂഹ്യശാസ്ത്രപഠനം പാഠഭാഗങ്ങളിൽ വിവരിച്ചിരിക്കുന്ന തത്വങ്ങളുടേയും സംഭവങ്ങളുടേയും പതിവ് പഠനമായി മാറുന്നു. അന്വേഷണാത്മക സമീപനം പഠിതാക്കളിൽ വളർത്തിയെടുക്കുവാനും ശാസ്ത്രീയ മനോഭാവം പരിപോഷിപ്പിക്കുവാനും പാദമുദ്രകൾ ലക്ഷ്യമിടുന്നു.

ലക്ഷ്യങ്ങൾ

- ചരിത്രപഠനത്തിന്റെ ചരിത്രരചനയുടെ രീതിശാസ്ത്രത്തെകുറിച്ച് ധാരണ വരുത്തുക.
- പ്രാദേശിക ചരിത്രത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
- ചരിത്രപഠനത്തിന്റെ ശാസ്ത്രീയ രീതികൾ മനസ്സിലാക്കുക.

***പ്രവർത്തനങ്ങൾ***

- മുൻ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തി സംസ്ഥാനതലത്തിൽ മൊഡ്യൂൾ വികസിപ്പിക്കുന്നു.
- അധ്യാപകർക്ക് പരിശീലനം നൽകുന്നു.
- സ്കൂൾ/ബി.ആർ.സി./ജില്ല/സംസ്ഥാനതലങ്ങളിൽ ചരിത്രപഠനസെമിനാറുകൾ സംഘടിപ്പിക്കുന്നു.
- മികച്ച രചനകൾക്ക് സമ്മാനം നൽകുന്നു.

### 3.1.21. FAST (First Aid Student Programme) (സെക്കൻഡറി)

കുട്ടികൾ സ്കൂളിൽ കളിക്കുകയോ മറ്റു വിനോദങ്ങളിലേർപ്പെടുകയോ ചെയ്യുമ്പോൾ ചെറിയ അപകടങ്ങൾ സംഭവിക്കുകയും അതിന്റെ ഭാഗമായി നിസ്സാരവും അല്ലാത്തതുമായ പരിക്കുകളുണ്ടാകുകയും ചെയ്യാറുണ്ട്. ഇത്തരം സാഹചര്യത്തിൽ അധ്യാപകർക്കു പെട്ടെന്ന് ഇടപെടുന്നതിനും താൽക്കാലികമായെങ്കിലും പരിഹാരം കാണുന്നതിനുമായി പ്രഥമ ശുശ്രൂഷാ സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കി വയ്ക്കേണ്ടതുണ്ട്.

***ലക്ഷ്യങ്ങൾ***

- പ്രഥമ ശുശ്രൂഷ സൗകര്യങ്ങളെക്കുറിച്ച് അധ്യാപകർക്കും കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും അറിവ് ലഭ്യമാക്കി അടിയന്തര പ്രഥമശുശ്രൂഷ സഹായം നൽകുന്നതിൽ അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല - മാർഗരേഖ തയ്യാറാക്കൽ.

- അധ്യാപക പരിശീലനം - സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ.

രക്ഷാകർത്താക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണം.

സ്കൂളിൽ പ്രഥമ ശുശ്രൂഷാ കിറ്റ് ലഭ്യമാക്കൽ.

### 3.1.22. നൈതികം (സെക്കൻഡറി)

മൗലികാവകാശങ്ങളും കടമകളും മനസ്സിലാക്കാൻ വിദ്യാർഥികളെ സഹായിക്കുന്നതിനാൽ ഭരണഘടന പഠിക്കുന്നത് നിർബന്ധമാണ്. ഇത് പൗരബോധം വളർത്തുകയും ജനാധിപത്യത്തെക്കുറിച്ചുള്ള വിമർശനാത്മക ചിന്ത വളർത്തുകയും പൗരധർമ്മങ്ങളിലും സംവാദങ്ങളിലും സജീവമായി പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഭരണഘടനയെക്കുറിച്ച് പഠിക്കുന്നത് നിയമവാഴ്ചയോടുള്ള ആദരവ് വർധിപ്പിക്കുകയും ഒരു ജനാധിപത്യ സമൂഹത്തിൽ പൗരന്റെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കുന്നതിനുള്ള അടിത്തറ നൽകുകയും ചെയ്യുന്നു.

***ലക്ഷ്യങ്ങൾ***

- ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കുന്നതിന്.
- വിദ്യാർഥികളുടെ പൗരാവകാശങ്ങളേയും ഉത്തരവാദിത്തങ്ങളേയും കുറിച്ച് അവരെ ബോധവൽകരിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാലയും മൊഡ്യൂളുകളും പാക്കേജുകളും പരിഷ്കരിക്കലും.
- സംസ്ഥാനതല അധ്യാപക പരിശീലനം - ജില്ലാ, ബി ആർ സി തലം.
- സ്കൂൾ തല പരിപാടികൾ നടപ്പിലാക്കൽ.

### 3.1.23. അധ്യാപകഗവേഷകർ (Teacher Researcher) (എലമെന്ററി & സെക്കൻഡറി)

ഒരു ക്ലാസ്മുറിയിൽ അധ്യാപകൻ പഠിതാവും, പാഠ്യവിഷയവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പ്രശ്നങ്ങളെ നേരിടുന്ന വ്യക്തിയുമാണ്. ചിലർ ക്ലാസ്റൂം പ്രശ്നങ്ങളെ വിജയകരമായി മറികടക്കുമ്പോൾ മറ്റു ചിലർ പരാജയപ്പെടുന്നു. പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും അവ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ അവരുടെ മുമ്പിൽ അവതരിപ്പിക്കാനും അധ്യാപകർക്ക് കഴിയണം. അധ്യാപകരിലെ ഗവേഷണ മനോഭാവം വളർത്തിയെടുക്കുന്നതുവഴി അവർ ക്ലാസ് മുറികളിൽ നേരിടുന്ന പ്രശ്നങ്ങളെ ഗവേഷണാത്മകമായി പരിശോധിച്ചുകൊണ്ട് ഉചിതമായ പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ നൽകാൻ അവരെ സഹായിക്കുന്നതരത്തിലാണ് അധ്യാപക ഗവേഷകർ എന്ന പദ്ധതി രൂപവൽക്കരിച്ചിരിക്കുന്നത്.

***ലക്ഷ്യങ്ങൾ***

- അക്കാദമിക മേഖലകളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി സമീപിക്കാൻ പ്രൈമറി, സെക്കൻഡറി മേഖലകളിലെ അധ്യാപകരെ പ്രാപ്തരാക്കുക.
- ഗവേഷണമേഖലയിലെ മികച്ച പ്രവർത്തനങ്ങൾ തിരിച്ചറിയുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാലയും മൊഡ്യൂൾ തയ്യാറാക്കലും.
- അധ്യാപക ശാക്തീകരണ പ്രോഗ്രാം.

- അധ്യാപകരുടെ പ്രോജക്ടുകൾ സ്വീകരിക്കൽ
- സബ്ജില്ല, ജില്ലാ തല പ്രബന്ധം അവതരിപ്പിക്കൽ.
- സംസ്ഥാന, ജില്ലാ, ബി.ആർ.സി.തല വിദ്യാഭ്യാസ കോൺഗ്രസ് സംഘടിപ്പിക്കുക.

## 3.1.24. LEAP Exploring Learner Aptitude Profiling and Guidance

**വിദ്യാർഥികളുടെ അഭിരുചി (Aptitude) കണ്ടെത്തലും കരിയർ മാർഗനിർദേശ പരിപാടിയും**

സമഗ്ര ശിക്ഷാ കേരളയുടെ കീഴിൽ നടപ്പാക്കുന്ന സമഗ്ര കരിയർ ആസൂത്രണ-മാർഗനിർദേശ പദ്ധതിയാണ് ലീപ് (LEAP – Exploring Learner Aptitude Profiling and Guidance). കൗമാരപ്രായത്തിൽ വിദ്യാർഥികൾ സ്വന്തം വ്യക്തിത്വത്തെയും ഭാവിയെയും കുറിച്ച് ചിന്തിക്കുകയും ജീവിതലക്ഷ്യങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്ന ഘട്ടത്തിലാണ് ശരിയായ വിദ്യാഭ്യാസ-കരിയർ മാർഗനിർദേശം ഏറ്റവും ആവശ്യമായത്.

ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർഥികളും രക്ഷിതാക്കളും പലപ്പോഴും വിപണിയിലെ താൽക്കാലിക പ്രവണതകൾ, സാമൂഹിക സമ്മർദങ്ങൾ, കൂട്ടുകാരുടെ സ്വാധീനം, പരിമിതമായ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പഠന-തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുന്നത്. ഇത് പലപ്പോഴും വിദ്യാർഥികളുടെ അഭിരുചിക്കും കഴിവുകൾക്കും യോജിക്കാത്ത വിദ്യാഭ്യാസ-തൊഴിൽ തീരുമാനങ്ങളിലേക്ക് നയിക്കുന്നു.

ഈ സാഹചര്യത്തിൽ, ഓൺലൈൻ സൈക്കോമെട്രിക് വിലയിരുത്തൽ (Psychometric Assessment), വ്യക്തിഗത മെന്ററിംഗ്, കരിയർ ബോധവൽക്കരണം, രക്ഷാകർതൃ പിന്തുണ, അധ്യാപക മാർഗനിർദേശം എന്നിവ സംയോജിപ്പിച്ചുകൊണ്ട് വിദ്യാർഥികളെ അവരുടെ കഴിവുകൾ, അഭിരുചികൾ, വ്യക്തിത്വ സവിശേഷതകൾ, പഠനശൈലി എന്നിവ തിരിച്ചറിയാൻ സഹായിക്കുന്ന സമഗ്ര പദ്ധതിയാണ് LEAP. എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ ഘട്ടംഘട്ടമായി പിന്തുടരുന്ന ഈ പരിപാടി വിദ്യാർഥികൾക്ക് ഭാവി വിദ്യാഭ്യാസവും തൊഴിൽ മേഖലയും സംബന്ധിച്ച് ശാസ്ത്രീയമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികൾക്ക് ഭാവി വിദ്യാഭ്യാസത്തെയും തൊഴിൽ മേഖലയെയും സംബന്ധിച്ച് അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുക.
- വിദ്യാർഥികളുടെ അഭിരുചി (Aptitude), വ്യക്തിത്വ സവിശേഷതകൾ, പഠനശൈലി എന്നിവ തിരിച്ചറിയാൻ അവസരമൊരുക്കുക.
- വിദ്യാർഥികളുടെ ശക്തികളും മെച്ചപ്പെടുത്തേണ്ട മേഖലകളും കണ്ടെത്തി വ്യക്തിഗത വികസനത്തിന് മാർഗനിർദേശം നൽകുക.
- ഉന്നത വിദ്യാഭ്യാസം, തൊഴിൽ മേഖലകൾ, നൈപുണി വികസനം എന്നിവയെക്കുറിച്ചുള്ള ശരിയായ വിവരങ്ങളും അവബോധവും നൽകുക.
- വിദ്യാർഥികളിലും രക്ഷിതാക്കളിലും അധ്യാപകരിലും കരിയർ ആസൂത്രണത്തെക്കുറിച്ചുള്ള ബോധവും പങ്കാളിത്തവും വർധിപ്പിക്കുക.
- പഠനത്തോടും തൊഴിൽജീവിതത്തോടും പോസിറ്റീവ് സമീപനവും ആത്മവിശ്വാസവും വളർത്തിയെടുക്കുക.

*പ്രവർത്തനങ്ങൾ*

- എട്ട്, പത്ത് ക്ലാസ് വിദ്യാർഥികൾക്കായി ഓൺലൈൻ സൈക്കോമെട്രിക് അഭിരുചി-അഭിരുചിക്ഷമത വിലയിരുത്തൽ (Psychometric Assessment) നടത്തുക.
- പരീക്ഷാഫലങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാർഥിയുടെയും വ്യക്തിഗത പ്രൊഫൈൽ തയ്യാറാക്കി വിദ്യാർഥിക്കും രക്ഷിതാവിനും അധ്യാപകനും കൈമാറുക.
- വിദ്യാർഥികൾക്കായി വ്യക്തിഗത മെന്ററിംഗ്, കരിയർ ബോധവൽക്കരണ ക്ലാസുകൾ, ജീവിതനൈപുണി വികസന സെഷനുകൾ എന്നിവ സംഘടിപ്പിക്കുക.
- അധ്യാപകർക്ക് മെന്ററിംഗ്, കരിയർ മാർഗനിർദേശം, ഫലവിശകലനം എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനം നൽകുക.
- രക്ഷിതാക്കൾക്കായി കരിയർ ബോധവൽക്കരണ പരിപാടികളും കൗൺസിലിംഗ് സെഷനുകളും സംഘടിപ്പിക്കുക.
- പത്താം ക്ലാസിൽ സർട്ടിഫൈഡ് കരിയർ കൗൺസിലർമാരുടെ നേതൃത്വത്തിൽ കരിയർ കൗൺസിലിംഗും ഉന്നത വിദ്യാഭ്യാസ മാർഗനിർദേശവും നൽകുക.
- വിദ്യാർഥികളുടെ കരിയർ വികസന പുരോഗതിക്ക് ആവശ്യമായ പിന്തുണയും മാർഗനിർദേശവും ഉറപ്പാക്കുക.

## 3.1.25. ടിങ്കറിംഗ് ലാബ്

കുട്ടികൾക്ക് ക്ലാസ്മുറികളിൽ നേടിയ അറിവുകളെ ഉപയോഗപ്പെടുത്തി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് വിവിധ ശാസ്ത്രാശയങ്ങളും നൂതനാശയങ്ങളും രൂപീകരിക്കാനുള്ള ഇടങ്ങളാണ് ടിങ്കറിംഗ് ലാബുകൾ. സെക്കൻഡറി വിഭാഗം കുട്ടികൾക്ക് ശാസ്ത്രം, ഗണിതം, സാങ്കേതികവിദ്യ ഇവ സംയോജിപ്പിച്ച് നൂതനാശയങ്ങൾ കണ്ടെത്താനുള്ള സ്വതന്ത്രവഴികൾ തേടാനുള്ള സജ്ജീകരണങ്ങൾ ഇവിടെ ഒരുക്കേണ്ടതുണ്ട്. ആധുനികശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ ലഭ്യമാകുന്ന ഒരിടമാണ് ടിങ്കറിംഗ് ലാബ്. 56 ഇടങ്ങളിൽ ടിങ്കറിംഗ് ലാബ് കഴിഞ്ഞവർഷം സജ്ജീകരിച്ചിട്ടുണ്ട്. ഉപകരണങ്ങളിലെ കേടുപാടുകൾ തീർക്കുന്നതിനും പുതിയവ വാങ്ങി സ്ഥാപിച്ചും ഇവ പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്. കൂടാതെ പുതിയ 70 ഇടങ്ങളിൽകൂടി ലാബ് സജ്ജമാക്കാനും ഉദ്ദേശിക്കുന്നു.

*ലക്ഷ്യങ്ങൾ*

- കുട്ടികളിൽ കൗതുകം, ആകാംഷ, ക്രിയാത്മകത എന്നിവ നിലനിർത്തിക്കൊണ്ട് നൂതനാശയങ്ങൾ നിർമിക്കുക.
- ശാസ്ത്രം, സാങ്കേതികവിദ്യ, ഗണിതം, എഞ്ചിനീയറിംഗ് ഇവ സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കുക.
- പുതിയ ശാസ്ത്രസങ്കേതങ്ങൾ വികസിപ്പിക്കുക.
- നിലവിലുള്ള ടിങ്കറിംഗ് ലാബുകൾ കേടുപാടുകൾ തീർത്ത് മെച്ചപ്പെടുത്തുന്നതിന്.

*പ്രവർത്തനങ്ങൾ*

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല
- സ്കൂൾ തിരഞ്ഞെടുക്കൽ
- ലാബ് സജ്ജമാക്കൽ

- പ്രതിമാസ ഗവേഷണ/നൂതന പ്രവർത്തനാസൂത്രണം.
  പ്രാദേശിക-ദേശീയ മത്സരങ്ങൾ.
  വിദഗ്ധരുമായി ആശയ സംവാദങ്ങൾ
  അവധിക്കാല ക്യാമ്പുകൾ

### 3.1.26. STREAM സെൻററുകൾ

ശാസ്ത്ര സാങ്കേതിക രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിലെ 11 സ്കൂളുകളിൽ പൈലറ്റ് പ്രോജക്ടായി ആരംഭിക്കുകയും 2023-24 വർഷത്തിൽ എറണാകുളം (15) കണ്ണൂർ (15) പാലക്കാട് (12) ജില്ലകളിലെ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. സ്ട്രീം ഇക്കോ സിസ്റ്റം ആരംഭിക്കുന്നതിലൂടെ സയൻസ്, ടെക്നോളജി, റോബോട്ടിക്സ്, എഞ്ചിനീയറിങ്, ആർട്സ്, മാത്തമാറ്റിക്സ് മേഖലയിലെ നൂതന പ്രവണതകളെ കുട്ടികൾക്ക് പ്രായോഗിക അനുഭവത്തിലൂടെ പരിശീലിപ്പിക്കാൻ അവസരം നൽകുന്നു.

2024-25 സാമ്പത്തിക വർഷം വിവിധ ജില്ലകളിൽ 33 സ്കൂളുകളിലെ സ്ട്രീം ഇക്കോ സിസ്റ്റം ആരംഭിക്കുന്നതിന് സ്റ്റാർസ് പദ്ധതിയിലൂടെ 6.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ആരംഭിച്ച 53 സ്കൂളുകളിൽ സ്ട്രീം ഇക്കോ സിസ്റ്റം പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും മറ്റുമായി ഒരു ലക്ഷം വീതം ആകെ 53 ലക്ഷം വകയിരുത്തിയിരിക്കുന്നു.

***ലക്ഷ്യം***

- വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- സ്ട്രീം ഇക്കോ സിസ്റ്റം ശില്പശാലകൾ സംഘടിപ്പിച്ച് ശാസ്ത്ര പരീക്ഷണ നിരീക്ഷണങ്ങൾക്ക് കുട്ടികൾക്ക് അവസരം നൽകുക.

***പ്രവർത്തനങ്ങൾ***

- സ്ട്രീം ഇക്കോസിസ്റ്റം സ്കൂളുകൾ തിരഞ്ഞെടുക്കുന്നു.
- സ്ട്രീം ഇക്കോ സിസ്റ്റം പദ്ധതി നടപ്പിലാക്കുന്നു

## 3.2. കലാ ഉത്സവ് (Kalautsav)

പ്രാദേശികമായി നിലനിൽക്കുന്ന കലാരൂപങ്ങൾ അന്യംനിന്നു പോകാതെ പരിപോഷിപ്പിക്കുന്ന കലാപരിപോഷണ മത്സര പരിപാടിയാണ് കലാഉത്സവ്. ദേശീയാടിസ്ഥാനത്തിൽ ഓരോ സംസ്ഥാനവും തങ്ങളുടെ തനതുകലകളിലാണ് കുട്ടികളെ പങ്കെടുപ്പിക്കേണ്ടത്. നടനകലകൾ, സംഗീതം, വിഷ്വൽ ആർട്സ്, എന്നീ മേഖലകളിൽ തനതുരൂപങ്ങൾ അവതരിപ്പിക്കുന്ന കുട്ടികളിൽ നിന്നും ദേശീയ തലത്തിൽ മികവ് പുലർത്തുന്നവർക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പാരിതോഷികങ്ങൾ നൽകുന്നു.




***ലക്ഷ്യങ്ങൾ***

- അന്യംനിന്നു പോകുന്ന തനത് കലകളെ പരിപോഷിപ്പിക്കുക.

- തനതുകലകളിൽ ദേശീയതലം വരെ മത്സരിക്കാനുള്ള അവസരം സൃഷ്ടിക്കുക.

***പ്രവർത്തനങ്ങൾ***

- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ഇനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ.
- സ്കൂൾ, ബി.ആർ.സി, ജില്ലാ, സംസ്ഥാനതലത്തിൽ മികച്ച പ്രകടനങ്ങൾ നടത്തുന്ന കുട്ടികളെ തിരഞ്ഞെടുക്കൽ.
- തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് സംസ്ഥാനതലത്തിൽ ഓറിയന്റേഷൻ നൽകൽ.
- ദേശിയതല കലാഉത്സവിൽ കുട്ടികളെ പങ്കെടുപ്പിക്കൽ.

## 3.3. LEARNING ENHANCEMENT PROGRAMME

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി അക്ഷീണം പ്രവർത്തിക്കുന്നവരാണ് ഓരോ അധ്യാപകരും. എല്ലാ കുട്ടികളുടെയും അക്കാദമിക നിലവാരമുയർത്തുന്നതിനും അതിലൂടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പഠന പരിപോഷണ പരിപാടികൾക്കുള്ള പങ്ക് വളരെ വലുതാണ്. ഭാഷ-ശാസ്ത്ര-ഗണിത വിഷയങ്ങളിൽ പഠനപരിപോഷണ പരിപാടികൾ തയ്യാറാക്കേണ്ടത് പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. കുട്ടികളെ പഠനത്തിലും അനുബന്ധപ്രവർത്തനങ്ങളിലും മികച്ചവരാക്കാൻ ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സമഗ്ര ശിക്ഷാ കേരളം സദാ സന്നദ്ധമാണ്.

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 89919 | 449.59 |
| സെക്കൻഡറി | 165484 | 827.42 |



### 3.3.1. സമഗ്ര ഗുണമേന്മാ പദ്ധതി (എലിമെന്ററി & സെക്കൻഡറി)

പൊതുവിദ്യാലയങ്ങളിൽ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുന്നതിനേക്കാൾ പ്രധാനം കുട്ടികളുടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക എന്നതാണ്. ശിശുകേന്ദ്രീകൃതവും കൃത്യമായി വിലയിരുത്തപ്പെടുന്നതുമായ പ്രവർത്തനങ്ങളിലൂടെ പഠന വിടവുകളും പ്രതിസന്ധികളും പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും. ഇതിനായി കുട്ടികളുടെ ഭാഷാ-ഗണിത ശേഷികൾ വർധിപ്പിക്കുന്നതിനും ഗ്രേഡ് തലത്തിലുള്ള പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുമായി പ്രത്യേക പഠന പിന്തുണ പാക്കേജ് രൂപീകരിച്ചു. അധിക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് ആസൂത്രിതമായി പിന്തുണ നൽകാൻ അധ്യാപകരെ ഈ പദ്ധതി സഹായിക്കുന്നു.

***ലക്ഷ്യങ്ങൾ***

- സമഗ്രമായ വളർച്ചയെ പിന്തുണയ്ക്കുന്ന പഠനസാമഗ്രികൾ, ലാബുകൾ, വിവിധ വായനാ സാമഗ്രികൾ എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കുക.
- പഠനത്തിലെ വിടവുകൾ കണ്ടെത്താനും പരിഹരിക്കാനുമായി വർക്ക്ഷീറ്റുകളും ഡാറ്റ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകളും ഉപയോഗിച്ച് ശക്തമായ നിരീക്ഷണ സംവിധാനം നടപ്പിലാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല മോഡ്യൂൾ തയ്യാറാക്കൽ.
- സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ അധ്യാപക പരിശീലനം.
- പദ്ധതി സ്കൂളുകളിൽ നടപ്പാക്കൽ.

### 3.3.2. LEARN @ YOUR PACE (എലിമെന്ററി)

കുട്ടികളുടെ പഠന നിലവാരത്തിലെ വൈവിധ്യങ്ങളും പിന്നാക്കാവസ്ഥയും പരിഹരിക്കാൻ എസ് എസ് കെ ആവിഷ്കരിച്ച പദ്ധതിയാണിത്. ക്ലാസ് മുറികളിലെ വൈവിധ്യങ്ങൾ ഉൾക്കൊണ്ട്, കുട്ടികളുടെ പ്രകടനങ്ങൾ നിരീക്ഷിച്ചു പഠന പിന്നാക്കാവസ്ഥ കണ്ടെത്തി, പ്രത്യേക പ്രവർത്തന പാക്കേജുകൾ (ഗെയിമുകൾ, പരിശീലനങ്ങൾ തുടങ്ങിയവ) തയ്യാറാക്കി ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ നൽകാൻ അധ്യാപകരെ പ്രാപ്തരാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. ഈ സംരംഭത്തിലൂടെ, ക്ലാസ് മുറികളിലെ പഠനാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സർഗാത്മക തന്ത്രങ്ങൾ വിശദീകരിക്കാനും തങ്ങളുടെ പ്രോജക്റ്റുകൾ അവതരിപ്പിക്കാനും സ്കൂളുകൾക്ക് അവസരം ലഭിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച പാക്കേജുകൾക്ക് എസ്.എസ്.കെ-യിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നു.

***ലക്ഷ്യങ്ങൾ***

പഠിതാക്കളുടെ പ്രകടനം വിലയിരുത്തുക.

കുട്ടികളുടെ പഠന വിടവുകൾ കണ്ടെത്തുക.

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിദ്യാർഥികൾക്ക് പിന്തുണ ഉറപ്പാക്കുക.

പ്രത്യേക പഠന പാക്കേജുകൾ തയ്യാറാക്കി ഓരോ കുട്ടിയുടെയും നിലവാരം ഉയർത്തുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാതല ആശയരൂപീകരണ ശില്പശാല - മാർഗരേഖ തയ്യാറാക്കൽ.
- എസ്. എസ്. കെ. ഫാക്കൽറ്റികൾക്കു ഓൺലൈൻ പരിശീലനം നൽകൽ.

- HM/SRG കൺവീനർമാരുടെ യോഗം സംഘടിപ്പിക്കൽ - പ്രോജക്റ്റ് വിശദീകരണം നടത്തൽ.
- സ്കൂൾ തല പ്രോജക്റ്റുകളുടെ സബ്ജില്ലാതല അവതരണം സംഘടിപ്പിക്കൽ.
- മികച്ച പ്രോജക്റ്റുകൾ തിരഞ്ഞെടുക്കൽ - ഫണ്ട് അനുവദിക്കൽ.
- സ്കൂൾ തല പ്രവർത്തനങ്ങൾ - TLM തയ്യാറാക്കൽ, പോസ്റ്റ് ടെസ്റ്റ് നടത്തൽ - പ്രവർത്തന വിജയം അവലോകനം നടത്തൽ.

### 3.3.3. ഭാഷ പിന്തുണ പ്രവർത്തനങ്ങൾ (എലിമെന്ററി)

പ്രൈമറിതലത്തിലും സെക്കന്ററിതലത്തിലും മലയാളം, തമിഴ്, കന്നഡ, സംസ്കൃതം, അറബിക്, ഉറുദു, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ ഭാഗമായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ പഠനപിന്തുണാ പ്രവർത്തനങ്ങൾ ഈ വർഷവും തുടരേണ്ടതുണ്ട്. ഓരോ ഭാഷയിലും പഠനത്തിനാവശ്യമായ രീതിയിൽ പ്രവർത്തനപാക്കേജുകൾ തയ്യാറാക്കിയത് കുട്ടികളും രക്ഷിതാക്കളും അധ്യാപകസമൂഹവും ഒരുപോലെ ഏറ്റെടുത്തതുകൊണ്ടുതന്നെ ഭാഷാപരമായ പ്രശ്നങ്ങൾ ഒരളവുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷാപരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പ്രവർത്തനപാക്കേജുകൾ തയ്യാറാക്കിക്കൊണ്ട് ഈ പ്രവർത്തനം മുന്നോട്ടുപോകേണ്ടതുണ്ട്. സാമൂഹിക അംഗീകാരം ലഭിക്കുന്നതരത്തിൽ ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ കുട്ടികളെ എഴുത്തിലും വായനയിലും സർഗാത്മക രചനയിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

***ലക്ഷ്യങ്ങൾ***

- ഭാഷാപഠനത്തിന്റെ ഭാഗമായി വിദ്യാർഥികളുടെ ഭാഷാശേഷിയും പഠനാഭിരുചിയും വർധിപ്പിക്കുക.
- വിവിധഭാഷകളിൽ വിദ്യാർഥികളുടെ ആശയവിനിമയശേഷി, സർഗാത്മകരചനാനൈപുണ്യം  എന്നിവ പരിപോഷിപ്പിക്കുക.
- വിവിധ ഭാഷകളിലൂള്ള സാഹിത്യകൃതികളുടെ വായനയും ആസ്വാദനവും ക്ലാസ്മുറിക്കകത്തും, പുറത്തും സാധ്യമാക്കുക.
- ഭാഷാപഠനത്തിന്റെ ഭാഗമായി ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- പരിശീലനമൊഡ്യൂൾ, പ്രവർത്തന പാക്കേജ് എന്നിവ തയ്യാറാക്കൽ - സംസ്ഥാനതലം.
- അധ്യാപകപരിശീലനം - സംസ്ഥാന, ജില്ല, ബി.ആർ.സി. തലങ്ങൾ.
- ഡിജിറ്റൽ സാങ്കേതികവിദ്യ-അധ്യാപകരോടൊപ്പം രക്ഷിതാക്കളെയും പരിചയപ്പെടുത്തൽ.
- കുട്ടികളുടെ അക്കാദമിക മികവ്, പ്രകടനപരത എന്നിവ വിവിധ പ്ലാറ്റ്ഫോമിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തൽ. (ക്ലാസ് പി.ടി.എ., അസംബ്ലി, വാർഷികയോഗങ്ങൾ, കോർണർ പി.ടി.എ.)

### 3.3.4. SUREELI HINDI (എലിമെന്ററി & സെക്കൻഡറി)

ഹിന്ദി ഭാഷാ പഠനം ആസ്വാദ്യകരവും ആകർഷകവുമാക്കുക എന്ന ലക്ഷ്യത്തോടെ 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കായി വൈവിധ്യമുള്ള പ്രവർത്തനങ്ങൾ

ഉൾപ്പെടുത്തി നടത്തിയ പഠന പരിപോഷണ പരിപാടിയാണ് സുരീലി ഹിന്ദി. വ്യവഹാരങ്ങളുടെ സ്വാഭാവിക വികാസം ലക്ഷ്യമിട്ടുകൊണ്ട് ഹയർ സെക്കന്റർറി തലം വരെയുള്ള കുട്ടികളിൽ ഭാഷാഭിരുചി വർധിപ്പിക്കുവാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സുരീലി ഹിന്ദിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഥകളിലൂടെയും കവിതകളിലൂടെയും ഭാഷ സ്വാഭാവികവും രസകരവുമായ രീതിയിൽ കൗതുകത്തോടെയും ആവേശത്തോടെയും കുട്ടികളിലേക്ക് പകർന്നു നൽകുന്നതിന് സുരീലി ഹിന്ദി പ്രവർത്തനങ്ങൾ പ്രയോജനപ്രദമായി.

### 3.3.5. സംസ്കൃത മാധുരി

സംസ്കൃതപഠനം സുഗമവും രസകരവും ആക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതി ഈ വർഷവും തുടരേണ്ടതുണ്ട്. നിലവിൽ തയ്യാറാക്കിയിട്ടുള്ള വിവിധ വർക്ക്ഷീറ്റുകൾ, പഠനപ്രവർത്തനങ്ങൾ എന്നിവ സംസ്ഥാനതലത്തിൽ പരിഷ്കരിച്ച് വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നു.

### 3.3.6. അഹ്‌ലൻ അറബി

അറബിക് ഭാഷാ പഠനം കളികളിലൂടെയും ഡിജിറ്റൽ മെറ്റീരിയലുകളുടെ സഹായ ത്തോടെയും രസകരമാക്കി മാറ്റി കുട്ടികൾക്ക് അറബി ഭാഷാപഠനം ആനന്ദകരമാക്കി മാറ്റാൻ ഈ പദ്ധതി ഏറെ സഹായകരമാവും. കുട്ടികളുടെ സർഗശേഷി വികസന ത്തിനും ഭാഷാ പരിപോഷണത്തിനും ഉതകുന്ന രീതിയിൽ മൊഡ്യൂൾ പരിഷ്കരിച്ച് അധ്യാപകർക്ക് നൽകുന്നു.

### 3.3.7. പ്യാരി ഉറുദു

നിലവിൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി തലം മുതൽ സെക്കണ്ടറിതലം വരെ ഒന്നാം ഭാഷയായി ഉറുദു തെരഞ്ഞെടുക്കാൻ വ്യവസ്ഥയു ണ്ട്. അപ്പർ പ്രൈമറി തലത്തിൽ 5 മുതൽ 7 വരെ വിദ്യാർത്ഥികൾക്കിടയിൽ ഉറുദു ഭാഷ പഠനം ശക്തിപ്പെടുത്തുന്നതിനാണ് പ്യാരി ഉറുദു എന്ന മൊഡ്യൂൾ വികസിപ്പി ച്ചിരിക്കുന്നത്. കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി മൊഡ്യൂൾ പരിഷ്കരിച്ച് വിദ്യാ ലയങ്ങൾക്ക് ലഭ്യമാക്കുന്നു.

***ലക്ഷ്യങ്ങൾ***

- വിദ്യാർഥികൾക്കിടയിൽ ഭാഷാശേഷിയും പഠന അഭിരുചിയും വർധിപ്പിക്കുന്നതിന്.
- ഭാഷയിൽ വിദ്യാർഥികളുടെ ആശയവിനിമയ ശേഷയും സർഗാത്മക രചനക്കുള്ള നൈപുണ്യം നേടുന്നതിനും മെച്ചപ്പെടുത്തുന്നതിനും.
- ഓരോ ഭാഷയുടേയും സാംസ്കാരിക പൈതൃകം പഠിതാക്കളെ പരിചയപ്പെടുത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- അധ്യാപക പരിശീലനത്തിലൂള്ള മൊഡ്യൂൾ തയ്യാറാക്കുന്നതിനുള്ള സംസ്ഥാന തല ശില്പശാല
- NCERT -യുടെ സഹായത്തോടെ റിസോഴ്സ് മെറ്റീരിയലുകൾ തയ്യാറാക്കലും പരിഷ്കരിക്കലും.
- അധ്യാപക ശാക്തീകരണ പരിപാടി - സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ.

- പഠനപ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കൽ.

### 3.3.8. ഭാഷാവസന്തം: സമഗ്ര ഭാഷാ ശാക്തീകരണ പരിപാടി

കുട്ടികളുടെ സമഗ്രമായ ഭാഷ വികസനം ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര ശിക്ഷാ കേരളത്തിന്റെ മുഖ്യപദ്ധതികളായ മൂന്ന് പ്രവർത്തനങ്ങളെ ഉൾച്ചേർത്ത് ഘട്ടം ഘട്ടമായി നടത്തുന്നതിന് ആസൂത്രണം ചെയ്ത പദ്ധതിയാണ് ഭാഷാവസന്തം. ഇതിൽ ഉൾപ്പെട്ട മൂന്ന് പദ്ധതികളെ കുറിച്ച് ചുവടെ വിശദീകരിക്കുന്നു.

മലയാളത്തിളക്കം: പ്രൈമറി തലത്തിലെ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഏറ്റെടുത്ത ഈ പാക്കേജിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. സാമൂഹിക അംഗീകാരം ലഭിക്കുന്ന തരത്തിൽ വ്യവഹാര രൂപങ്ങളിലൂടെ കുട്ടികളെ സർഗാത്മക വായനയിലും എഴുത്തിലും രചനയിലും പ്രാവീണ്യമുള്ളവരാക്കി മാറ്റുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

വായനക്കൂട്ടം: വായനാകാർഡുകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളുടെ വായനശേഷി വളർത്തുകയും അതിലൂടെ അവരുടെ സ്വതന്ത്ര രചനാശേഷി വളർത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മികച്ച രചനകൾക്ക് സ്കൂൾ/സബ്ജില്ലാതല സമ്മാനങ്ങളും നൽകുന്നു.

ഭാഷാ ഉത്സവ്: മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിലൂടെ ഭാഷാവൈദഗ്ധ്യം നേടുന്ന കുട്ടികളുടെ ഭാഷാനൈപുണികൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുന്നു.

***ലക്ഷ്യങ്ങൾ***

- കുട്ടികളെ സർഗാത്മക വായനയിലും രചനയിലും പ്രാവീണ്യമുള്ളവരാക്കുക.
- എല്ലാ കുട്ടികളും ഭാഷയുടെ വിവിധങ്ങളായ വ്യവഹാരങ്ങളിലൂടെയും കടന്നു പോകുന്നതിനുള്ള അവസരമൊരുക്കുക.
- വിവിധ സാഹിത്യകാരന്മാരുമായി സംവദിക്കാൻ അവസരം ഒരുക്കുക.
- വിദ്യാലയവും സമൂഹവുമായുള്ള ബന്ധം സുദൃഢമാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാല - മാർഗരേഖ തയ്യാറാക്കൽ
- സംസ്ഥാന, ജില്ല, ബ്ലോക്ക് തല അധ്യാപക പരിശീലനം നൽകൽ
- വായനാകാർഡുകൾ തയ്യാറാക്കൽ - ബ്ലോക്ക് തലം
- സ്കൂൾ തല പ്രവർത്തനങ്ങൾ നടപ്പിലാക്കൽ – സർഗാത്മക രചനാ ഭാഷാ ഉത്സവ് സംഘടിപ്പിക്കൽ
- കുട്ടികളുടെ സർഗാത്മക രചനകളുടെ പ്രദർശനം സംഘടിപ്പിക്കൽ - ബ്ലോക്ക് തലം

### 3.3.9. സർഗാത്മക ഡയറി (എലിമെന്ററി)

ആറു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ചിന്തകളും വികാരങ്ങളും അനുഭവങ്ങളും ക്രിയാത്മകവും ഭാവനാത്മകവുമായ രീതിയിൽ സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു വ്യക്തിഗത ജേണലാണ് സർഗാത്മക ഡയറി. ഇതുവഴി കുട്ടികളുടെ കാഴ്ചപ്പാടുകളും വികാരങ്ങളും പകർത്താൻ എഴുത്തിനെ ആശ്രയിക്കുന്നതോടൊപ്പം ചിത്രം വരച്ച് പ്രകടിപ്പിക്കുന്നതിനും അവർക്ക് അവസരം ലഭിക്കുന്നുണ്ട്. ഒരു ആശയത്തെ അല്ലെങ്കിൽ അനുഭവത്തെ വ്യത്യസ്ത

തലങ്ങളിൽ നോക്കിക്കണ്ട് വേറിട്ട രീതിയിൽ എഴുതുന്നതിലൂടെ സ്വയം പ്രകാശനത്തിന് അവസരം ലഭിക്കുകയും സർഗാത്മകത വികസിക്കുകയും ചെയ്യും. കുട്ടികളുടെ വികാരവിചാരങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള വൈകാരിക പിന്തുണ നൽകിയും വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിന് കൈത്താങ്ങ് നൽകിയും വികസിപ്പിക്കുന്ന ഒന്നാണ് സർഗാത്മക ഡയറി. മുൻകാലങ്ങളിൽ പ്രൈമറി ക്ലാസിലെ കുട്ടികൾ പരിചയപ്പെട്ട സംയുക്തഡയറിയുടെ വിപുലീകരിച്ച രീതിശാസ്ത്രമാണ് സർഗാത്മക ഡയറി പിന്തുടരുന്നത്.

ലക്ഷ്യങ്ങൾ

- ആറു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ചിന്തകളും കാഴ്ചപ്പാടുകളും വികാരങ്ങളും ആശയങ്ങളും സ്വതന്ത്രമായി എഴുത്തിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക.
- കുട്ടികൾക്ക് അവരുടെ ദൈനംദിനം ജീവിതത്തിലെ അനുഭവങ്ങൾ സർഗാത്മകമായി എഴുതി പ്രകടിപ്പിക്കുന്നതിന് കഴിവുള്ളവരാക്കി മാറ്റുക.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രരചന നടത്തുന്നതിന് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക.
- ഡയറിയെഴുത്ത് ദിനചര്യയുടെ ഭാഗമാക്കി മാറ്റുകയും അതിലൂടെ കുട്ടികളെ മികച്ച എഴുത്തുകാരാക്കി മാറ്റുകയും ചെയ്യുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല.
- അധ്യാപകർക്ക് സർഗാത്മകഡയറി പരിചയപ്പെടുന്നതിനുള്ള ശില്പശാല- സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ.
- കുട്ടികൾക്ക് സർഗാത്മകഡയറി ലഭ്യമാക്കുക.
- രക്ഷിതാക്കൾക്ക് സർഗാത്മക ഡയറിയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക
- സർഗാത്മക ഡയറി ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.

### 3.3.10. ഇത്തിരി നേരം ഒത്തിരി വായന (എലിമെന്ററി)

കേരളത്തിലെ സ്കൂളുകളിൽ വായനാഗ്രാഹ്യശേഷി (reading comprehension) കുറവുള്ള കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നതായി ദേശീയ അന്തർദേശീയ സർവേകൾ വ്യക്തമാക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം ആവിഷ്കരിച്ച പദ്ധതിയാണ് ഇത്തിരി നേരം ഒത്തിരി വായന . വായനയെ വെറുമൊരു ഭാരമായി കാണുന്നതിന് പകരം സന്തോഷത്തിന്റെയും വ്യക്തിപരമായ വളർച്ചയുടെയും മാർഗമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളിൽ വായനാശീലം വളർത്തുന്നതിലൂടെ ഭാഷാശേഷി വർധിക്കുകയും, സർഗാത്മകത, ഏകാഗ്രത, ആശയവിനിമയ നൈപുണ്യം എന്നിവ മെച്ചപ്പെടുകയും ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി വായനാ വർക്ക്ഷോപ്പുകൾ, കവികളുമായുള്ള ചർച്ചകൾ, 'അമ്മ വായന', 'റീഡേഴ്സ് തിയേറ്റർ' തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾച്ചേർത്തിരിക്കുന്നു.

***ലക്ഷ്യങ്ങൾ***

- വായനഗ്രാഹ്യം കുറഞ്ഞ കുട്ടികളെ കണ്ടെത്തി പിന്തുണ ഉറപ്പാക്കുക
- ആനന്ദം നൽകുന്ന പ്രവർത്തനമായി വായനയെ മാറ്റുക.

- സ്കൂൾ ലൈബ്രറികൾ ശാക്തീകരിക്കുക.
- കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല - മാർഗരേഖ തയ്യാറാക്കൽ
- സംസ്ഥാന, ജില്ല, ബ്ലോക്ക് തല ഓൺലൈൻ അധ്യാപക പരിശീലനം സംഘടിപ്പിക്കൽ.
- സ്കൂൾ ലൈബ്രറിയിലേക്ക് ഓരോ ക്ലാസ് അടിസ്ഥാനത്തിലുള്ള പുസ്തകങ്ങൾ വിതരണം ചെയ്യൽ
- സ്കൂൾ തല പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ.

### 3.3.11. BUILDING WINGS - (എലിമെന്ററി)

ആഗോള ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ്, വിവിധ സംസ്കാരങ്ങളിലുള്ള ആളുകളുമായി ബന്ധപ്പെടാനും, വിപുലമായ അറിവും സാഹിത്യവും നേടിയെടുക്കാനും, അക്കാദമിക-തൊഴിൽ രംഗങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കാളികളാകാനും പഠിതാക്കളെ സഹായിക്കുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള നിരന്തരമായ പരിശീലനം; വിമർശനാത്മക ചിന്ത (critical thinking), സർഗ്ഗാത്മക ശേഷി തുടങ്ങിയ ബൗദ്ധിക ശേഷികളെ ശക്തിപ്പെടുത്തുന്നതിനൊപ്പം പദസമ്പത്ത്, വ്യാകരണം, ആശയപ്രകാശനം എന്നിവ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി ഇംഗ്ലീഷ് പഠനം ആയാസരഹിതവും ആകർഷകമാക്കുന്നതിനും രൂപകൽപ്പന ചെയ്ത രണ്ട് പദ്ധതികളാണ് 'ഹലോ ഇംഗ്ലീഷ്' (Hello English), 'ദി ഹലോ ഇംഗ്ലീഷ് കിഡ്സ് ലൈബ്രറി സീരീസ്' (The Hello English Kids' Library Series) എന്നിവ. 2017-ൽ എൽ.പി, യു.പി ക്ലാസുകളിൽ നടപ്പിലാക്കിയ ഈ പദ്ധതികൾ, കുട്ടികളിൽ ഭാഷാ നൈപുണികൾ സ്വാഭാവികമായും ആനന്ദദായകമായും വികസിപ്പിച്ചെടുക്കാൻ ഏറെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ മികവ് നിലനിർത്തുന്നതിന് സ്കൂളുകൾക്ക് തുടർച്ചയായ പിന്തുണ അത്യാവശ്യമാണ്. എന്നാൽ മാറുന്ന പഠനാവശ്യങ്ങൾക്കനുസരിച്ച് പുതിയ മൊഡ്യൂളുകൾ ഉൾപ്പെടുത്തി ഇത് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഇത്തരത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണ് ബിൽഡിങ് വിങ്സ് (Building വിങ്സ്)

***ലക്ഷ്യങ്ങൾ***

- ഇംഗ്ലീഷിൽ അടിസ്ഥാന ഭാഷാശേഷികൾ മെച്ചപ്പെടുത്തുക.
- ഇംഗ്ലീഷ് ഭാഷ ആയാസരഹിതമായി ഉപയോഗിക്കുന്നതിന് കുട്ടികളെ പ്രാപ്തമാക്കുക, അവരുടെ ആത്മവിശ്വാസം വളർത്തുക.
- മാറുന്ന ക്ലാസ്റൂം സാഹചര്യങ്ങൾക്കനുസരിച്ച് അധ്യാപന നൈപുണികൾ വികസിപ്പിക്കുക.
- ഇംഗ്ലീഷ് പഠന സാമഗ്രികളിലൂടെ ലഭ്യത ഉറപ്പു വരുത്തുകയും കുട്ടികളിൽ വായനാശീലം വളർത്തുകയും ചെയ്യുക.
- സ്കൂൾ ലൈബ്രറികളെ സജീവ പഠനകേന്ദ്രങ്ങളാക്കി മാറ്റുന്നതിലൂടെ സ്വതന്ത്ര വായനാശീലത്തെയും സ്വയം ആശയപ്രകാശനത്തെയും പിന്തുണയ്ക്കുക.

***പ്രവർത്തനങ്ങൾ***

- SCERT-യുടെ സഹായത്തോടെ റിസോഴ്സ് സാമഗ്രികളും ഹലോ ഇംഗ്ലീഷ് ജേർണലുകളും പരിഷ്കരിക്കൽ

- സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ മോഡ്യൂളുകളുടെ പരിചയപ്പെടുത്തലും അധ്യാപക പരിശീലനങ്ങളും സംഘടിപ്പിക്കൽ.
- ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പുസ്തകങ്ങളും ജേർണലുകളും സ്കൂൾ ലൈബ്രറികളിലേക്ക് വിതരണം ചെയ്യൽ

### 3.3.12. SMILE (സ്റ്റിമുലേറ്റ് ആന്റ് മോട്ടിവേറ്റ് ടു ലേൺ ഇംഗ്ലീഷ് - Stimulate and Motivate to Learn English) (എലിമെന്ററി)

ഇംഗ്ലീഷ് ഒരു രണ്ടാം ഭാഷയായി പഠിക്കുന്നതിൽ എലിമെന്ററി സ്കൂൾ വിദ്യാർഥികൾ നേരിടുന്ന തുടർച്ചയായ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ഭാഷാ വികസന പരിപാടിയാണ് 'സ്മൈൽ' (SMILE - Stimulate and Motivate to Learn English). അടിസ്ഥാന സൗകര്യങ്ങളിലും ക്ലാസ് മുറിയിലെ അന്തരീക്ഷത്തിലും പുരോഗതി ഉണ്ടായിട്ടും ഉച്ചാരണം, പദസമ്പത്ത് (vocabulary), വ്യാകരണം എന്നിവയിലും ഭാഷ അനായാസം ഉപയോഗിക്കുന്നതിൽ ആത്മവിശ്വാസക്കുറവും കുട്ടികളിൽ സ്പഷ്ടമാണ്. അത്തരം കുട്ടികൾക്ക് പിന്തുണ നൽകുന്നതും ആകർഷകവുമായ ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സ്മൈൽ' (SMILE) പദ്ധതി ലക്ഷ്യമിടുന്നു.

***ലക്ഷ്യങ്ങൾ***

- ഇംഗ്ലീഷ് പഠനം ആനന്ദകരമാക്കുക.
- ഭാഷാ ശേഷികൾ പരിപോഷിപ്പിക്കുക.
- ഓരോ ക്ലാസിനും അനുയോജ്യമായ പഠന സാമഗ്രികൾ തയ്യാറാക്കുക.
- കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല - മാർഗരേഖ തയ്യാറാക്കൽ
- സംസ്ഥാന, ജില്ല, ബ്ലോക്ക് തല ഓൺലൈൻ അധ്യാപക പരിശീലനം നടത്തൽ.
- പഠന സാമഗ്രികൾ തയ്യാറാക്കൽ - ബ്ലോക്ക് തലങ്ങളിൽ.
- സ്കൂൾ തല പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ.

### 3.3.13. ICE - Immersion Corners of English (സെക്കൻഡറി)

സ്കൂളുകൾക്കുള്ളിൽ ഇംഗ്ലീഷ് പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അവതരിപ്പിച്ചിരിക്കുന്ന ഒരു നൂതന പ്രവർത്തനമാണ് ICE (Immersion Corners of English). ക്ലാസ് മുറികൾക്ക് പുറത്ത്, ഔപചാരികമല്ലാത്തതും രസകരവുമായ അനുഭവവേദ്യവുമായ രീതിയിൽ വിദ്യാർഥികൾക്ക് ഭാഷയുമായി ഇടപെടാൻ കഴിയുന്ന പ്രത്യേക ഇടപെടൽ ഇടങ്ങളാണ് ICE. റീഡിങ് വാൾസ്, സ്പീക്കിങ് ബൂത്തുകൾ, വൊക്കാബുലറി ട്രീസ്, ഇന്ററാക്ടീവ് ബോർഡുകൾ, ലിസണിംഗ് സ്റ്റേഷനുകൾ, സർഗാത്മക എഴുത്തിനുള്ള ഇടങ്ങൾ, വിദ്യാർഥികൾ തന്നെ നിർമ്മിക്കുന്ന ഭാഷാ ഉൽപ്പന്നങ്ങളുടെ പ്രദർശനങ്ങൾ എന്നിവ ഈ കോർണറുകളിൽ ഉൾപ്പെടുത്തി ഭാഷാ പഠനപ്രക്രിയ ജൈവീകവും സഹജവുമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ സ്കൂൾ അന്തരീക്ഷം ആകർഷകമാകുകയും ഭാഷാപഠനം ഒരു സ്വാഭാവിക പ്രക്രിയയാകുകയും ചെയ്യുന്നു.

***ലക്ഷ്യങ്ങൾ***

- സ്കൂളുകൾക്കുള്ളിൽ ഭാഷാസമ്പന്നമായ അന്തരീക്ഷം സൃഷ്ടിക്കുക.
- ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയ സാധ്യതകൾ പ്രോത്സാഹിപ്പിക്കുക.
- വിദ്യാർഥികളിൽ സ്വയംപഠന ശേഷിയും സഹപഠനവും (peer learning) വളർത്തുക.
- പദസമ്പത്ത് (vocabulary), സംസാരം, വായന, സർഗാത്മക പ്രകടനം എന്നിവ ശക്തിപ്പെടുത്തുക.
- ഭാഷാ പഠനം രസകരവും ആകർഷകവുമാക്കുക.
- സെക്കൻഡറി തലത്തിലുള്ള വിദ്യാർഥികളുടെ ആത്മവിശ്വാസം വർധിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല സംഘടിപ്പിക്കലും മാർഗരേഖ തയ്യാറാക്കലും.
- അധ്യാപകപരിശീലനം - സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ.
- ഇന്ററാക്ടീവ് ഭാഷാ ഇടങ്ങളും പ്രവർത്തനങ്ങളും സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ.
- സ്കൂളുകളിൽ ICE സ്ഥാപിക്കൽ.
- വിദ്യാർഥികളുടെ നേതൃത്വത്തിലുള്ള പ്രതിവാര ഭാഷാപ്രവർത്തനങ്ങൾ നടത്തൽ.
- സബ്ജില്ലാ തലത്തിൽ നൂതനമായ ഭാഷാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും പ്രദർശനവും സംഘടിപ്പിക്കൽ.

## 3.3.14. English Film Gala: Celebrating Language through CINEMA (സെക്കൻഡറി)

ചലച്ചിത്രം, മാധ്യമങ്ങൾ, എന്നിവയിലൂടെ അനുഭവാധിഷ്ഠിത പഠനം സാധ്യമാക്കി വിദ്യാർഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പഠന പിന്തുണാപ്രവർത്തനമാണ് ഇംഗ്ലീഷ് ഫിലിം ഗാല . സിനിമ കാണുക എന്നതിനപ്പുറം, റിപ്പോർട്ടിംഗ്, സിനിമാ അവതരണവും അവലോകനവും, അഭിമുഖങ്ങൾ, തിരക്കഥാരചന, ക്ഷണക്കത്ത് നിർമ്മാണം, പോസ്റ്റർ ഡിസൈനിംഗ്, ഡോക്യുമെന്റേഷൻ, സ്റ്റേജ് മാനേജ്മെന്റ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ഈ പദ്ധതി കുട്ടികൾക്ക് അവസരമൊരുക്കുന്നു. കാഴ്ചകളും സംഭാഷണങ്ങളും യാഥാർഥ്യബോധമുള്ള സന്ദർഭങ്ങളും നിറഞ്ഞ ചലച്ചിത്രങ്ങൾ ഭാഷയെ അതിന്റെ തനിമയോടെ മനസ്സിലാക്കാനും, വിശകലനം ചെയ്യാനും, ആശയവിനിമയ-സർഗാത്മക-വിമർശനാത്മക ചിന്താശേഷികൾ വികസിപ്പിക്കാനും വിദ്യാർഥികളെ സഹായിക്കുന്നു. സ്കൂൾ, ഉപജില്ലാ തലങ്ങളിൽ സമഗ്ര ശിക്ഷാ കേരളം (SSK) സംഘടിപ്പിക്കുന്ന ഈ മേളകളിൽ കുട്ടികളുടെ പ്രായത്തിന് അനുയോജ്യമായ ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ, ആനിമേഷൻ സിനിമകൾ, സാഹിത്യ സൃഷ്ടികളുടെ ചലച്ചിത്രാവിഷ്കാരങ്ങൾ എന്നിവ പ്രദർശിപ്പിക്കുകയും, ഇവയുടെ ആസൂത്രണത്തിലും നടത്തിപ്പിലും കുട്ടികളെ പൂർണ്ണമായി പങ്കാളികളാക്കിക്കൊണ്ട് ഭാഷാപ്രയോഗത്തിനുള്ള പ്രായോഗികമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

***ലക്ഷ്യങ്ങൾ***

- ചലച്ചിത്രാധിഷ്ഠിത പഠനപ്രവർത്തനങ്ങളിലൂടെ ശ്രവണം, സംഭാഷണം, വായന, എഴുത്ത് (LSRW) എന്നീ ഭാഷാശേഷികൾ ശക്തിപ്പെടുത്തുക.
- ഭാഷാപഠനത്തിന് അനുയോജ്യവും അർഥപൂർണ്ണവുമായ പ്രായോഗിക സന്ദർഭങ്ങൾ ഒരുക്കുക വഴി പഠിതാക്കളിൽ ആശയവിനിമയം, അവതരണം, റിപ്പോർട്ടിംഗ് എന്നിവയ്ക്കുള്ള കഴിവുകൾ വികസിപ്പിക്കുക.
- സർഗാത്മകത, വിമർശനാത്മക ചിന്ത, സഹപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക.
- മാധ്യമ സാക്ഷരതയും ദൃശ്യാവിഷ്കാരങ്ങളെ ആസ്വദിക്കാനുള്ള കഴിവും വർധിപ്പിക്കുക.
- പൊതുവേദിയിലെ പ്രസംഗത്തിലും സ്റ്റേജ് മാനേജ്മെന്റിലും കുട്ടികളുടെ ആത്മവിശ്വാസം ഉയർത്തുക.

***പ്രവർത്തനങ്ങൾ***

- പദ്ധതി മാർഗനിർദേശങ്ങൾ, സിനിമാ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ, നിർവഹണ മാർഗ രേഖകൾ എന്നിവയുടെ രൂപീകരണം നടത്തുക. - സംസ്ഥാനതലം
- ജില്ലാ, ബ്ലോക്ക് തല റിസോഴ്സ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം നൽകൽ.
- ചലച്ചിത്രാധിഷ്ഠിത ഭാഷാ പ്രവർത്തനങ്ങളിലും മാധ്യമ സാക്ഷരതയിലും അധ്യാപകർക്കുള്ള പരിശീലനം നൽകൽ.
- വിവിധ തലങ്ങളിൽ ഇംഗ്ലീഷ് ഫിലിം ഫെസ്റ്റിവലുകളും തിരഞ്ഞെടുക്കപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളുടെ അവതരണം സംഘടിപ്പിക്കൽ.

## 3.3.15. Speaking Skill Scale in English

### Integration of Structured Oral Assessment in English (Classes 9-12) (സെക്കൻഡറി)

ശ്രവണം, സംഭാഷണം, വായന, എഴുത്ത് എന്നീ നാല് ഭാഷാശേഷികളും ഒരുപോലെ പരിപോഷിപ്പിക്കുന്നതിനായി 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ വാചിക മൂല്യനിർണ്ണയം (Structured Oral Assessment) നടപ്പിലാക്കുന്നു. നിലവിലെ പരീക്ഷകൾ എഴുത്തിന് മാത്രം ഊന്നൽ നൽകുന്നതിനാൽ കുട്ടികളുടെ ആശയവിനിമയ ശേഷി വേണ്ടത്ര വികസിക്കുന്നില്ല. സ്കൂൾ മേധാവികളുടെയും ഇംഗ്ലീഷ് അധ്യാപകരുടെയും നേതൃത്വത്തിൽ ഘട്ടങ്ങളായി നടപ്പാക്കുന്ന ഈ പദ്ധതി, കൃത്യമായ അവലോകനങ്ങളിലൂടെ കുട്ടികളുടെ വാചികമായ ഭാഷാവിനിമയ ശേഷിയും ആത്മവിശ്വാസവും പ്രായോഗിക ഭാഷാപ്രയോഗവും ഉറപ്പാക്കുന്നു.

***ലക്ഷ്യങ്ങൾ***

- എല്ലാ ക്ലാസുകളിലും കുട്ടികളുടെ പ്രായത്തിന് അനുയോജ്യമായ വാചിക മൂല്യനിർണ്ണയം നടപ്പിലാക്കുക.
- ഭാഷാ വിനിമയ ശേഷികൾ ശക്തിപ്പെടുത്തുകയും വിലയിരുത്തൽ സൂചകങ്ങൾ ഏകീകരിക്കുകയും ചെയ്യുക.
- വാചിക പരീക്ഷകൾ നടത്തുന്നതിൽ അധ്യാപകർക്ക് മാർഗനിർദേശങ്ങൾ നൽകുക.
- നിരന്തര മൂല്യനിർണ്ണയത്തിലും (formative evaluation) വാർഷിക/സമ്മറ്റീവ് മൂല്യനിർണ്ണയത്തിലും (summative evaluation) വാചിക പരീക്ഷകളെ ഉൾപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- ക്ലാസ്സ് അധിഷ്ഠിത പ്രവർത്തനങ്ങൾ, വിലയിരുത്തൽ റൂബ്രിക്സ്, മാർഗനിർദേശങ്ങൾ എന്നിവ തയ്യാറാക്കൽ - സംസ്ഥാനതലം
- ടാസ്ക് കാർഡുകൾ, ചോദ്യസൂചകങ്ങൾ , ചോദ്യശേഖരം എന്നിവ തയ്യാറാക്കലും തിരഞ്ഞെടുക്കപ്പെട്ട ക്ലാസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക.
- വാചിക മൂല്യനിർണ്ണയത്തെയും പരിശോധനാ രീതികളെയും കുറിച്ച് ശില്പശാലകൾ സംഘടിപ്പിക്കൽ - സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ.
- എല്ലാ വിദ്യാർഥികൾക്കുമായി ടേം അടിസ്ഥാനത്തിൽ വാചിക പരീക്ഷകൾ നടത്തുകയും പ്രകടനം രേഖപ്പെടുത്തുകയും ചെയ്യുക.

പ്രവർത്തന പുരോഗതി വിലയിരുത്തി തുടർനിർദേശങ്ങൾ നൽകൽ.

### 3.3.16. Voices Beyond Words (വാക്കുകൾക്കുമപ്പുറം) (സെക്കൻഡറി)

ലേഖനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളിൽ പോലും വിലപ്പെട്ട ആശയങ്ങളും ഭാവനയും ചിന്തകളും അടങ്ങിയിട്ടുണ്ടെന്ന തിരിച്ചറിവാണ് ഈ പദ്ധതിയുടെ കാതൽ. ഉപജില്ലാ ജേർണൽ പോലുള്ള സമഗ്രമായ പ്ലാറ്റ്ഫോമുകളിലൂടെ ഓരോ പഠിതാവിന്റെയും ശബ്ദത്തിന് ആവിഷ്കാര സ്വാതന്ത്ര്യവും അംഗീകാരവും ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വായനയെ വെറുമൊരു ശേഷിയെന്നതിലുപരി സ്വയം പ്രകടിപ്പിക്കാനുള്ള ഇടമായി കാണുന്ന ഈ പദ്ധതി, കുട്ടികളിൽ ആത്മവിശ്വാസം, സർഗാത്മകത, സാമൂഹിക പങ്കാളിത്തത്തിന് ആവശ്യമായ മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നു. വാക്കുകൾക്കപ്പുറം എന്ന പദ്ധതി പ്രധാനമായും വിദ്യാർഥികളുടെ രചനാശേഷി വർധിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

***ലക്ഷ്യങ്ങൾ***

- പഠിതാക്കൾക്ക് അവരുടെ ചിന്തകളും ആശയങ്ങളും വികാരങ്ങളും അവരുടെ രചനകളിലൂടെ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
- വിദ്യാർഥികളെ സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുകയും വ്യത്യസ്തമായ രചനാ ശൈലികൾ പരിചയപ്പെടുത്തുകയും ചെയ്യുക.
- ദൈനംദിന അനുഭവങ്ങളെയും സംഭവങ്ങളെയും കുറിച്ച് കുറിപ്പുകൾ എഴുതാൻ പിന്തുണ നൽകുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല സംഘടിപ്പിക്കൽ.
- സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമുള്ള പരിശീലനം സംഘടിപ്പിക്കൽ.
- ഉപജില്ലയിലെ ഏറ്റവും മികച്ച ജേർണൽ തിരഞ്ഞെടുക്കലും പുരസ്കാരം നൽകലും.

### 3.4. ബാന്റ് കോമ്പറ്റീഷൻ (Inter School Band Competition)




വിദ്യാലയങ്ങളിലെ ബാന്റ് ട്രൂപ്പുകൾ കുട്ടികളിൽ ധൈര്യം, പ്രവർത്തനോന്മുഖത, ഒത്തൊരുമ, പരസ്പര ബഹുമാനം,

പങ്കാളിത്തം എന്നിവ വളർത്തുന്നതിന് സഹായിക്കുന്നു. സെക്കൻഡറി വിഭാഗത്തിലുള്ള കുട്ടികളുടെ ടീമിനെ പങ്കെടുപ്പിച്ചുകൊണ്ടാണ് വിവിധതലങ്ങളിലായി ബാന്റ് കോമ്പറ്റീഷൻ സംഘടിപ്പിക്കുന്നത്.

***ലക്ഷ്യങ്ങൾ***

- കുട്ടികളിൽ ഭരണഘടനാ മൂല്യങ്ങൾ ഉറപ്പിക്കുക, ദേശസ്നേഹത്തിന്റെയും ദേശീയ ഐക്യത്തിന്റെയും മനോഭാവം വളർത്തിയെടുക്കുകയും ചെയ്യുക.
- സമഗ്രമായ വിദ്യാഭ്യാസ പാതയിലേക്ക് വിദ്യാർഥികളെ പ്രചോദിപ്പിക്കുക.
- ആത്മവിശ്വാസവും പാരസ്പര്യബോധവും വളർത്തിയെടുക്കുക.

***പ്രവർത്തനങ്ങൾ***

- സെക്കന്ററിതലത്തിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ബ്രാസ് ബാൻഡ്, പൈപ്പ് ബാൻഡ് എന്നീ ഇനങ്ങളിൽ വിവിധ തലങ്ങളിൽ മത്സരം സംഘടിപ്പിക്കൽ.
- വിവിധ ഇനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിനെ സോണൽ/ദേശീയതല മത്സരത്തിൽ പങ്കെടുപ്പിക്കൽ.

## 3.5 Foundational Learning Study (FLS)

നിപുൺ ഭാരത് മിഷന്റെ സാർവത്രിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ സമഗ്ര ശിക്ഷ കേരളം പ്രൈമറി ക്ലാസുകളിലെ ഓരോ കുട്ടിയും മൂന്നാം ക്ലാസ് പൂർത്തിയാക്കുമ്പോൾ ഈ ലക്ഷ്യങ്ങൾ നേടുന്നുണ്ടെന്ന് സദാ ജാഗ്രതയോടെ പ്രവർത്തിക്കുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആരംഭിച്ച നാഷണൽ ഇനിഷ്യേറ്റീവ് ഫോർ റീഡിംഗ് വിത്ത് അണ്ടർസ്റ്റാൻഡിംഗ് ആൻഡ് ന്യൂമറസി പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ പഠനനില രേഖപ്പെടുത്തുകയും ആവശ്യാനുസരണം പഠനപ്രവർത്തന പാക്കേജുകൾ തയ്യാറാക്കി പഠന പിന്തുണാപ്രവത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.



**Foundational Learning Study (FLS)**

| | |
|---|---|
| കുട്ടികളുടെ എണ്ണം | 496394 |
| അനുവദിച്ച തുക | 3073.15 |



***ലക്ഷ്യങ്ങൾ***

- പ്രത്യേക ടൂൾ വികസിപ്പിച്ച് ഓരോ കുട്ടിയുടെയും പഠനനില ശാസ്ത്രീയമായി കണ്ടെത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.
- കുട്ടികൾക്ക് അവരുടെ പഠനനില തിരിച്ചറിഞ്ഞ് മുന്നേറുന്നതിന് അവസരം നൽകുക.
- മുഴുവൻ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുവാൻ അധ്യാപകർക്ക് ആത്മവിശ്വാസം നൽകുക.
- മുഴുവൻ കുട്ടികൾക്കും അടിസ്ഥാന ഭാഷാഗണിതശേഷി ഉറപ്പാക്കുക

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാലയും സ്റ്റഡിടൂൾ വികസിപ്പിക്കലും.
- പൊതു വിദ്യാലയങ്ങളിലെ മൂന്നാം ക്ലാസ് കുട്ടികളുടെ പഠനനിലവാരം ടൂൾ ഉപയോഗിച്ച് കണ്ടെത്തൽ.
- പഠന വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാലയവും പ്രത്യേകം പ്രവർത്തന പാക്കേജ് വികസിപ്പിക്കുന്നു.
- പ്രവർത്തന പാക്കേജ് പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കൽ.
- പോസ്റ്റ് ടെസ്റ്റ്, മികവ് പ്രഖ്യാപനം സംഘടിപ്പക്കൽ.

### 3.5.1. വായനാച്ചെപ്പ്

പരമ്പരാഗത ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിന്നുമാറി കളിയിലൂടെയും പര്യവേക്ഷണത്തിലൂടെയും അടിസ്ഥാന സാക്ഷരത വളർത്തുന്നതിന് എസ് എസ് കെ നടപ്പിലാക്കുന്ന പ്രവർത്തനമാണ് വായനാച്ചെപ്പ്.

***ലക്ഷ്യങ്ങൾ***

- നിപുൺ ഭാരത് ലക്ഷ്യങ്ങൾ പൂർത്തീകരിച്ചുകൊണ്ട് പ്രീസ്കൂൾ വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- മെച്ചപ്പെട്ട വൈജ്ഞാനിക വളർച്ച കുട്ടികളിൽ ഉറപ്പാക്കുക.
- വായനയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാലയും മാർഗനിർദേശങ്ങൾ തയ്യാറാക്കലും.
- ഭാഷാ വിദഗ്ധരെക്കൊണ്ട് പുസ്തകപ്പട്ടികകളും ഡിജിറ്റൽ സാമഗ്രികളും തയ്യാറാക്കൽ.
- പുസ്തകങ്ങൾ, സ്റ്റോറി കാർഡുകൾ ഇവയുടെ വിതരണം - സ്കൂൾ തലത്തിൽ.
- ജില്ലാ, ബ്ലോക്ക് തല പരിശീലനം - മാർഗരേഖ പരിചയപ്പെടുത്തൽ.
- ബി.ആർ.സി.തല വായനോത്സവങ്ങളുടെ സംഘാടനം

### 3.5.2 വർണ്ണക്കൂടാരം

കേരളത്തിലെ സർക്കാർ പ്രീപ്രൈമറി സ്കൂളുകളെ അന്താരാഷ്ട്രനിലവാരമുള്ളതും ശിശുസൗഹൃദവുമായ പഠനാന്തരീക്ഷമാക്കി മാറ്റുന്നതിനായി STARS പദ്ധതിയുടെ കീഴിൽ സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കിയ ഒരു പദ്ധതിയാണ് വർണ്ണക്കൂടാരം. പരമ്പരാഗത ക്ലാസ്റൂം പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി ശാസ്ത്രീയവും പ്രവർത്തനാധിഷ്ഠിതവും അനുഭവാധിഷ്ഠിതവുമായ ഒരു മാതൃകയിലേക്ക്

പ്രീപ്രൈമറി വിദ്യാഭ്യാസം മാറുകയുണ്ടായി. കുട്ടികളുടെ ശാരീരികവും വൈജ്ഞാനികവും വൈകാരികവുമായ വളർച്ചയിൽ സമഗ്ര വികസനം ലക്ഷ്യമിട്ടതായിരുന്നു വർണ്ണക്കൂടാരം പദ്ധതി. ഓരോ പ്രീപ്രൈമറി സ്കൂളുകളിലും 13 പ്രത്യേക പ്രവർത്തന ഇടങ്ങൾ സൃഷ്ടിച്ച് പ്രീ-പ്രൈമറി കുട്ടികളുടെ എല്ലാ വികാസമേഖലകളുടെയും വളർച്ച ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖമുദ്ര.

***ലക്ഷ്യങ്ങൾ***

- സർക്കാർ പ്രീ പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
- മെച്ചപ്പെട്ട സുരക്ഷയും ശുചിത്വവും ഉറപ്പാക്കുക.
- കുട്ടികൾക്ക് അവരുടെ പ്രവർത്തനങ്ങൾ പര്യവേഷണത്തിലൂടെ പൂർത്തീകരിക്കാൻ അവസരം ഒരുക്കുക.
- പഠനപ്രക്രിയയിൽ കൺസ്ട്രക്ടിവിസ്റ്റ് സമീപനം ഉറപ്പുവരുത്തുക.

***പ്രവർത്തനങ്ങൾ***

- വർണ്ണക്കൂടാരങ്ങളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ ഫോർമാറ്റ് തയ്യാറാക്കൽ.
- തയ്യാറാക്കിയ ഫോർമാറ്റ് സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലത്തിൽ പരിചയപ്പെടുത്തൽ.
- ഫോർമാറ്റിലൂടെ മനസ്സിലാക്കിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കലും അറ്റകുറ്റപണിക്കുള്ള ഫണ്ട് അനുവദിക്കലും.

### 3.5.3 ലിറ്റിൽ മാത്ത്മാജീഷ്യൻസ്

പ്രീ-പ്രൈമറി തലത്തിലെ തീമുകളെ അടിസ്ഥാനമാക്കിയുള്ള വിവിധ കളികളിലൂടെയും നേരനുഭവങ്ങൾ നൽകുന്ന പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ലിറ്റിൽ മാത്തമജീഷ്യൻസ്. കുട്ടികളിലെ പ്രശ്നപരിഹാരശേഷികൾ, യുക്തി ചിന്താ, സംഖ്യബോധം എന്നിവ വികസിപ്പിക്കുന്നതിനും ഈ പദ്ധതി പ്രാധാന്യം നൽകുന്നു.

***ലക്ഷ്യങ്ങൾ***

- പ്രീപ്രൈമറി കുട്ടികളിൽ സർഗാത്മകത, വൈജ്ഞാനിക വികസനം എന്നിവയുടെ വളർച്ച ഉറപ്പാക്കുക.
- ക്ലാസ്മുറികളിൽ നൂതനമായ അധ്യാപനരീതികൾ ഉപയോഗിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- ക്ലാസ്സ് മുറികളിൽ വൈവിധ്യമാർന്ന അധ്യാപന തന്ത്രങ്ങൾ നടപ്പിലാക്കുന്നതിന് അധ്യാപകരിൽ ആത്മവിശ്വാസം വളർത്തുക.
- പഠിതാക്കൾക്ക് മെച്ചപ്പെട്ട ക്ലാസ്സ് റൂം അനുഭവങ്ങൾ ലഭ്യമാക്കുക.
- ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പിന്തുണ ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതലത്തിൽ മാർഗരേഖ തയ്യാറാക്കൽ.
- ജില്ലാ, ബ്ലോക്ക് തലത്തിൽ മാർഗരേഖ പരിചയപ്പെടുത്തൽ അധ്യാപകർക്ക് പരിശീലനം നൽകൽ.
- പരിപാടി വിദ്യാലയങ്ങളിൽ നടപ്പിലാക്കൽ.

### 3.5.4 പ്രീസ്കൂൾ ഉത്സവങ്ങൾ

വികസനത്തിന് അനുയോജ്യമായ പാഠ്യപദ്ധതി, പഠന പ്രവർത്തനങ്ങൾ, അധ്യാപന രീതികൾ, പ്രീപ്രൈമറി ക്ലാസ്സുകളിലെ സമൂഹ പങ്കാളിത്തം എന്നിവക്ക് സമഗ്ര ശിക്ഷാ കേരളം ഊന്നൽ നൽകികൊണ്ട് നടത്തുന്ന പ്രവർത്തനമാണ് പ്രീ-പ്രൈമറി ഉത്സവങ്ങൾ. മികച്ച സാമൂഹിക പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ പരിപാടിയിൽ കഥോത്സവം, പാട്ടുത്സവം, വരയുത്സവം എന്നിങ്ങനെ സംഘടിപ്പിച്ച് കുട്ടികളുടെ എല്ലാ മേഖലയിലുമുള്ള സമഗ്രവികസനം ലക്ഷ്യമിടുന്നു.

***ലക്ഷ്യങ്ങൾ***

- പഠിതാക്കളിൽ സാംസ്കാരിക കഴിവുകൾ വളർത്തിയെടുക്കുക.
- പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെയും രക്ഷകർത്താക്കളുടെയും പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

- പ്രീ-സ്കൂൾ ഉത്സവങ്ങളുമായി ബന്ധപ്പെട്ട മാർഗരേഖകൾ തയ്യാറാക്കൽ - സംസ്ഥാനതലം.
- പ്രീ—സ്കൂൾ ഉത്സവങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകൽ - ജില്ലാ, ബ്ലോക്ക് തലങ്ങളിൽ.
- സ്കൂൾ തല SMC / രക്ഷകർതൃ യോഗങ്ങൾ.
- പ്രീ-സ്കൂൾ ഉത്സവങ്ങളുടെ നടത്തിപ്പ്.

### 3.5.5 രക്ഷാകർതൃവിദ്യാഭ്യാസം

സമഗ്ര ശിക്ഷാ കേരളം ആദ്യകാല ശിശുപരിചരണവും വിദ്യാഭ്യാസവും എന്ന മേഖലയിൽ വളരെയധികം ശ്രദ്ധ നൽകി വരുന്നുണ്ട്. എസ് സി ഇ ആർ ടി കേരളം പ്രസിദ്ധീകരിച്ച പാഠ്യപദ്ധതിയെകുറിച്ച് രക്ഷിതാക്കൾക്ക് അവബോധമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രീ-പ്രൈമറി പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പിക്കുന്നതിനും രക്ഷിതാക്കളുടെ ഇടപെൽ ശക്തമാക്കുന്നതിനും ഇത്തരം ബോധവൽക്കരണ ക്ലാസ്സുകളിലൂടെ സാധിക്കുന്നു.

***ലക്ഷ്യങ്ങൾ***

- രക്ഷകർത്താക്കളെ ECCE യുടെയും SCP ECCE യുടെയും ലക്ഷ്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
- പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യയന പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക.
- അടിസ്ഥാന ഭാഷ, ഗണിതശേഷി വികസനത്തിലൂന്നിയ പ്രീ-പ്രൈമറി പാഠ്യപദ്ധതിയെക്കുറിച്ച് രക്ഷകർത്താക്കളെ ബോധവൽക്കരിക്കുക.
- മാതൃഭാഷാ വികസനത്തിലൂന്നിയ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷകർത്താക്കൾക്ക് അവബോധം നൽകുക.
- TLM / Toys എന്നിവയുടെ നിർമ്മാണത്തിൽ രക്ഷകർത്താക്കളുടെ കഴിവ് ഉപയോഗപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല മോഡ്യൂൾ നിർമ്മാണവും ജില്ലാ, ബ്ലോക്ക് തല പരിശീലനങ്ങളും.
- സ്കൂൾ തല രക്ഷാകർതൃ അവബോധം സംഘടിപ്പിക്കൽ.

### 3.5.6 പ്രീപ്രൈമറി ക്ലാസ്സുകളിലെ ശിശു സൗഹൃദ ഫർണ്ണിച്ചറുകൾ

പ്രീ-സ്കൂൾ ഫർണ്ണിച്ചർ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. ഈ ഫർണ്ണിച്ചർ കുട്ടികൾക്ക് പഠനോപകരണങ്ങളായും പ്രവർത്തിക്കുന്നുണ്ട്. നല്ലരീതിയിൽ രൂപകൽപന ചെയ്യപ്പെട്ട ശിശുസൗഹൃദ ഫർണ്ണിച്ചർ കുട്ടികൾക്ക് പഠനസ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നതോടൊപ്പം വിവിധ രൂപങ്ങൾ, അളവുകൾ, നിറങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും സഹായിക്കുന്നു. ഇത് കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് സഹായകമാണ്. ശിശുസൗഹൃദ ഫർണ്ണിച്ചർ ക്ലാസ്സ് റൂം അന്തരീക്ഷം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും പഠനാന്തരീക്ഷം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും കുട്ടികളുടെ മാനസിക വളർച്ചയ്ക്കും ഉതകുന്നു. പ്രീ-പ്രൈമറി സ്കൂൾ പദ്ധതിയുടെ ഭാഗമായി സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഡിസൈനുകളിലുള്ള ഫർണ്ണിച്ചർ രൂപകൽപന ചെയ്യുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

***ലക്ഷ്യങ്ങൾ***

- പഠന പ്രക്രിയ രസകരമാക്കുന്നതിൽ ശിശുസൗഹൃദ ഫർണ്ണിച്ചറുകളുടെ ഉപയോഗം ഉറപ്പാക്കുക.
- അനുയോജ്യമായ നിറങ്ങളും ആകൃതികളും തെരഞ്ഞെടുക്കുന്നതിലൂടെ മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- കുട്ടികൾക്ക് പഠന സാമഗ്രികൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തുവാൻ അവസരമൊരുക്കുക.





***പ്രവർത്തനങ്ങൾ***

- സംസ്ഥാന തലത്തിൽ മാർഗരേഖ തയ്യാറാക്കലും വിവിധ ആകൃതിയിലുള്ള ശിശുസൗഹൃദ ഫർണിച്ചറുകളുടെ തിരഞ്ഞെടുക്കലും.
- തിരഞ്ഞെടുത്ത സ്കൂളുകളിലെ ഹെഡ് ടീച്ചർമാർക്കും എസ് എം സി ചെയർപേഴ്സൺമാർക്കുമുള്ള പരിശീലനം.

### 3.5.7. BaLA (പ്രീ പ്രൈമറി സ്കൂളുകളിൽ)

സ്കൂളിന്റെ മുഴുവൻ ഭൗതിക പരിസ്ഥിതിയെയും ഒരു പഠനോപകരണമായി വികസിപ്പിക്കുക എന്നതാണ് BaLA പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അകം, പുറം, അങ്കണം തുടങ്ങിയ ഇടങ്ങൾ ഈ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

കുട്ടികൾ ഇത്തരം ഇടങ്ങളെ പഠന പ്രവർത്തനങ്ങൾക്കായി എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിലാണ് പ്രാധാന്യം നൽകുന്നത്. പ്രവർത്തനാധിഷ്ഠിതവും, ശിശുസൗഹൃദവും, ഉൾച്ചേർന്നതുമായ പഠന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ ഈ പദ്ധതി പ്രധാന പങ്കുവഹിക്കുന്നു.

***ലക്ഷ്യങ്ങൾ***

- പഠനപ്രവർത്തനങ്ങളിൽ സ്കൂളിനെ സർവതോന്മുഖമായി ഉൾക്കൊള്ളിക്കുക.
- സ്കൂൾ ഒരു ശിശുസൗഹൃദ മേഖലയാക്കി ഉറപ്പിക്കുക.
- ക്ലാസ്മുറികളിൽ രസകരമായ പഠനപ്രവർത്തനങ്ങൾ നടക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക.
- കുട്ടികൾക്ക് സ്വയം പഠിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.
- CWSN കുട്ടികൾക്ക് വേണ്ടി അനുരൂപീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

***പ്രവർത്തനങ്ങൾ***

- മാർഗനിർദേശങ്ങൾ തയ്യാറാക്കൽ - സംസ്ഥാനതലം.
- തിരഞ്ഞെടുത്ത സ്കൂളുകളിലെ ഹെഡ് ടീച്ചർമാർക്കും എസ് എം സി ചെയർപേഴ്സൺമാർക്കുമുള്ള ബോധവൽക്കരണം.
- പ്രീപ്രൈമറി കെട്ടിടത്തിൽ BaLA സവിശേഷതകൾ ഉൾപ്പെടുത്തൽ.

### 3.5.8. പ്രീസ്കൂളുകൾക്കുള്ള ഔട്ട്ഡോർ കളിസ്ഥല സാമഗ്രികൾ

കുട്ടികളുടെ ഇന്ദ്രിയപരമായ ആവശ്യങ്ങൾക്കും വികാസത്തിനും ഔട്ട്ഡോർ ഗെയിമുകൾ വളരെ പ്രധാനമാണ്. ഔട്ട്ഡോർ കളിയുപകരണങ്ങൾ കുട്ടിയുടെ മാനസികവും ശാരീരികവുമായ പ്രവർത്തനങ്ങൾ വികസിപ്പിക്കാനും തലച്ചോറിന്റെ വികാസത്തിനും സഹായിക്കുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. സാമൂഹ്യ അന്തരീക്ഷത്തിൽ കുട്ടികൾക്ക് ക്ഷമ, പരസ്പര സഹകരണം, നിരീക്ഷണം എന്നിവ വളർത്തുന്നതിനും ഔട്ട്ഡോർ ഗെയിമുകൾ സഹായിക്കുന്നു.




***ലക്ഷ്യങ്ങൾ***

- കുട്ടികളിലെ ശാരീരിക ചാലകശേഷികൾ വികസിപ്പിക്കാൻ സഹായിക്കുക.
- സമ്പന്നമായ ഇന്ദ്രിയാനുഭവങ്ങൾ നൽകുക.
- കുട്ടികളുടെ സാമൂഹിക/വൈകാരിക വികാസങ്ങൾ മെച്ചപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- മാർഗരേഖകൾ തയ്യാറാക്കൽ - സംസ്ഥാനതലം
- തിരഞ്ഞെടുത്ത സ്കൂളുകളിലെ ഹെഡ് ടീച്ചർമാർക്കും എസ് എം സി ചെയർപേഴ്സൺമാർക്കും അവബോധം നൽകൽ.
- കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആസൂത്രണത്തിന് എസ് എം സി മീറ്റിംഗ് സ്കൂളിൽ സംഘടിപ്പിക്കൽ.
- പുറം കളിയുപകരണങ്ങൾ സ്ഥാപിക്കൽ.

### 3.5.9. കുട്ടികൾക്കുള്ള ടി എൽ എം (പ്രീപ്രൈമറി മുതൽ ഗ്രേഡ് 2 വരെ)

ക്ലാസ്റൂം പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിൽ പഠനസാമഗ്രികളുടെ പ്രാധാന്യം വളരെ വലുതാണ്. പ്രത്യേകിച്ച് പ്രീസ്കൂൾ ക്ലാസുകളിൽ ഇത്തരം പഠനസാമഗ്രികൾ കുട്ടികളിലേക്ക് പാഠഭാഗത്തിലെ ആശയം കൃത്യമായി എത്തിക്കുന്നതിന് അധ്യാപകരെ സഹായിക്കുന്നു. കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിന് സഹായിക്കുന്ന എല്ലാ മേഖലകളിലേക്കും കുട്ടികളെ എത്തിക്കുന്നതിൽ ഈ പഠനസാമഗ്രികൾ വഹിക്കുന്ന പങ്കു ചെറുതല്ല. തീമുകളെ അടിസ്ഥാനമാക്കി നൽകുന്ന പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് കുട്ടികളിലെ ശേഷീ വികാസത്തിന്റെ ഫലപ്രാപ്തി അളക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കുന്നതിന് ആക്ടിവിറ്റി കാർഡുകൾ ഉൾപ്പെടെയുള്ള പഠന സാമഗ്രികൾ നിർമ്മിക്കുന്നു.

***ലക്ഷ്യങ്ങൾ***

- പഠനപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുക.
- കുട്ടികൾക്ക് ആക്ടിവിറ്റി കാർഡുകൾ നൽകി ക്ലാസ്റൂം പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുക.
- പഠനപ്രവർത്തനങ്ങൾ സന്തോഷകരമാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതലത്തിൽ ആക്ടിവിറ്റി കാർഡുകൾ തയ്യാറാക്കൽ.
- പ്രീപ്രൈമറി അധ്യാപകർക്ക് പിന്തുണ നൽകൽ. (ബി ആർ സി, സി ആർ സി തലം) - കാർഡുകൾ വിതരണം ചെയ്യൽ.
- രക്ഷിതാക്കൾക്കുള്ള അവബോധം (വീട്ടിൽ കുട്ടികൾക്ക് പിന്തുണ നൽകുന്നതുമായി ബന്ധപ്പെട്ട്).

### 3.5.10. നൂതനമായ പെഡഗോജികൾ നടപ്പിലാക്കുന്നതിനുള്ള അധ്യാപനപഠന സാമഗ്രികൾ - ഗ്രേഡ് 1, 2

#### 3.5.10.1.മൊഴികിലുക്കം : നൂതനമായ അധ്യാപനത്തിലൂടെ അടിസ്ഥാന സാക്ഷരത ശക്തിപ്പെടുത്തൽ

ഇപ്പോൾ തുടർന്നു വരുന്ന സചിത്ര പാഠപുസ്തകത്തിന്റെയും സംയുക്ത ഡയറിയുടെയും ഒരു തുടർച്ചയായാണ് ഈ പരിപാടി അവതരിപ്പിക്കപ്പെട്ടത്. ഒരു അക്കാദമിക വർഷം കുട്ടികൾ കടന്നു വന്ന പഠനപ്രവർത്തനങ്ങളുടെയും പഠനപുരോഗതിയുടെയും പ്രദർശനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ അടിസ്ഥാനശേഷികളുടെ വികാസവും പുരോഗതിയും ഉറപ്പിക്കുന്നതിനുള്ള ഒൻപത് ഇനങ്ങളിൽ കുട്ടികൾ നേടിയ ശേഷികളുടെ വിലയിരുത്തലും ഇതിൽ നടത്തുന്നു.

***ലക്ഷ്യങ്ങൾ***

- കുട്ടികളുടെ ആശയഗ്രഹണ ശേഷി വികാസം ഉറപ്പാക്കുക.
- സാമൂഹിക അവബോധം വളർത്തുക.
- ആശയങ്ങൾ പരസഹായമില്ലാതെ അവതരിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തുക.

*പ്രവർത്തനങ്ങൾ*

- പ്രവർത്തന കലണ്ടറിന്റെ ആസൂത്രണവും നിർമ്മാണവും (സംസ്ഥാനതലം).
- പ്രവർത്തന കലണ്ടറിന്റെ പരിചയപ്പെടുത്തൽ - ജില്ലാ, ബ്ലോക്ക് തലം.
- പഠന ബോധന സാമഗ്രികൾ നിർമ്മിക്കലും വിതരണവും.

### 3.5.10.2. Drama Sprouts: ശക്തമായ ഒരു ബോധനഉപകരണം എന്ന നിലയിൽ സർഗാത്മക നാടകം (ഭാഷാ ക്ലാസ്സുകളിൽ)

പ്രീ-പ്രൈമറി ക്ലാസുകളിൽ, ഭാഷാപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിനും ഭാവന വളർത്തുന്നതിനും സാമൂഹിക- വൈകാരിക കഴിവുകൾ വികസിപ്പിക്കുന്നതിനുമുള്ള ഒരു ചലനാത്മക മാർഗമായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

*ലക്ഷ്യങ്ങൾ*

- കുട്ടികളിലെ ആശയവിനിമയശേഷി വർധിപ്പിക്കുക.
- കുട്ടികളിൽ മെച്ചപ്പെട്ട പദാവലിയും വാക്യഘടനയും ഉറപ്പിക്കുക.
- ശ്രവണശേഷിയും കഥപറയാനുള്ള കഴിവും മെച്ചപ്പെടുത്തുക.
- സഹകരണം, സഹാനുഭൂതി, ആത്മവിശ്വാസം എന്നിവ വളർത്തുക.
- വൈവിധ്യമാർന്ന പഠന ശൈലികളെ (ദൃശ്യ, ശ്രാവ്യ, ചലനാത്മക) അഭിസംബോധന ചെയ്യാൻ പ്രാപ്തരാക്കുക.

*പ്രവർത്തനങ്ങൾ*

- സംസ്ഥാനതല ആശയ രൂപീകരണ ശിൽപശാല - അധ്യാപക മോഡ്യൂൾ നിർമ്മാണം.
- അധ്യാപകർക്ക് ജില്ലാ, ബ്ലോക്ക് തല പരിശീലനം.
- സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കൽ.

### 3.5.10.3. Reading Pathways - വായനാ കാർഡുകളിലൂടെ ഭാഷാ വൈദഗ്ധ്യം വർധിപ്പിക്കൽ

വായനാശേഷിയിൽ ഒരേ പ്രായത്തിലുള്ള വിദ്യാർഥികൾ പലപ്പോഴും വ്യത്യസ്ത നിലവാരം പ്രകടിപ്പിക്കാറുണ്ട്. വിദ്യാർഥികളിൽ വായനയിൽ താൽപര്യവും ഗ്രഹണ ശേഷിയും വർധിപ്പിക്കുന്നതിന് വായനാ കാർഡുകൾ സഹായിക്കുന്നു. ലളിതമായ പ്രവർത്തനങ്ങളിൽ നിന്നും സങ്കീർണ്ണമായവയിലേക്ക് ഘട്ടംഘട്ടമായി പുരോഗമിക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

*ലക്ഷ്യങ്ങൾ*

- പദസമ്പത്ത് വർധിപ്പിക്കൽ.
- ആശയഗ്രഹണ വായനാശേഷി മെച്ചപ്പെടുത്തൽ.
- സ്വതന്ത്രവായന പരിപോഷിക്കുന്നതിന്.

*പ്രവർത്തനങ്ങൾ*

- ക്ലാസുകൾക്കനുസൃതമായ വായനാ കാർഡുകൾ തയ്യാറാക്കൽ.
- പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകൽ.
- വായനാ പുരോഗതിയുടെ വ്യക്തിഗത പോർട്ട്ഫോളിയോകൾ തയ്യാറാക്കി രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്തൽ (ക്ലാസ് പി.ടി.എ., വാർഷിക യോഗങ്ങൾ തുടങ്ങിയവയിലൂടെ).

### 3.5.10.4. നിപുൺ മഞ്ചാടി സഞ്ചി NIPUN Maths Kit for Class 1 & 2

പ്രൈമറി ക്ലാസുകളിലെ വിദ്യാർഥികളിൽ ഗണിതവിഷയത്തോടുള്ള താൽപര്യം വർധിപ്പിക്കുന്നതിന് ക്ലാസ്മുറികളിൽ ഉപയോഗിക്കുന്ന നൂതന പഠനരീതികളിലൂടെയും സാധിക്കും. എണ്ണാനുള്ള ബ്ലോക്കുകൾ, മുത്തുകൾ, മഞ്ചാടിക്കുരുക്കൾ, ഗെയിം ബോർഡുകൾ, പസിലുകൾ തുടങ്ങി സംഖ്യകളും ഗണിതക്രിയകളും അടങ്ങിയ ഒരു ഗണിതശാസ്ത്ര കിറ്റാണ് നിപുൺ മഞ്ചാടി സഞ്ചി (NIPUN Manchadi Sanchi). ഇവ ഉപയോഗിച്ചുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ കുട്ടികളിൽ ഗണിതശാസ്ത്ര അടിത്തറ ശക്തമാക്കുന്നു.

***ലക്ഷ്യങ്ങൾ***

- 1, 2 ക്ലാസുകളിലെ വിദ്യാർഥികളുടെ ഗണിതശാസ്ത്ര പ്രവീണ്യം മെച്ചപ്പെടുത്തുക.
- ഗണിതശാസ്ത്ര പഠനത്തിൽ കുട്ടികളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ ഭൗതിക വസ്തുക്കൾ നൽകുക.
- പ്രൈമറി ക്ലാസ്സ്മുറികളിൽ ഗണിതശാസ്ത്ര പഠനത്തിലൂടെ സഹപാഠികൾക്കിടയിൽ കൂട്ടായ്മയും സഹകരണവും വളർത്തുക.

***പ്രവർത്തനങ്ങൾ***

- ഗണിത കിറ്റിലേക്കാവശ്യമായ ഗെയിം ബോർഡുകളും പസിൽ കാർഡുകളും തയ്യാറാക്കൽ.
- കിറ്റിലേക്കുള്ള പ്രാദേശിക ബോധന സാമഗ്രികൾ ശേഖരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കൽ.
- അധ്യാപകർക്ക് ബി.ആർ.സി തലത്തിൽ ശേഷി വികസന പരിശീലനം.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ.
- സ്കൂൾതലത്തിൽ 1, 2 ക്ലാസുകളിലെ മുഴുവൻ പഠിതാക്കൾക്കുമായി 'നിപുൺ മഞ്ചാടി സഞ്ചി' വിതരണം.

### 3.5.10.5. കഥയും കണക്കും

ക്ലാസ്മുറികളിൽ പഠനം കൂടുതൽ രസകരമാക്കുന്നതിനുവേണ്ടി പ്രാദേശിക കഥകളിൽ ഗണിതശാസ്ത്ര ആശയങ്ങൾ ഉൾപ്പെടുത്തി ഉപയോഗപ്പെടുത്താവുന്നതാണ് കഥയും കണക്കും' എന്ന ഈ പദ്ധതി. കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നതിനുവേണ്ടി പ്രയാസം നേരിടുന്ന മേഖലകൾ തിരഞ്ഞെടുത്ത് പ്രാദേശികകഥകളിലെ കഥാപാത്രങ്ങളെ അവതരിപ്പിച്ച് എളുപ്പമാക്കി മാറ്റുന്നു.

***ലക്ഷ്യങ്ങൾ***

- 1, 2 ക്ലാസുകളിലെ ഗണിതപഠനം കൂടുതൽ രസകരമാക്കുക.
- കഥകളിലൂടെ കുട്ടികളിൽ ഗണിതശാസ്ത്ര ആശയങ്ങൾ കൂടുതൽ ഉറപ്പിക്കുക.
- ഗണിത ക്ലാസുകളിൽ നൂതന ബോധന രീതികൾ ആത്മവിശ്വാസത്തോടെ നടപ്പിലാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- ഗണിത പ്രമേയമുള്ള കഥകളോ കവിതകളോ എഴുതുവാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ശിൽപശാല
- തിരഞ്ഞെടുത്ത സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തൽ.

- പരീക്ഷണാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പഠന സാമഗ്രികൾ മെച്ചപ്പെടുത്തൽ.

### 3.5.10.6. LATA നാടകത്തിലൂടെയും കഥയിലൂടെയുമുള്ള ഭാഷാ സ്വായത്തമാക്കൽ ഇംഗ്ലീഷ് (ക്ലാസ് 1 & 2)

പ്രൈമറി ക്ലാസുകളിൽ, ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ നാടകങ്ങളും കഥകളും ഉൾപ്പെടുത്തുന്നത് കുട്ടികളുടെ ആശയ വിനിമയ ശേഷി വർധിപ്പിക്കുകയും സർഗാത്മകത വളർത്തുകയും കുട്ടികൾക്ക് ഭാഷയെക്കുറിച്ച് കൂടുതൽ വ്യക്തമായ അവബോധം ലഭിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി നാടകം, റോൾ പ്ലേ, കഥപറച്ചിൽ, പാവ നാടകം, റീഡേഴ്സ് തിയേറ്റർ, ഭാഷാ ഗെയിമുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

***ലക്ഷ്യങ്ങൾ***

- ആഴത്തിലുള്ളതും ആകർഷകവുമായ ഭാഷാപഠനാനുഭവങ്ങൾ നൽകുക.
- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കൽ മെച്ചപ്പെടുത്തുക.
- ഇംഗ്ലീഷ് പഠനം രസകരവും കൗതുകകരവുമാക്കുക.
- സർഗാത്മകത വളർത്തുകയും ഇംഗ്ലീഷ് ഭാഷയെക്കുറിച്ച് ആഴത്തിലുള്ള അവബോധം വളർത്തുകയും ചെയ്യുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശിൽപശാലയും അധ്യാപകർക്കുള്ള പഠനവിഭവ സാമഗ്രികളുടെ വികസനവും.
- ജില്ലാ, ബ്ലോക്ക് തലത്തിലുള്ള അധ്യാപക പരിശീലനങ്ങൾ.
- സ്കൂൾ തലത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- കൃത്യമായ ഇടവേളകളിലുള്ള വിലയിരുത്തലുകൾ.

### 3.5.10.7. FLEP (അടിസ്ഥാന പഠന പരിപോഷണ പദ്ധതി) ക്ലാസ് 3-5

പ്രസ്തുത ക്ലാസുകളിലെ കുട്ടികൾ ഭാഷയിലും ഗണിതത്തിലും ദേശീയ ശരാശരിയേക്കാൾ ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്നുവെങ്കിലും പല അടിസ്ഥാന ശേഷികളും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗണിതത്തിലെ ജ്യാമിതി, ഹരണ ആശയങ്ങൾ, പ്രായോഗിക പ്രശ്ന പരിഹാരം, സ്ഥാനവില, ഭാഷയിലെ വായനാ ഗ്രഹണശേഷി, പാരിസ്ഥിതിക വായന തുടങ്ങിയവയിൽ കുട്ടികൾ പിന്നിലാണ്. പ്രസ്തുത പഠന വിടവുകളെയാണ് FLEP ലക്ഷ്യമിടുന്നത്.

***ലക്ഷ്യങ്ങൾ***

- 3-5 ക്ലാസുകളിലെ ഗണിതശാസ്ത്ര പഠന നേട്ടങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- 3-5 ക്ലാസുകളിലെ വായനാ ഗ്രാഹ്യശേഷി മെച്ചപ്പെടുത്തുക.
- ഓരോ ടേമിലെയും FLN (അടിസ്ഥാന ഭാഷാ ഗണിതശാസ്ത്ര) ശേഷികൾ നിരീക്ഷിക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- വിഭവക്കുറിപ്പ് (FLN ലോഞ്ച് പാഡ്) - ക്ലാസ്റൂം തലത്തിൽ.
- ഗണിതക്കരുത്ത് - ഗണിത ശാസ്ത്ര ആശയങ്ങളിലെ വിടവ് നികത്തൽ.
- വായനാതെളിച്ചം - അടിസ്ഥാന അക്ഷരാഭ്യാസവും വായനയിലൂടെയുള്ള ഗ്രഹണശേഷി ശക്തിപ്പെടുത്തലും.

- പഠന മികവ് രേഖ - പഠന പുരോഗതി നിരീക്ഷിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം.
- അക്ഷരക്കൂട്ടം - സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും പങ്കാളിത്തം.
- അറിവുലകം - സ്കൂളുകളിലെ ഐ ടി അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തൽ.

### 3.5.10.8. അധ്യാപകരുടെ ശേഷി വികസനം (പ്രീ-പ്രൈമറി മുതൽ 5 വരെ)

### 1 പ്രീ-പ്രൈമറി അധ്യാപകർക്കുള്ള പരിശീലനം

കേരള കരിക്കുലം ഫ്രെയിംവർക്ക് (KCF) 2023, അധ്യാപകരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിൽപരമായ മേഖലയിലെ പുതിയ മാറ്റങ്ങളും മുന്നേറ്റങ്ങളും മനസ്സിലാക്കുന്നതിനുമായി നിരന്തര പ്രൊഫഷണൽ വികസനത്തിന് (CPD) പ്രാധാന്യം നൽകുന്നു. പ്രീ-പ്രൈമറി മേഖലയിലെ പ്രവർത്തനങ്ങൾ തുടർച്ചയായി വികസിപ്പിച്ചു കൊണ്ടിരിക്കുന്നതിനാൽ ഇത് വളരെ നിർണ്ണായകമാണ്. പ്രീ-പ്രൈമറി സ്കൂളുകളിലെ 2941 അധ്യാപകർക്കായി 10 ദിവസത്തെ പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കളിപ്പാട്ട നിർമ്മാണം, പാവകളി, കല, കരകൗശലം എന്നിവയിൽ പ്രായോഗിക പരിശീലനം നൽകാൻ ഇതിലൂടെ ഉദ്ദേശിക്കുന്നു.

***ലക്ഷ്യങ്ങൾ***

KCF 2023-നെ അടിസ്ഥാനമാക്കിയുള്ള പ്രാരംഭ ഘട്ടത്തിനായുള്ള (Foundational Stage) മാർഗനിർദേശ തത്വങ്ങളെക്കുറിച്ചും ECCE-യുടെ നിർദിഷ്ട ലക്ഷ്യങ്ങളെക്കുറിച്ചും ആവശ്യമായ അറിവ് നൽകുക.

പരിഷ്കരിച്ച കേരള പ്രീ പ്രൈമറി പാഠ്യപദ്ധതി നിർദേശിക്കുന്ന ആവശ്യമായ ബോധന നൈപുണ്യങ്ങൾ (Pedagogic skills) അധ്യാപകർക്ക് ലഭ്യമാക്കുക.

ECCE അധ്യാപകരുടെ സാങ്കേതികവിദ്യ നൈപുണ്യങ്ങൾ വർധിപ്പിക്കുക.

നിപുൺ ഭാരത് (NIPUN Bharat) വികസന ലക്ഷ്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.

അധ്യാപനത്തോട് ശരിയായ മനോഭാവം വികസിപ്പിച്ചെടുക്കുക.

അധ്യാപകരിൽ ആത്മവിശ്വാസം വളർത്തുക.

കുട്ടികളുടെ വ്യക്തിഗത വ്യത്യാസങ്ങളുടെ (Individual differences) പ്രാധാന്യം മനസ്സിലാക്കാനും അവരുടെ പരമാവധി വികസനത്തിനുമായി ഉചിതമായ നടപടികൾ സ്വീകരിക്കാനും അധ്യാപകരെ പ്രാപ്തരാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാന തലത്തിലുള്ള വിഷൻ വർക്ക്ഷോപ്പ് കഥപറച്ചിൽ, നാടകം, കലയും കരകൗശലവും, കളിപ്പാട്ട നിർമ്മാണം, സംഗീതം, നൃത്തം തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധർ പങ്കെടുക്കുന്നു.
- മോഡ്യൂൾ തയ്യാറാക്കൽ വർക്ക്ഷോപ്പ് സംസ്ഥാന തലം
- കോർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരിശീലനവും മോഡ്യൂളിന്റെ പ്രായോഗിക പരീക്ഷണവും (field level try out)
- പരീക്ഷണത്തിൽ നിന്നുള്ള അഭിപ്രായങ്ങളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ മോഡ്യൂൾ പരിഷ്കരിക്കൽ

- സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പരിശീലനം
- ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് പരിശീലനം
- പ്രീ-പ്രൈമറി അധ്യാപകർക്കായുള്ള 10 ദിവസത്തെ ക്ലസ്റ്റർ അടിസ്ഥാനമാക്കിയുള്ള പരിശീലനം

***2. 1, 2 ക്ലാസുകളിലെ അധ്യാപകർക്ക് 10 ദിവസത്തെ പരിശീലനം***

മൊഴിക്കിലുക്കം (Mozhikkilukkam), ഡ്രാമ സ്പ്രൗട്ട്സ് (Drama Sprouts), റീഡിംഗ് പാത്ത്‌വേയ്സ് (Reading Pathways) എന്നിവ ഉൾപ്പെടെയുള്ള നൂതന ഭാഷാ-ഗണിത ബോധനരീതികൾ നടപ്പിലാക്കുന്നതിനുള്ള കഴിവുകൾ 1, 2 ക്ലാസുകളിലെ അധ്യാപകർക്ക് ലഭ്യമാക്കുന്നതിനാണ് ഈ ശേഷി വികസന പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആകർഷവും സജീവവുമായ പ്രവർത്തനങ്ങൾ ക്ലാസുകളിൽ നടപ്പിലാക്കാൻ അധ്യാപകർക്ക് സാധ്യമാകുന്നു.

***ലക്ഷ്യങ്ങൾ***

- ഭാഷയിലും ഗണിതത്തിലും നൂതന ബോധനരീതികൾ ആത്മവിശ്വാസത്തോടെ നടപ്പിലാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- നിലവിലുള്ള മൂല്യനിർണയ രീതികളിൽ പുനർവിചിന്തനം നടത്തി പോർട്ട്ഫോളിയോ വിലയിരുത്തൽ അടക്കമുള്ള പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുക
- കലയിലൂടെയും നാടകത്തിലൂടെയും വൈവിധ്യമാർന്ന പഠനത്തെയും (differentiated learning) വൈകാരികമായ ബന്ധങ്ങളെയും പിന്തുണയ്ക്കുന്ന ക്ലാസ് മുറി അന്തരീക്ഷം പ്രോത്സാഹിപ്പിക്കുക.
- 'റീഡിംഗ് വീഡിയോകൾ', 'ലിറ്റിൽ ടോക്ക്' (Little Talk) റെക്കോർഡിംഗുകൾ എന്നിവയിലൂടെ വീട്ടിലെ വായനയെ പിന്തുണയ്ക്കാൻ രക്ഷിതാക്കളെ സജ്ജരാക്കുന്നതിൽ അധ്യാപകർക്ക് പരിശീലനം നൽകുക.

***പ്രവർത്തനങ്ങൾ***

- വർക്ക്ഷോപ്പുകൾ : നാടക തന്ത്രങ്ങൾ, പാഠാസൂത്രണം, ഗൈഡഡ് റീഡിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- ബ്ലെൻഡഡ് ലേണിംഗ് : നേരിട്ടുള്ള രീതികളുടെയും ഡിജിറ്റൽ രീതികളുടെയും മിശ്രിതത്തിലൂടെ അധ്യാപകർക്ക് നൽകുന്ന ശേഷി വികസനം.
- വിഭവ വിതരണം : അധ്യാപകർക്ക് മിനി-ബുക്ക് കിറ്റുകൾ (Mini Book Kits), വായനാ ചാർട്ടുകൾ, പ്രാദേശികമായി ലഭ്യമാകുന്ന പഠന ബോധന സാമഗ്രികൾ (TLM) ശേഖരിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകൽ.

***3. 3 മുതൽ 5 വരെ ക്ലാസുകളിലെ അധ്യാപകർക്കുള്ള 10 ദിന പരിശീലനം***

FLEP ചട്ടക്കൂട് (FLEP framework) 3 മുതൽ 5 വരെയുള്ള ക്ലാസുകളിലേക്ക് വ്യാപിപ്പിക്കുന്നതിലൂടെ, അടിസ്ഥാനപരമായ പഠനമികവ് സുസ്ഥിരമാക്കാനാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന്റെ സമഗ്രമായ പഠനാവശ്യങ്ങൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു.

***ലക്ഷ്യങ്ങൾ***

- ആശയാധിഷ്ഠിത ബോധനരീതി ശക്തിപ്പെടുത്തുക.

- അർഥഗ്രഹണ ശേഷി വർധിപ്പിക്കുക.
- നിരന്തര മൂല്യനിർണ്ണയത്തിൽ നൈപുണ്യം നേടുക.
- മെന്റർഷിപ്പ് പ്രോത്സാഹിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- 3 മുതൽ 5 വരെ ക്ലാസുകളിലെ അധ്യാപകർക്കുള്ള 10 ദിവസത്തെ സർവീസ് പരിശീലന പരിപാടി
- തത്സമയ ബോധന പിന്തുണ നൽകുന്നതിനായി എസ് എസ് കെ യിൽ നിന്ന് പ്രതിമാസ ക്ലാസ് മുറി നിരീക്ഷണ സന്ദർശനങ്ങൾ
- FLN വിലയിരുത്തലും ട്രാക്കിംഗും
  പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വ്യത്യസ്ത ബോധനരീതികൾ

### 3.5.10.9. PMU പരിശീലനം

നിപൂൺഭാരത് മിഷന്റെ ഭാഗമായി സംസ്ഥാന ജില്ലാതലങ്ങളിൽ PMU (Project Management Unit) രൂപീകരിച്ചു കഴിഞ്ഞു നിപുൺഭാരത് മിഷന്റെ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ എന്നിവയിൽ ധാരണ നൽകുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

***ലക്ഷ്യങ്ങൾ***

- നിപുൺഭരത് ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഇടപെടുന്നതിനും PMUവിനെ ശക്തിപ്പെടുത്തുക.
- എല്ലാ കുട്ടികളും അടിസ്ഥാനഭാഷാ ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല കൂടിയിരിപ്പ് / പരിശീലന മൊഡ്യൂൾ രുപീകരിക്കൽ.
- സംസ്ഥാനതല പരിശീലനം ജില്ലയിൽ നിന്നുള്ള PMU അംഗങ്ങൾക്ക്.
- ജില്ലാതലത്തിൽ പരിശീലനം ബ്ലോക്ക് തല അംഗങ്ങൾക്ക്.

## 3.6. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ് (സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ)

ഗുണമേന്മയുള്ള വിദ്യാഭ്യസം ഓരോ കുട്ടിയുടെയും അവകാശമാണ്. കുട്ടികളുടെ സമഗ്രവികസനത്തിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, മികച്ച പഠനാന്തരീക്ഷം, ശരിയായ അക്കാദമിക പിന്തുണ എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. ഈ സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ഒരുക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും സ്കൂൾ ഗ്രാന്റ് നല്കുന്നു. 1 മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് സ്കൂൾ ഗ്രാന്റ് അനുവദിച്ച് നൽകുന്നത്.

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന സ്കൂൾ ഗ്രാന്റ് |
|---|---|
| 1 മുതൽ 30 വരെ | 10000/- രൂപ |
| 31 മുതൽ 100 വരെ | 25000/- രൂപ |
| 101 മുതൽ 250 വരെ | 50000/- രൂപ |
| 251 മുതൽ 1000 വരെ | 75000/- രൂപ |
| 1001 ഉം അതിനുമുകളിലും | 100000/- രൂപ |

-2 മുതൽ +2 വരെയുള്ള ക്ലാസ്സുകൾക്ക് ഗുണഫലം കിട്ടത്തക്കവിധമാണ് സ്കൂൾ ഗ്രാന്റ് വിനിയോഗിക്കപ്പെടുന്നത്.

അനുവദിക്കുന്ന തുകയുടെ 10% സ്കൂൾ സ്വച്ഛതാ പരിപാടിക്കായാണ് വിനിയോഗിക്കപ്പെടുക. ബാക്കി തുക താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ.

ജൈവ വൈവിധ്യ ഉദ്യാന നിർമ്മിതി.

ഗണിതലാബ്, ശാസ്ത്രലാബ്.

ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തൽ.

കലാകായിക പരിശീലനങ്ങൾ.

ശുചിത്വ- ആരോഗ്യ പരിപാലനം.

കുടിവെള്ള ലഭ്യത.

മാലിന്യ സംസ്കരണം.

വിദ്യാലയം ആകർഷകമാക്കൽ.

| വിഭാഗം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 1274.90 |
| സെക്കൻഡറി | 1248 | 926.35 |

സ്കൂളുകൾക്കു നൽകുന്ന മാർഗരേഖ അനുസരിച്ച് എസ്.ആർ.ജി, എസ്.എം.സി എന്നിവിടങ്ങളിൽ ചർച്ച ചെയ്താണ് തുക വിനിയോഗിക്കപ്പെടുക.

***ലക്ഷ്യങ്ങൾ***

- കുട്ടികളുടെ സമഗ്രവികസനം ഉറപ്പാക്കുകയും മികച്ച പഠനാന്തരീക്ഷം ഒരുക്കുകയും ചെയ്യുക.
- അക്കാദമിക സംവിധാനം മെച്ചപ്പെടുത്തുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

പഠന പ്രക്രിയയ്ക്ക് ഫലപ്രദമായ കൈത്താങ്ങ് നൽകുക.

കുട്ടികളെയും വിദ്യാലയത്തെയും അക്കാദമിക മികവിലേക്ക് നയിക്കുക.

സ്വച്ഛവും ആരോഗ്യപ്രദവുമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

- കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ബി.ആർ.സി.കൾ വഴി സർക്കാർ വിദ്യാലയങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നു.
- സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുള്ള ഫണ്ട് വിനിയോഗ - മാർഗരേഖ സ്കൂളിലെത്തിക്കുന്നു.
- സി.ആർ.സി.സി, ട്രെയിനർ എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾതല ആസൂത്രണയോഗം (എസ് ആർ ജി) ചേർന്ന് സ്കൂൾഗ്രാന്റ് വിനിയോഗം ചർച്ച ചെയ്യുകയും കാര്യക്ഷമമാക്കുകയും ചെയ്യുന്നു.
- എസ് എം സി യിൽ ചർച്ചചെയ്ത് അംഗീകാരം തേടുകയും സ്കൂൾതലത്തിൽ തുക വിനിയോഗിക്കുകയും ചെയ്യുന്നു.
- ബി.ആർ.സി തലത്തിൽ മോണിട്ടറിംഗ് നടത്തി മാർഗരേഖ പ്രകാരം തുക വിനിയോഗിക്കുന്നു എന്നുറപ്പുവരുത്തുന്നു.
- സ്കൂളുകളിൽ നിന്നും ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് ബി.ആർ.സിയിൽ സൂക്ഷിക്കുന്നു.

## 3.7. ലൈബ്രറി (സ്കൂൾ/ക്ലാസ്തല ലൈബ്രറി ശാക്തീകരണം) ലൈബ്രറി ഗ്രാന്റ് (Library Grant)

വിദ്യാലയത്തിന്റെ അക്കാദമികാന്തരീക്ഷം മികവുറ്റതാക്കുന്നതിൽ ലൈബ്രറികൾക്ക് പ്രധാന പങ്കുണ്ട്. പാഠ്യപദ്ധതി വിനിമയത്തിൽ വായനാസാമഗ്രികളായും റഫറൻസ് സാമഗ്രികളായും വിവിധയിനം പുസ്തകങ്ങൾ ആവശ്യമാണ്. ലൈബ്രറികളെ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിലൂടെ കുട്ടികളെ സ്വതന്ത്രവായനക്കാരായി മാറ്റുവാനാകും. സ്കൂൾ ലൈബ്രറികളും, ക്ലാസ് ലൈബ്രറികളും ശാക്തീകരിക്കുന്നതിലൂടെ കുട്ടികളെ വായനയിലേക്ക് ആകർഷിച്ചുകൊണ്ട് സ്വതന്ത്രവായനക്കാരായി മാറ്റുന്നു.

***ലക്ഷ്യങ്ങൾ***



| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 261.25 |
| സെക്കന്ററി | 1248 | 235.25 |



- സ്കൂൾ - ക്ലാസ് ലൈബ്രറികളെ ആകർഷകമാക്കുക.
- കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റുക.
- പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കാൻ അധ്യാപകരെ ശാക്തീകരിക്കുക.
- കുട്ടികളുടെ പ്രായത്തിനനുകൂലമായ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
- കുട്ടികളുടെയും അധ്യാപകരുടെയും രചനാശേഷി പരിപോഷിപ്പിക്കുന്ന പരിപാടികൾ ആവിഷ്ക്കരിക്കുക.
- പുസ്തക നിരൂപണത്തിന് കുട്ടികൾക്കും അധ്യാപകർക്കും അവസരമൊരുക്കുക.
- ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

- ബി ആർ സി കൾ വഴി സർക്കാർ വിദ്യാലയങ്ങൾക്ക് ഫണ്ട് ലഭ്യമാക്കൽ.
- എസ് ആർ ജി യിൽ ചർച്ച ചെയ്ത് ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് അന്തിമമാക്കുകയും പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്യൽ.
- കുട്ടികൾക്കു പ്രയോജനപ്പെടുന്നതരത്തിൽ പുസ്തകങ്ങളുടെ വിനിമയം സാധ്യമാക്കൽ
- കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള രചനാ പ്രവർത്തനങ്ങൾ, പുസ്തക നിരൂപണം എന്നിവ സ്കൂൾതലത്തിൽ നടപ്പിലാക്കൽ.

## 3.8. ഐ.സി.ടി & ഡിജിറ്റൽ ഇൻഷ്യേറ്റിവ്സ് (ICT and Digital Initiatives)

ഓൺലൈൻ പഠനത്തിന്റെയും സ്കൂൾ കേന്ദ്രീകൃത പഠനത്തിന്റെയും സാധ്യതകളെ പരിഗണിച്ചുകൊണ്ടും ഉൾക്കൊണ്ടുമുള്ള മിശ്രപഠനത്തിന്റെ അനന്തസാധ്യതകളാണ് വിദ്യാഭ്യാസ രംഗത്ത് വന്നുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്ലാസ്റൂമുകൾ എന്ന നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി സ്മാർട്ട് ക്ലാസ്റൂമുകൾ ഒരു ക്കിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം വിദ്യാലയങ്ങളിലും അതിന്റെ വ്യാപനം സാധ്യമായിട്ടില്ല. വിവിധ വിദ്യാഭ്യാസ ഏജൻസികൾ നൽകിയ പരിശീലനങ്ങളിലൂടെ അധ്യാപകർ വിവിധ സാങ്കേതികവിദ്യയും, ഡിജിറ്റൽ സാമഗ്രികൾ തയ്യാറാക്കുന്നതിനുള്ള കഴിവും നേടിയിട്ടുണ്ടെങ്കിലും അത്തരം ശേഷി

**എലമെന്ററി**

- **സ്കൂളുകളുടെ എണ്ണം 84**
- **അനുവദിച്ച തുക 31.92**



കൾ കാലാനുസൃതമായി ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. ക്ലാസ്മുറികളിൽ ഐ.സി.ടി. സൗകര്യങ്ങൾ മികച്ച രീതിയിൽ ഒരുക്കിയാൽ മാത്രമേ വിഭാവനം ചെയ്ത രീതിയിൽ സ്മാർട്ട് ക്ലാസ്റൂം കുട്ടികൾക്ക് പ്രയോജനപ്പെടുകയുള്ളൂ.

***ലക്ഷ്യങ്ങൾ***

- വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ അധ്യാപകർ പരിചയപ്പെടുന്നതിന്.
- പഠനപ്രക്രിയയിൽ ഐ സി ടി സാധ്യതകൾ ഉപയോഗിക്കുന്നതിന്.
- ഡിജിറ്റൽ സാമഗ്രികളുടെ സഹായത്തോടെ അധ്യയനം സുഗമമാക്കുന്നതിന്.
- വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനവിടവുകൾ പരിഹരിക്കുന്നതിന്.
- അക്കാദമിക നിലവാരം ഉയർത്തുന്നതിനും പഠനം ആസ്വാദ്യകരമാക്കുന്നതിനും.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട എലമെന്ററി വിദ്യാലയങ്ങൾക്ക് ഡിജിറ്റൽ സാമഗ്രികൾ, ഐ.സി.ടി അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കൽ.
- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് വിദ്യാലയങ്ങൾക്ക് ഐ.സി.ടി. സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫണ്ട് നൽകൽ.
- ഓരോ ജില്ലയിലേയും പത്ത് വീതം സെക്കൻഡറി സ്കൂളുകളുടെ ഐ.സി.ടി / ഡിജിറ്റൽ സൗകര്യങ്ങൾ വികസിപ്പിക്കൽ.
- ഫണ്ട് അനുവദിച്ച സ്കൂളുകളിലെ നിലവിലെ ഐ.സി.ടി അവസ്ഥ പഠിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പ്ലാൻ തയ്യാറാക്കൽ.

## 3.9. ബി.ആർ.സി-സി.ആർ.സി മുഖേനയുള്ള അക്കാദമിക പിന്തുണ (Academic Support Through BRC, URC, CRC)

അധ്യാപകരുടെ അധ്യാപന മികവ് വർധിപ്പിക്കുന്നതിനുള്ള അക്കാദമിക പിന്തുണ ഒരുക്കുന്നത് ബി.ആർ.സി./യു.ആർ.സി., സി.ആർ.സി. സംവിധാനങ്ങളിലൂടെയാണ്. ബ്ലോക്ക്, ക്ലസ്റ്റർ തലങ്ങളിൽ അധ്യാപക പരിശീലനം, തത്സമയ പിന്തുണ, വിഭവ പിന്തുണ എന്നിവ നൽകാൻ ഈ സംവിധാനങ്ങൾക്ക് കഴിയും.

| വിഭാഗം | എണ്ണം | അനുവദിച്ച തുക |
|---|---|---|
| ബി ആർ സി | 168 | 8644.32 |
| സി ആർ സി | 1385 | 4376.60 |

***ലക്ഷ്യങ്ങൾ***

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള അധ്യാപക ശാക്തീകരണം സംഘടിപ്പിക്കുക.
- തത്സമയ പിന്തുണ നൽകി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
- പഠനനേട്ടം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- പഞ്ചായത്തു തല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- ബി.ആർ.സി./യു.ആർ.സി., സി.ആർ.സി. എന്നിവയിൽ ട്രെയിനർ, സി.ആർ.സി. കോർഡിനേറ്റർ എന്നിവർ മുഖേന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കി പൊതുവിദ്യാലയങ്ങൾക്ക് അക്കാദമിക പിന്തുണ ഉറപ്പാക്കൽ.

എസ് എസ് കെ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗ് നടത്തൽ.

## 3.10. സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ (Elementary - Higher Secondary)

വിദ്യാർഥികളുടെ സമ്പൂർണ്ണവും സമഗ്രവുമായ വ്യക്തിത്വ വികസനമാണ് കായിക വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. ആരോഗ്യകരമായ ജീവിതരീതിയും മികച്ച കായികസംസ്കാരവും വളർത്തിയെടുക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെ ആസൂത്രണം ചെയ്തിരിക്കുന്നത്.

| വിഭാഗം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 228.40 |
| സെക്കൻഡറി | 1248 | 187.20 |

***ലക്ഷ്യങ്ങൾ***

- ആരോഗ്യകരമായ ജീവിതരീതി കുട്ടികളിൽ വികസിപ്പിക്കുകയും അച്ചടക്കവും കൃത്യനിഷ്ഠയുള്ളവരുമായി വിദ്യാർഥികളെ മാറ്റുകയും ചെയ്യുക.
- കായികക്ഷമതയുള്ളവരായി കുട്ടികളെ മാറ്റിയെടുക്കുകയും അതിലൂടെ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുക.
- കുട്ടികളിൽ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുക
- സ്പോർട്സിന്റേയും ഗെയിംസിന്റേയും അടിസ്ഥാന നൈപുണികൾ വളർത്തിയെടുക്കുക.
- കായിക അധ്യാപകർക്ക് മികച്ച പരിശീലനം നൽകുക.

***പ്രവർത്തനങ്ങൾ***

- പരിശീലനത്തിനായി സംസ്ഥാനതലത്തിൽ ആശയ രൂപീകരണ ശില്പശാല നടത്തുക.
- സംസ്ഥാനതലത്തിൽ പരിശീലന മൊഡ്യൂൾ തയ്യാറാക്കുക.
- സംസ്ഥാന, ജില്ലാതലങ്ങളിൽ കായികാധ്യാപക പരിശീലനം സംഘടിപ്പിക്കുക.
- സ്കൂൾതല പ്രവർത്തനപാക്കേജ് തയ്യാറാക്കൽ.
- ഫിറ്റ്നെസ് സെന്റർ സജ്ജീകരിക്കൽ. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർക്ക് ചുമതല നൽകൽ.

# 4. അധ്യാപക വിദ്യാഭ്യാസം (Teacher Education)

ബോധനശാസ്ത്രത്തിൽ അധ്യാപകർക്കുള്ള വൈദഗ്ധ്യം, അക്കാദമിക പ്രാവീണ്യം, അധ്യാപന അഭിരുചി, ഓരോ കുട്ടിയുടെയും ആവശ്യത്തിനനുസരിച്ച് പഠനപ്രക്രിയ രൂപകല്പന ചെയ്യൽ എന്നിവയെ ആശ്രയിച്ചാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിലനിൽക്കുന്നത്. ഭാവിതലമുറയെ സജ്ജമാക്കാൻ കഴിവുള്ള അധ്യാപകർ രൂപപ്പെടുന്നത് അധ്യാപക വിദ്യാഭ്യാസത്തിലൂടെയാണ്. അതിനാൽ അധ്യാപകരുടെ മനോഭാവത്തെയും അധ്യാപനമികവിനെയും ഉയർത്തുന്നതരത്തിൽ ഊർജസ്വലമായ അധ്യാപക വിദ്യാഭ്യാസ സമ്പ്രദായം ആവശ്യമാണ്.



കേരളത്തിൽ അധ്യാപക വിദ്യാഭ്യാസത്തിന്റെ സംസ്ഥാനതല നേതൃത്വം എസ്.സി.ഇ.ആർ.ടി.ക്കും ജില്ലാതല നേതൃത്വം ഡയറ്റുകൾക്കുമാണ്.

### 4.1. സാങ്കേതിക വിദ്യ പിന്തുണ (Technology support) (SCERT & DIET)

വിദ്യാഭ്യാസ പ്രക്രിയ വിവരവിനിമയ സാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാമ്പത്തിക പിന്തുണ ആവശ്യമാണ്.

***ലക്ഷ്യം***

- സാങ്കേതികവിദ്യാ പിന്തുണയിലൂടെ വിദ്യാഭ്യാസപരവും ഭരണപരവുമായ സംവിധാനങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- ഡിജിറ്റൽ പഠന പ്ലാറ്റ്ഫോം നിർമ്മാണം.
- ഇ.ഗവേണൻസ് സൊല്യൂഷൻസ് വികസിപ്പിക്കുക.
- അധ്യാപക പരിശീലനത്തിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുക.
- ഡിജിറ്റൽ ടെക്സ്റ്റ് നിർമ്മാണം.
- ഡാറ്റ സുരക്ഷയ്ക്കായി സുരക്ഷാ സംവിധാനങ്ങൾ രൂപപ്പെടുത്തുക.
- ഐ.സി.ടി. ലാബിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക.

### 4.2. പരിപാടികളും പ്രവർത്തനങ്ങളും (Programmes & Activities)

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഗുണമേ വർധിപ്പിക്കുന്നതിനായി നിരവധി പരിപാടികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

***ലക്ഷ്യങ്ങൾ***

- എസ്.സി.ഇ.ആർ.ടി.യിലെയും ഡയറ്റിലെയും വിദ്യാഭ്യാസ പ്രവർത്തകരെ ശാക്തീകരിക്കുക.
- പഠനബോധന സാമഗ്രികൾ വികസിപ്പിക്കുക.
- പാഠ്യപദ്ധതി വിനിമയത്തിന് സഹായകമായ മാർഗനിർദേശങ്ങൾ തയ്യാറാക്കുക.

***പ്രവർത്തനം***

- എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റികൾക്കുള്ള പരിശീലനം.
- പഠനബോധന സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ശില്പശാലകളുടെ സംഘാടനം.
- അധ്യാപക വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനങ്ങളുടെ സംഘാടനം.

### 4.3. ഗവേഷണപ്രവർത്തനങ്ങൾ (Specific Programme for Research activities)

വിദ്യാലയഅന്തരീക്ഷം, ഭൗതികസാഹചര്യം, വിദ്യാഭ്യാസപ്രക്രിയ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിമിതികളും നേട്ടങ്ങളും സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ അത്യാവശ്യമാണ്.

***ലക്ഷ്യം***

- അക്കാദമിക പ്രവർത്തനങ്ങളിൽ അധ്യാപകരേയും അധ്യാപക വിദ്യാർഥികളേയും ഗവേഷണ മനോഭാവമുള്ളവരാക്കുന്നതിന്

***പ്രവർത്തനങ്ങൾ***

- പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി ഗവേഷണപഠനങ്ങൾ നടത്തുക.
- അധ്യാപകരുടെ ഗവേഷണാഭിരുചി വർധിപ്പിക്കുവാനായി പിന്തുണ നൽകുക.

## 4.4. വിദ്യാഭ്യാസപ്രവർത്തകർക്കുള്ള പരിശീലനം (Training of Teacher Educators)

വിദ്യാഭ്യാസ പ്രവർത്തകരുടെ പ്രകടനവും ആത്മവിശ്വാസവും മെച്ചപ്പെടുത്തുന്നതിനായി ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

***ലക്ഷ്യം***

- വിദ്യാഭ്യാസ പ്രവർത്തകരെ ബോധന തന്ത്രങ്ങളിൽ ശാക്തീകരിക്കുന്നതിന്

***പ്രവർത്തനങ്ങൾ***

- ആശയരൂപീകരണ ശില്പശാല.
- പരിശീലന മൊഡ്യൂൾ നിർമ്മിക്കുന്നതിനുള്ള ക്രിയേറ്റീവ് ശില്പശാലകൾ
- പരിശീലനം

## 4.5. വാർഷിക ധനസഹായം (Annual Grant)

എസ്.സി.ഇ.ആർ.ടി.യുടെയും ഡയറ്റിന്റെയും ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസ് സ്റ്റേഷനറി, വെബ്സൈറ്റ് മെയിന്റനൻസ്, ലൈബ്രറിയുടെ പ്രവർത്തനം തുടങ്ങിയവയ്ക്ക് ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്നത് വാർഷിക ധനസഹായത്തിൽ നിന്നാണ്.

***ലക്ഷ്യം***

- എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നിവരുടെ അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ കണ്ടെത്തുക.
- ഓഫീസ് സ്റ്റേഷനറി വാങ്ങുക.
- ഗുണഭോക്താക്കൾക്കുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനായി വെബ്സൈറ്റ് പരിപാലനം.
- ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ, ആനുകാലികങ്ങൾ മുതലായവ വാങ്ങുക.
- റിസോഴ്സ് അംഗങ്ങളെയും വിദഗ്ധരെയും കണ്ടെത്തി സേവനം ഉറപ്പാക്കൽ.

## 4.6. DIKSHA (Digital Infrastructure for knowledge sharing) - National Teacher Portal

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് (എൻ.സി.ഇ.ആർ.ടി.) തയ്യാറാക്കിയ ദേശീയ അധ്യാപക പോർട്ടലാണ് ദിക്ഷ. കേരളത്തിൽ ഈ പോർട്ടലിന്റെ ചുമതല എസ്.സി.ഇ.ആർ.ടി.ക്കാണ് ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പഠനം ആസ്വാദ്യകരവും അനുഭവവേദ്യവും ആഹ്ലാദകരവുമാക്കി മാറ്റാൻ സഹാ

യകമായ തരത്തിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ ആസൂത്രണം ചെയ്യാൻ ദിക്ഷ പോർട്ടൽ അധ്യാപകരെ സജ്ജരാക്കുന്നു. മികച്ച പഠന-വിനിമയ സാധ്യതകൾ പങ്കുവയ്ക്കാനും വിലയിരുത്തൽ നടത്താനുമുള്ള അവസരവും പോർട്ടൽ ഒരുക്കുന്നു. വിദ്യാർഥികൾക്കും അധ്യാപകർക്കും വിദ്യാഭ്യാസപ്രവർത്തകർക്കും ഈ പോർട്ടൽ ലോഗിൻ ചെയ്യാനും വിഭവങ്ങൾ സൗജന്യമായി ഉപയോഗിക്കാനും കഴിയുന്നു.

***പ്രവർത്തനങ്ങൾ***

- അധ്യാപക ശാക്തീകരണത്തിനായി ഇ-കണ്ടന്റ് വികസിപ്പിക്കുക.
- പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് ഇ-കണ്ടന്റ് വികസിപ്പിക്കുക.
- പോർട്ടൽ ഉപയോഗിക്കാൻ അധ്യാപകരെ സജ്ജരാക്കുന്നതിനായി പരിശീലനം നൽകുക, പരിശീലന മൊഡ്യൂൾ തയ്യാറാക്കുക.
- ഡിജിറ്റൽ കണ്ടന്റ് വികസിപ്പിക്കൽ.
- തയ്യാറാക്കുന്ന വിഭവങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുക.
- പഠനലക്ഷ്യങ്ങൾ ആർജിക്കാൻ സഹായകമായതരത്തിൽ ചോദ്യമാതൃകകൾ നിർമ്മിക്കുക, പോർട്ടലിൽ അപ്‌ലോഡ് ചെയ്യുക.

### 5. ടീച്ചർ സാലറി

എല്ലാ ക്ലാസുകളിലും കലാകായിക പ്രവൃത്തിപരിചയ അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കാൻ കരാറടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് തുക അനുവദിക്കുന്നു.

***ലക്ഷ്യങ്ങൾ***

- ക്ലാസ് റൂമുകളിൽ അധ്യാപകരുടെ സാന്നിധ്യം പൂർണ്ണ സമയം ഉറപ്പാക്കുക.
- കലാകായിക പ്രവൃത്തി പരിചയ വിഷയങ്ങളിൽ അധ്യാപകരുടെ സേവനം ലഭ്യമാക്കുക.




***പ്രവർത്തനങ്ങൾ***

- കലാപഠനം, ആരോഗ്യ വിദ്യാഭ്യാസം, പ്രവൃത്തി പരിചയം എന്നീ വിഷയങ്ങളിൽ അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കൽ.
- കലാ-കായിക-പ്രവൃത്തി പരിചയ മേളകളിൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ.

### 6. ലിംഗസമത്വവും തുല്യതയും (Gender & Equity)

ലിംഗസമത്വവും, തുല്യതയും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസ പ്രക്രിയയ്ക്ക് മാത്രമേ സാമൂഹിക പുരോഗതിയിലേക്ക് നടന്നടുക്കുവാൻ കഴിയുകയുള്ളു. സാമൂഹിക നീതിയും, സമത്വവും കൈവരിക്കുന്നതിനായി പെൺകുട്ടികളെയും ഭിന്നലിംഗക്കാരെയും ദുർബല വിഭാഗങ്ങളെയും മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാഭ്യാസനയം നിഷ്കർഷിക്കുന്നതുപോലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും ലിംഗസമത്വവും തുല്യതയും

| വിഭാഗം | എണ്ണം | അനുവദിച്ച തുക |
|---|---|---|
| എലിമെന്ററി | 3473 | 173.65 |
| സെക്കന്ററി | 668710 | 235.87 |

ഉറപ്പ് വരുത്തുക എന്നതും ഈ മേഖലയിലെ വിടവുകൾ നികത്തുക എന്നതും സമഗ്ര ശിക്ഷാ കേരളയുടെ ലക്ഷ്യങ്ങളിൽപ്പെട്ടവയാണ്.

## 6.1. കസ്തൂർബാഗാന്ധി ബാലിക വിദ്യാലയം (KGBV)

സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ട പെൺകുട്ടികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്ന ഏറ്റവും മികച്ച പ്രവർത്തനങ്ങളിലൊന്നാണ് കസ്തൂർബാഗാന്ധി ബാലിക വിദ്യാലയം. പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ, പട്ടികജാതി, പട്ടികവർഗം, ഒ ബി സി, ബി പി എൽ എന്നിവയിൽ ഉൾപ്പെട്ട ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പെൺകുട്ടികൾക്ക് ഈ ഹോസ്റ്റലുകളിൽ പ്രവേശനം നൽകി പഠന പിന്തുണ ഉറപ്പാക്കുന്നു. കൂടാതെ പോഷകാഹാരം ഉറപ്പാക്കാനും ആരോഗ്യ-കായിക ക്ഷമത വർധിപ്പിച്ച് അവരുടെ സമഗ്ര വികസനം സാധ്യമാക്കാനും ഈ പ്രവർത്തനത്തിലൂടെ കഴിയുന്നു.

***ലക്ഷ്യങ്ങൾ***

- എസ്.സി., എസ്.ടി., ഒ.ബി.സി, ബി.പി.എൽ എന്നീ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾക്ക് താമസ സൗകര്യങ്ങളും പോഷകാഹാരവും നൽകുക.
- സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കി അവരുടെ സമഗ്ര വികസനത്തിനാവശ്യമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കുക.

***പ്രവർത്തനങ്ങൾ***

- കെ ജി ബി വി ഹോസ്റ്റൽ പ്രവേശനത്തിനുള്ള അറിയിപ്പ് കൊടുക്കുന്നു. പട്ടിക ജാതി, പട്ടിക വർഗ, ഒ ബി സി, ബി പി എൽ വിഭാഗത്തിൽപ്പെട്ട അർഹരായ 80 പെൺകുട്ടികളെ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കുന്നു.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്കു പിന്തുണ നൽകുന്നതിനും അവരുടെ സമഗ്രമായ വികസനത്തിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

  കുട്ടികളുടെ ശാരീരിക മാനസികാരോഗ്യം, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

  സാമൂഹിക/സാമ്പത്തിക പിന്നാക്കാവസ്ഥ ഇല്ലാതാക്കാൻ സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

## 6.2. പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടി (Rani Laxmibai Atma Raksha Prashikshan) (സെക്കൻഡറി, ഹയർ സെക്കൻഡറി)

സമൂഹത്തിൽ പെൺകുട്ടികൾക്ക് സുരക്ഷിതാന്തരീക്ഷം ഉറപ്പുവരുത്താൻ സ്വയം പ്രതിരോധിക്കാനുള്ള പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. അതിലൂടെ അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയും. സ്വയം പ്രതിരോധ പരിശീലനങ്ങൾ ലഭ്യമാക്കുന്നത് വഴി പെൺകുട്ടികളുടെ ആത്മവിശ്വാസം വർധിക്കുകയും ശാരീരിക ക്ഷമത ഉറപ്പാക്കുകയും ചെയ്യാം. അതോടൊപ്പം പ്രതികൂല സാഹചര്യങ്ങളിൽ കൃത്യമായി

പ്രതികരിക്കുന്നതിനും വ്യക്തിത്വവികസനത്തിനും ഇത്തരം പരിശീലനങ്ങൾ പ്രയോജനപ്പെടുന്നു.

***ലക്ഷ്യങ്ങൾ***

- പെൺകുട്ടികളിൽ ശാരീരിക ക്ഷമതയും ധൈര്യവും ആത്മവിശ്വാസവും മെച്ചപ്പെടുത്തുക.
- സന്ദർഭോചിതവും സമയോചിതവുമായി പ്രവർത്തിച്ച് അക്രമങ്ങളിൽ നിന്നും രക്ഷനേടാനും സ്വയം പ്രതിരോധിക്കാനുമുള്ള കഴിവ് നേടുക.
- മാനസിക സമ്മർദങ്ങളെ അതിജീവിക്കാനും പ്രതിസന്ധികളെ നേരിടുവാനുമുള്ള കഴിവ് നേടുക.

***പ്രവർത്തനങ്ങൾ***

- സ്വയം പ്രതിരോധശേഷി, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കുന്നതിനുള്ള മൊഡ്യൂളുകൾ സംസ്ഥാനതലത്തിൽ തയ്യാറാക്കി ജില്ലാ ബ്ലോക്ക് തലങ്ങളിൽ പരിശീലനം നൽകുന്നു.
- നോഡൽ സ്കൂളുകളെയും ക്ലസ്റ്റർ സ്കൂളുകളെയും തിരഞ്ഞെടുക്കുന്നു.
- ഒരു നോഡൽ സ്കൂളിന്റെ കീഴിൽ 35 കുട്ടികൾക്ക് ഒരു ബാച്ച് എന്ന രീതിയിൽ കുട്ടികളെ തെരഞ്ഞെടുക്കുന്നു.
- സമയബന്ധിത അവലോകനങ്ങൾ നടത്തുന്നു.
- വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നു.

## 6.3. പെൺകുട്ടികളുടെ ശാക്തീകരണം (Empowerment of Girls) സെക്കൻഡറിതലം

കൗമാരം വികാസങ്ങളുടെയും വളർച്ചയുടെയും കാലഘട്ടമാണ്. സുരക്ഷിതത്വവും, പിന്തുണാപരവുമായ സമീപനവും ഈ കാലഘട്ടത്തിലെ കൗമാരക്കാർ ആഗ്രഹിക്കുന്നു. നിർണ്ണായകമായ ഈ കാലഘട്ടത്തിൽ കൗമാരക്കാരിൽ പ്രത്യേകിച്ചും പെൺകുട്ടികളിൽ ശാരീരിക മാനസിക വളർച്ച സംബന്ധിച്ചുള്ള ആകുലതകൾ വളരെ കൂടുതലാണ്. പുതിയ കാലത്തെ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രായോഗികമായ ജീവിത നൈപുണികൾ, തൊഴിൽ നൈപുണികൾ എന്നിവ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

***ലക്ഷ്യങ്ങൾ***

- കൗമാരക്കാരായ പെൺകുട്ടികൾക്ക് ആസ്വാദ്യകരമായി അറിവ് നൽകുക.
- കൗമാരക്കാരായ പെൺകുട്ടികൾ ഇടപെടുന്ന മേഖലകളിലെ പ്രശ്നങ്ങൾ തിരിച്ചറിയുക.
- പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ ഫലപ്രദമായി നേരിടുക.
- ജീവിത നൈപുണികൾ, തൊഴിൽ നൈപുണികൾ എന്നിവ സ്വായത്തമാക്കുക.
- സുരക്ഷിതവും, പിന്തുണാപരവുമായ സാഹചര്യം വിദ്യാലയങ്ങളിൽ കൗമാരക്കാർക്ക് ഒരുക്കുക.

***പ്രവർത്തനങ്ങൾ***

- ആശയ രൂപീകരണ ശില്പശാല - സംസ്ഥാനതലം
- വിദഗ്ധരുടെ നേതൃത്വത്തിൽ തൊഴിൽ നൈപുണികൾ, ജീവിത നൈപുണികൾ എന്നിവയുമായി ബന്ധപ്പെട്ട മൊഡ്യൂളുകൾ തയ്യാറാക്കൽ

- മൊഡ്യൂളുകൾ പരിചയപ്പെടുത്തൽ - ജില്ലാതലം, ബി.ആർ.സി തലം
- സ്കൂൾ തലത്തിൽ 9-12 ക്ലാസുകളിലെ പെൺകുട്ടികൾക്ക് പരിശീലനം സംഘടിപ്പിക്കൽ.

### 6.4. കരിയർ ഗൈഡൻസ് (സെക്കൻഡറി) (Career Guidance Programme for Girls)

വിദ്യാഭ്യാസപരവും തൊഴിൽപരവുമായ തിരഞ്ഞെടുപ്പുകൾ നടത്തുകയും നടപ്പിലാക്കുകയും ചെയ്യുന്ന വിധത്തിൽ രൂപകല്പന ചെയ്ത് സമഗ്രവും വികസനപരവുമായ ഒരു പരിപാടിയാണ് കരിയർ ഗൈഡൻസ്. പക്വതയുള്ളതും ഉചിതവുമായ തീരുമാനം എടുക്കാൻ കരിയർ ഗൈഡൻസ് പെൺകുട്ടികളെ സഹായിക്കും. ആത്മവിശ്വാസവും സ്വാഭിമാനവും വളർത്തുന്നതിനും താല്പര്യമുള്ള മേഖല പഠനത്തിനായും തൊഴിലിനായും തിരഞ്ഞെടുക്കുന്നതിനും കരിയർ ഗൈഡൻസ് സഹായിക്കുന്നു. വിദഗ്ധരുടെ നേതൃത്വത്തിലുള്ള കരിയർ ഗൈഡൻസ് ക്ലാസുകൾ വ്യക്തിത്വ വികാസത്തിന് പെൺകുട്ടികളെ വളരെയേറെ സഹായിക്കും.

***ലക്ഷ്യങ്ങൾ***

- വിവിധ കരിയർ ഓപ്ഷനുകളെക്കുറിച്ച് പെൺകുട്ടികളെ ബോധവൽക്കരിക്കുകയും സജ്ജരാക്കുകയും ചെയ്യുക.
- ശരിയായ തൊഴിൽ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മറികടക്കാൻ പെൺകുട്ടികളെ സഹായിക്കുക.
- വിവിധ തൊഴിൽ സാധ്യതകളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
- പെൺകുട്ടികളെ സഹായിക്കുന്ന തരത്തിൽ കരിയർ വിദഗ്ധരുടെ ക്ലാസ്സുകൾ ക്രമീകരിക്കുക.
- പെൺകുട്ടികളിൽ ആത്മവിശ്വാസവും സ്വാഭിമാനവും വർധിപ്പിക്കുക.

***പ്രവർത്തനങ്ങൾ***

- വിദഗ്ധരുടെ നേതൃത്വത്തിൽ സംസ്ഥാനതല ആശയരൂപീകരണ ശില്പശാല.
- തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ജില്ലാ, ബ്ലോക്കുതല പരിശീലനം.
- പെൺകുട്ടികൾക്കും രക്ഷിതാക്കൾക്കും കരിയർ വിദഗ്ധരുടെ ക്ലാസ്സുകളുടെ സംഘാടനം.

## 7. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം) Provision for Children With Special Needs

പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം, വൈദ്യസഹായം, സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, തെറാപ്പി സേവനം തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ കേരളം ഏറ്റെടുക്കുന്നുണ്ട്.





## 7.1. എസ്കോർട്ട് അലവൻസ്

പ്രൊഫൗണ്ട് വിഭാഗത്തിൽ വരുന്ന കുട്ടികളെ വിദ്യാലയങ്ങളിലേക്കും തെറാപ്പി സെന്ററുകളിലേക്കും എത്തിക്കുന്നതിനായി രക്ഷിതാവ് ഒപ്പം വരേണ്ട സാഹചര്യമുണ്ട്. ഇത്തരത്തിൽ പ്രീ-പ്രൈമറി തലം മുതൽ പ്ലസ്ടുൺ വരെ കുട്ടികളെ എസ്കോർട്ട് ചെയ്യുന്നവർക്ക് അലവൻസായി നിശ്ചിത തുക അനുവദിക്കുന്നു.

***ലക്ഷ്യങ്ങൾ***

- ഒറ്റയ്ക്ക് സ്കൂളിലോ തെറാപ്പിക്കോ വരാൻ കഴിയാത്ത ഭിന്നശേഷിക്കാരായ കുട്ടികളുടെ സഹായിക്ക് സാമ്പത്തിക സഹായം നൽകുക.
- പ്രൊഫൗണ്ട് വിഭാഗത്തിൽ വരുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുന്നതിനും വിദ്യാലയ പ്രവേശനം ഉറപ്പുവരുത്തുന്നതിനും
- പ്രൊഫൗണ്ട് വിഭാഗത്തിൽ വരുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- മെഡിക്കൽ ക്യാമ്പിലൂടെ അർഹരായ കുട്ടികളെ കണ്ടെത്തുന്നു.
- അർഹരായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- കുട്ടിയുടെ അക്കൗണ്ടിലേക്ക് എസ്കോർട്ട് അലവൻസ് എത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

## 7.2. ട്രാൻസ്പോർട്ട് അലവൻസ്

സവിശേഷ പരിഗണന അർഹിക്കുന്ന മിക്ക കുട്ടികൾക്കും വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുന്നതിന് പ്രയാസങ്ങളുണ്ട്. അവർക്കായി പ്രത്യേകം വാഹന സൗകര്യങ്ങൾ

ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും എത്തുന്ന ഇത്തരം കുട്ടികൾക്ക് വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുന്നതിന് പ്രീ-പ്രൈമറി മുതൽ പ്ലസ്ടു തലം വരെ ഓരോ കുട്ടിക്കും 2250 രൂപ അനുവദിച്ചു നൽകുന്നു.

***ലക്ഷ്യങ്ങൾ***

- എല്ലാ കുട്ടികളേയും വിദ്യാലയ പ്രവേശനം ഉറപ്പാക്കി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് യാത്രാ സഹായം നൽകുന്നതിന്.

***പ്രവർത്തനങ്ങൾ***

- മെഡിക്കൽ ക്യാമ്പിലൂടെ കുട്ടികളെ കണ്ടെത്തുന്നു.
- ട്രാൻസ്പോർട്ട് അലവൻസ് ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- കുട്ടിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്പോർട്ട് അലവൻസ് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

## 7.3. സഹായ ഉപകരണങ്ങളുടെ വിതരണം (Providing Aids & Appliances)

സവിശേഷപരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ അനുരൂപീകരണ പ്രവർത്തനങ്ങൾക്കു ഗുണപരമായ ഫലപ്രാപ്തി ഉണ്ടാകണമെങ്കിൽ വൈകല്യങ്ങളെ മറികടക്കുന്നതിനുള്ള സഹായ ഉപകരണം ലഭ്യമാക്കേണ്ടതുണ്ട്. സർവേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പുകൾ നടത്തി സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്.

***ലക്ഷ്യങ്ങൾ***

- മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന കുട്ടികൾക്ക് അവശ്യം വേണ്ട സഹായക ഉപകരണങ്ങൾ വിതരണം ചെയ്യുക.
- ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക.
- വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പുവരുത്തുക.
- സഹായ ഉപകരണങ്ങൾ ആവശ്യമുള്ള മുഴുവൻ കുട്ടികൾക്കും അവ ലഭ്യമാക്കുക.

***പ്രവർത്തനങ്ങൾ***

- മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന മുഴുവൻ കുട്ടികൾക്കും ഡോക്ടർമാർ നിർദേശിക്കുന്ന സഹായക ഉപകരണങ്ങൾ നൽകുന്നു. (ശ്രവണസഹായി, ഓർത്തോ ഉപകരണങ്ങൾ, കണ്ണട മുതലായവ)
- സഹായ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നു.
- ഉപകരണങ്ങളുടെ അളവുകൾ എടുക്കുന്നു.
- പർച്ചേസ് കമ്മിറ്റി യോഗം ചേർന്ന് ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് കുട്ടികൾക്ക് സഹായ ഉപകരണങ്ങളുടെ വിതരണം നടത്തുന്നു.

## 7.4. മെഡിക്കൽ അസ്സസ്മെന്റ് ക്യാമ്പ്

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ഭാഗമാകേണ്ട മുഴുവൻ കുട്ടികളെയും സർവേയിലൂടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ




കണ്ടെത്തുകയും അവർക്കായി ബി.ആർ.സി. തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദഗ്ധ ഡോക്ടർമാർ, സൈക്കോളജിസ്റ്റുമാർ, ടെക്നീഷ്യൻമാർ എന്നിവർ അടങ്ങുന്ന മെഡിക്കൽ ടീമിനെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ ബി.ആർ.സികളിലും നടക്കുന്ന മെഡിക്കൽ ക്യാമ്പിൽ സഹായ ഉപകരണങ്ങൾ, വിവിധ തെറാപ്പികൾ, വിവിധ തരത്തിലുള്ള അക്കാദമിക പിന്തുണ, വിവിധ അലവൻസുകൾ എന്നിവയ്ക്ക് അർഹരായവരെ കണ്ടെത്തുന്നു.

***ലക്ഷ്യങ്ങൾ***

- ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നതിന്.
- സഹായ ഉപകരണങ്ങൾ, തെറാപ്പി, പഠന സഹായം എന്നിവ ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നതിന്.
- വിവിധതരം അലവൻസുകൾക്ക് അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള ക്ലാസുകളിലെ പ്രത്യേക പരിഗണന ലഭിക്കേണ്ട മുഴുവൻ കുട്ടികളേയും കണ്ടെത്തുന്നതിനുള്ള സർവേ നടത്തുന്നു.
- സർവേയിലൂടെ കണ്ടെത്തിയ കുട്ടികൾക്ക് ബി.ആർ.സി. തലത്തിൽ വിവിധ വിഭാഗങ്ങളിലായി സംഘടിപ്പിക്കുന്ന ക്യാമ്പിൽ ഡോക്ടർമാരുടെയും മറ്റ് വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ, തെറാപ്പികൾ, പഠനപിന്തുണ എന്നിവ കണ്ടെത്തുന്നു.

- ബി.ആർ.സി.യിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി കണ്ടെത്തിയ വിവിധ ഉപകരണങ്ങൾ, തെറാപ്പി സേവനങ്ങൾ, പഠന പിന്തുണ എന്നിവ നൽകേണ്ട കുട്ടികളുടെ ലിസ്റ്റ് ജില്ലയ്ക്ക് സമർപ്പിക്കുന്നു.
- ഡോക്ടർമാരുടേയും ടെക്നീഷ്യൻമാരുടെയും സേവനം പ്രയോജനപ്പെടുത്തി ക്രോഡീകരിക്കുന്നു.
- ജില്ലാ തലത്തിൽ ക്രോഡീകരിച്ച ഉപകരണങ്ങളുടെ ലിസ്റ്റ് പ്രകാരം സ്റ്റോർ പർച്ചെയ്സ് റൂൾ അനുസരിച്ച് പർച്ചെയ്സ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഉപകരണങ്ങൾ വാങ്ങി ബി.ആർ.സി. കൾ മുഖേന കുട്ടികൾക്ക് ലഭ്യമാക്കുന്നു.

## 7.5. പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, 40 ശതമാനത്തിലധികം വൈകല്യമുള്ള പെൺകുട്ടികൾക്കാണ് സഹായധനം അനുവദിക്കുക. പ്രീ-പ്രൈമറി വിഭാഗത്തിലും എലിമെന്ററി വിഭാഗത്തിലും സെക്കന്ററി വിഭാഗത്തിലുമുള്ള പെൺകുട്ടികൾക്ക് 2000 രൂപ വീതം ഇത്തരത്തിൽ അനുവദിക്കുന്നു.

***ലക്ഷ്യങ്ങൾ***

- പരിമിതി അനുഭവിക്കുന്ന അർഹരായ മുഴുവൻ പെൺകുട്ടികൾക്കും സ്റ്റൈപ്പൻഡ് ലഭ്യമാക്കുന്നതിന്.
- ഭിന്നശേഷിക്കാരായ പെൺകുട്ടികളുടെ സാമ്പത്തിക പരിമിതികൾ മറികടക്കുന്നതിന്.
- വിദ്യാലയപ്രവേശനം ഉറപ്പാക്കുന്നതിന്.
- ഭിന്നശേഷിക്കാരായ പെൺകുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സർവേ, മെഡിക്കൽ ക്യാമ്പ് എന്നിവയിലൂടെ കുട്ടികളെ കണ്ടെത്തുന്നു.
- അർഹരായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- കുട്ടികളുടെ അക്കൗണ്ടിലേക്ക് തുക എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

## 7.6. Purchase / Development of Instructional Training Materials

സാധാരണ ക്ലാസ്മുറികളിലെ പഠനപ്രവർത്തനങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേക്കായി അധ്യാപകർ ഉപയോഗിക്കുന്ന ബോധനസാമഗ്രികളും പരിശീലന പഠനസാമഗ്രികളും അനുരൂപീകൃത സാധ്യത പരിഗണിച്ചുകൊണ്ട് തയ്യാറാക്കുകയും, ആവശ്യമായവ വാങ്ങുകയും ചെയ്യേണ്ടതുണ്ട്.

***ലക്ഷ്യങ്ങൾ***

- പഠന/ബോധനപ്രക്രിയകൾ കൂടുതൽ രസകരവും ഫലപ്രദവുമാക്കുന്നതിന്.
- ആധുനിക ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠന-ബോധനപ്രക്രിയ അർഥപൂർണ്ണമാക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല
- പഠന/ബോധനസാമഗ്രികൾ വികസിപ്പിക്കൽ
- ഡിജിറ്റൽ സഹായക ഉപകരണങ്ങൾ വാങ്ങൽ
- ജില്ലാ /ബി.ആർ.സി തല പരിശീലനങ്ങൾ

## 7.7. Sports & Exposure Visit

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം കലാ/കായിക രംഗങ്ങളിൽ പലപ്പോഴും കണ്ടുവരുന്ന ഒരു പ്രധാനപ്രശ്നമാണ് പിന്തള്ളപ്പെടൽ അഥവാ അവസരം കിട്ടാതിരിക്കൽ. എല്ലാ കുട്ടികളിലും കായികശേഷി വികസനം അനിവാര്യവും വളരെ പ്രാധാന്യം അർഹിക്കുന്നതുമാണ്. അതുകൊണ്ടാണ് അനുരൂപീകരണ സാധ്യതകൾ പരിഗണിച്ച് പുതിയ സ്പോർട്സ് മാന്വൽ എസ്.സി.ഇ.ആർ.ടിയും എസ്.എസ്.കെയും സംയുക്തമായി വികസിപ്പിക്കാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി നിലവിലുള്ള കളികളും കായികയിനങ്ങളും ഭിന്നശേഷിക്കാർക്കായി അനുയോജ്യമാക്കുന്നതോടൊപ്പം പുതിയ ഇനങ്ങൾകൂടി രൂപകല്പന ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ സമഗ്ര ശിക്ഷാ കേരളം ഉൾച്ചേർന്ന വിദ്യാഭ്യാസ പദ്ധതി വഴി നടപ്പാക്കാൻ പോകുന്ന ഒരാശയമാണിത്. ഭിന്നശേഷി കുട്ടികൾക്ക് മാനസിക ഉല്ലാസത്തോടൊപ്പം നേരറിവ് സമ്പാദിക്കുന്നതിനാവശ്യമായ ഒരു പ്രധാനപ്രവർത്തനമാണ് എക്സ്പോഷർ വിസിറ്റ്. ഇത്തരം പ്രവർത്തനങ്ങൾ വഴി ഇവരിൽ അറിവ് നിർമാണം, സാമൂഹ്യവൽക്കരണം എന്നിവ സാധ്യമാകുന്നു.

***ലക്ഷ്യങ്ങൾ***

- വിവിധങ്ങളായ വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികളുടെ കായികാഭിരുചി കണ്ടെത്തി വികസിപ്പിക്കുന്നതിന്.
- കായികാഭിരുചി കണ്ടെത്തുന്ന മേഖലകളിൽ മികച്ച പരിശീലനം ഉറപ്പാക്കുന്നതിന്.
- ജില്ലാതലത്തിൽ വ്യത്യസ്ത ടീമുകൾ രൂപീകരിച്ച്, സ്പെഷ്യൽ ടീച്ചർ, കോച്ച് എന്നിവരെ ഉപയോഗിച്ച് പരിശീലനം നൽകുന്നതിന്.
- സ്പെഷ്യൽ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള മത്സരയിനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുന്നതിന്.
- നേരറിവ് സമ്പാദിക്കുന്നതിനും, സാമൂഹീകരണം, സഹപഠിതാക്കളോടുള്ള മനോഭാവം എന്നിവ വളർത്തുന്നതിനുവേണ്ട യാത്രകൾ സംഘടിപ്പിക്കുന്നതിനും.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല
- കായികാഭിരുചി കണ്ടെത്തുന്നതിനുള്ള സർവേ സംഘടിപ്പിക്കൽ.
- കായികശേഷി വികസിപ്പിക്കുന്നതിനു വേണ്ട പരിശീലനം നൽകൽ.
- കായികശേഷി വികസനത്തിന്റെ പ്രാധാന്യവും സാധ്യതകളും രക്ഷിതാക്കൾ, അധ്യാപകർ, പൊതുസമൂഹം എന്നിവരെ ബോധ്യപ്പെടുത്തൽ
- ഇൻക്ലൂസീവ് സ്പോർട്സ് ഫെയർ/സംസ്ഥാനം/ജില്ലാ/ ബി.ആർ.സി തലങ്ങളിൽ സംഘടിപ്പക്കൽ.
- ജില്ലാ/ബി.ആർ.സി തലത്തിൽ തുടർ പരിശീലനം നൽകൽ
- തനതു കായികയിനങ്ങൾ വികസിപ്പിക്കാൻ അനുരൂപീകരണ ഉപകരണങ്ങൾ, തന്ത്രങ്ങൾ എന്നിവ ഉപയോഗിച്ച് പരിശീലനം നൽകൽ.

## 7.8. തെറാപ്പി സേവനങ്ങൾ

ശാരീരിക മാനസിക വെല്ലുവിളികളെ മറികടക്കുന്നതിനും ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമായ തെറാപ്പി സേവനങ്ങൾ ബി.

ആർ.സി. തലത്തിൽ നൽകി വരുന്നു. മെഡിക്കൽ ക്യാമ്പിലെ വിദഗ്ധർ നിർദേശിച്ച പ്രകാരം ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, മ്യൂസിക് തെറാപ്പി, ഹോർട്ടികൾച്ചറൽ തെറാപ്പി, സ്മൈൽ തെറാപ്പി എന്നിവ തെറാപ്പിസ്റ്റിന്റെ ലഭ്യതയ്ക്കനുസരിച്ചു ബി.ആർ.സികൾ ക്രമീകരിക്കുന്നു. പ്രീ-പ്രൈമറി മുതൽ ഏതുപ്രായം വരെയുള്ള കുട്ടികൾക്കും തെറാപ്പി സേവനങ്ങൾ ലഭ്യമാക്കും. ഓട്ടിസം സെന്ററുകൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും തെറാപ്പി സേവനങ്ങൾ ലഭ്യമാക്കിവരുന്നത്.

***ലക്ഷ്യങ്ങൾ***

- വെല്ലുവിളികൾ മറികടന്ന് സാധാരണജീവിത സാഹചര്യത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിന്.
- വിവിധതരം തെറാപ്പികൾ ലഭ്യമാക്കുന്നതിന്.
- സ്ഥൂല സൂക്ഷ്മ പേശീവികാസം വർധിപ്പിക്കുന്നതിന്.
- ആത്മവിശ്വാസം വർധിപ്പിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- മെഡിക്കൽ ക്യാമ്പിലൂടെ തെറാപ്പി ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നു.
- ബി.ആർ.സി./ഓട്ടിസം സെന്റർ കേന്ദ്രീകരിച്ച് തെറാപ്പി സേവനങ്ങൾ നൽകുന്നു.
- തെറാപ്പിസേവനങ്ങൾ കുട്ടികൾക്ക് കൂടുതൽ സൗകര്യപ്രദമായി ലഭ്യമാക്കുന്നതിന് സി.ആർ.സി. കേന്ദ്രങ്ങൾ, സെപഷ്യൽ കെയർ സെന്റർ, സ്പെയ്സ് (SPACE)സ്ഥാപനങ്ങൾ, റിസോഴ്സ് റൂം, റിസോഴ്സ് സെന്റർ എന്നിവിടങ്ങളിൽ സജ്ജീകരിക്കുന്നു.
- സെന്ററുകളിൽ എത്താൻ കഴിയാത്ത കുട്ടികൾക്ക് വീടുകളിൽ എത്തി സേവനം നൽകുന്നു.
- തെറാപ്പിസേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിവിധ ഏജൻസികളുമായുള്ള ഏകോപനം സാധ്യമാക്കുന്നു.
- കുട്ടികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുകയും ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നു.



### 7.9. ചങ്ങാതിക്കൂട്ടം



ഗൃഹാധിഷ്ഠിതവിദ്യാഭ്യാസം (HBE) ചെയ്യുന്ന കുട്ടികൾക്ക് വിദ്യാലയനേരനുഭവ സാധ്യതകൾ നൽകുന്നതിനും കൂട്ടുകൂടലിന്റെ മധുരമറിയുന്നതിനും കുട്ടി പ്രവേശനം നേടിയ വിദ്യാലയത്തിലെ കൂട്ടുകാർ വീട്ടിലേക്കെത്തി കുട്ടിയോടൊപ്പം അവധിദിനങ്ങളും വിശേഷദിനങ്ങളും ചെലവഴിക്കുന്ന രീതിയിലാണ് ചങ്ങാതിക്കൂട്ടം രൂപപ്പെടുത്തിയിട്ടുള്ളത്. നഷ്ടമാകുന്ന വിദ്യാലയദിന അനുഭവങ്ങൾ ഈ പ്രവർത്തനത്തിൽ കൂടി കുട്ടിക്കായി ഉറപ്പാക്കാനാവും എന്നതും, കുട്ടിയുടെ വീട്ടിലെത്തിച്ചേരുന്ന സഹപാഠികൾക്ക് ഇത്തരം സാഹചര്യങ്ങളെക്കുറിച്ചുള്ള ധാരണകളും മനോഭാവവും രൂപപ്പെടുന്നുവെന്നതും ഏറെ പ്രധാനമാണ്. 'കൂട്ടുകൂടാൻ പുസ്തകച്ചങ്ങാതി' എന്ന പരിപാടിയിൽ തുടങ്ങി ചങ്ങാതിക്കൂട്ടത്തിലേക്കു എത്തിയപ്പോൾ കിടപ്പിലായ കുട്ടികളുടെ വിദ്യാലയ അനുഭവങ്ങളോടുള്ള ആഗ്രഹം ബോധ്യപ്പെടുകയും 'സ്പേസ്' എന്ന പരിപാടിയിലേക്ക് എത്തുകയും ചെയ്തു. സ്പേസ് എന്ന പരിപാടിയിലൂടെ, കിടപ്പിലായ കുട്ടികളെ പഞ്ചായത്തു പാലിയേറ്റിവ് വാഹനസൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് സ്കൂളു കളിലേക്ക് എത്തിക്കുകയും ചങ്ങാതിക്കൂട്ടത്തോടൊപ്പം സമയം ചെലവഴി ക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. പൂർണ്ണമായും സജ്ജീകരിച്ച പ്രത്യേക ക്ലാസ്മുറികളിലാണ് കുട്ടികളെ എത്തിക്കുന്നത്. അവധിക്കാലത്തും 'ചങ്ങാതിക്കൂട്ടം' ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ വീടുകളിൽ എത്തുകയും പ്രവർത്തന ങ്ങളിൽ ഏർപ്പെടുകയും ചെയ്യും. താലൂക്ക് മൊബൈൽ തെറാപ്പി യൂണിറ്റുകളുടെ സേവനം ഗൃഹാ ധിഷ്ഠിത വിദ്യാഭ്യാസ ഗുണഭോക്താ ക്കൾക്ക് ഉറപ്പാക്കും.

***ലക്ഷ്യങ്ങൾ***

- കിടപ്പിലായ കുട്ടികൾക്ക് നഷ്ടമായേക്കാവുന്ന സ്നേഹ സൗഹൃദങ്ങൾ ലഭ്യമാക്കുന്നതിന്.
- സ്കൂളിലേതിന് സമാനമായ രീതിയിൽ കൂട്ടുകാരുടെ സാന്നിദ്ധ്യവും പിന്തുണയും ഇവരുടെ വീട്ടിൽ ലഭ്യമാക്കുന്നതിന്.
- പഠനവും വ്യക്തിത്വ വികാസവും സാധ്യമാക്കാനുള്ള അവസരം ഒരുക്കുന്നതിന്.
- ഇത്തരക്കാർക്ക് ലഭ്യമാക്കാവുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ സാമൂഹ്യപിന്തുണയോടെ ഉറപ്പിക്കുന്നതിന്.
- കുടുംബാംഗങ്ങൾക്ക് അവശ്യം വേണ്ട അവബോധം സൃഷ്ടിക്കുന്നതിന്
- സ്കൂൾ അനുഭവങ്ങൾ ലഭ്യമാക്കുന്നതിന്

- സാമൂഹിക ഉത്തരവാദിത്വം എന്ന സാധ്യത ഉറപ്പിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണം.
- സ്കൂൾതല ചങ്ങാതിക്കൂട്ടം രൂപീകരണം.
- കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലനം.
- സ്കൂൾതല പ്രാദേശിക കൂട്ടായ്മ രൂപീകരണം.
- ഗൃഹസന്ദർശനം, ഐ.ഇ.പി. തയ്യാറാക്കൽ.
- ആരോഗ്യ - സാമൂഹിക- സന്നദ്ധപ്രവർത്തകരുടെ സാന്നിധ്യം ഉറപ്പാക്കൽ
- സാമൂഹ്യ നീതി വകുപ്പ്, എസ്.പി.സി, കുടുംബശ്രീ തുടങ്ങിയവരുടെ സാന്നിധ്യം ഉറപ്പാക്കൽ.

## 7.10. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

കേരളത്തിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകേണ്ട 6733 കുട്ടികളുണ്ട്. ഈ കുട്ടികൾക്കും പഠനസാഹചര്യങ്ങളും പഠനാനുഭവങ്ങളും വ്യക്തിഗത ആവശ്യമനുസരിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ഓരോ വർഷവും ഏകദേശം ആയിരത്തോളം കുട്ടികൾ വർധിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത്തല വെൽഫെയർ കമ്മിറ്റികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. നിലവിൽ ടാബ് സൗകര്യങ്ങൾ നൽകിയിട്ടുള്ള ഹോം ബേസ്ഡ് കുട്ടിയുടെ സ്കൂളിൽ ക്യാമറ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തിയാൽ ക്ലാസ്സ്റൂം നേരനുഭവം നൽകാനാവും. അതിനായി അധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകണം. ഹോം ബേസ്ഡ് കുട്ടികൾക്കായി സ്പെഷ്യൽ എഡ്യൂക്കേറ്റർ നൽകുന്ന സേവനങ്ങൾ ശാസ്ത്രീയമായി നിശ്ചയിച്ചു നൽകും. ഒപ്പം മറ്റു വകുപ്പുകളേയും ഏജൻസികളേയും സംയോജിപ്പിച്ച് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കി, സർക്കാർ അനുമതിയോടെ പ്രാവർത്തികമാക്കും.

***ലക്ഷ്യങ്ങൾ***

- കിടപ്പിലായ Educable - Trainable ആയ, സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത മുഴുവൻ കുട്ടികളേയും കണ്ടെത്തുക.
- ഇത്തരക്കാർക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ വീടുകളിൽ എത്തി അക്കാദമിക പിന്തുണ ഉറപ്പാക്കുക.
- Visual Class Room സാധ്യത ഉറപ്പുവരുത്തുക.
- സഹായ-വിനോദ ഉപകരണങ്ങൾ ലഭ്യമാക്കുക.



***പ്രവർത്തനങ്ങൾ***

- അങ്കണവാടി, പ്രീ-പ്രൈമറി, സ്കൂൾ സർവേയിലൂടെ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നു.
- കണ്ടെത്തിയ കുട്ടികളെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിച്ച് അവശ്യം വേണ്ട സഹായ ഉപകരണങ്ങൾ, തുടർ ചികിത്സ, തെറാപ്പികൾ എന്നിവ ഉറപ്പാക്കൽ.
- ആഴ്ച്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹായം വീടുകളിൽ നൽകുന്നു.
- പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഐ.ഇ.പി. തയ്യാറാക്കുന്നു.

## 7.11. ബ്രെയ്‌ലി സ്റ്റേഷനറി മെറ്റീരിയലുകളുടെ വിതരണം (Braily Stationery Material) (Inc: empossed charts / globs etc.)

കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി അക്ഷരങ്ങൾ തൊട്ടറിയുന്നതിനുള്ള പുസ്തകങ്ങളിലൂടെയും ടോക്കിങ് ടെക്സ്റ്റുകളിലൂടേയും പിന്തുണ നൽകേണ്ടതുണ്ട്. അതിനായി പ്രീ പ്രൈമറി സ്കൂളുകൾ മുതൽ ബ്രെയ്‌ലി പുസ്തകങ്ങളും മറ്റു സാധ്യതകളും ലഭ്യമാക്കുന്നു.

***ലക്ഷ്യങ്ങൾ***

- കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്നതിന്.
- പൂർണ്ണമായി കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ ബുക്കുകൾ, സഹായക സംവിധാനങ്ങൾ തുടങ്ങിയവ എത്തിക്കുന്നതിന്.
- അനുരൂപീകരണ സാമഗ്രികൾ ഉറപ്പാക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- ആശയരൂപീകരണ ശില്പശാല
- കാഴ്ച്ചപരിമിതരായ കുട്ടികളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ
- കുട്ടികളുടെ ആവശ്യകത പരിഗണിച്ച് വേണ്ട സഹായ ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ നൽകൽ.
- ഡിജിറ്റൽ സാധ്യത പരിഗണിച്ച് ആവശ്യമായ സോഫ്റ്റ്‌വെയർ ആപ്പ് അടങ്ങിയ ഉപകരണങ്ങൾ നൽകൽ.

## 7.12. റീഡർ അലവൻസ്

കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വായനയുടെ മാധുര്യം അറിയുന്നതിനായി റീഡറുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പാഠങ്ങൾ വായിച്ചു നൽകുന്നതിലൂടെ കൂടുതൽ പഠനനേട്ടങ്ങൾ ആർജിക്കുവാൻ കുട്ടിക്ക് സാധ്യമാകും.

***ലക്ഷ്യങ്ങൾ***

- കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വായന സാധ്യതകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അലവൻസ് നൽകുന്നതിന്.
- കാഴ്ച്ചപരമായ വെല്ലുവിളി നേരിടുന്നവർക്ക് വായനാനുഭവം ലഭ്യമാക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സർവേ, മെഡിക്കൽ ക്യാമ്പ് എന്നിവയിലൂടെ കുട്ടികളെ കണ്ടെത്തുന്നു.

- അർഹരായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് റീഡർ അലവൻസ് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

## 7.13. പഠന സാമഗ്രികൾ വികസിപ്പിക്കൽ (Assistive Devices, Equipments & TLM)

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും, നിർദിഷ്ട പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനും പ്രായവും ബൗദ്ധിക ശേഷിയും പരിഗണിച്ചുകൊണ്ടുള്ള പഠനസാമഗ്രികൾ ഒരുക്കേണ്ടതുണ്ട്. നിലവിലെ ക്ലാസ്സ്റൂം പ്രക്രിയകൾക്കു അനുരൂപീകൃതമായി തയ്യാറാക്കപ്പെടുന്ന ഇത്തരം പഠന സാമഗ്രികൾ ആത്മവിശ്വാസത്തോടെ ആശയങ്ങൾ സ്വാംശീകരിക്കുവാൻ കുട്ടികളെ സഹായിക്കും. ഇതോടൊപ്പം പഠനപ്രക്രിയ കൂടുതൽ സൗഹൃദമാക്കുന്നതിനായി ഡിജിറ്റൽ സഹായ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

***ലക്ഷ്യങ്ങൾ***

- ഡിജിറ്റൽ സഹായ ഉപകരണങ്ങളുടെ സഹായത്തോടെ പഠനം രസകരമാക്കുന്നതിന്.
- കുട്ടികൾക്ക് വേണ്ട ഡിജിറ്റൽ പഠനോപകരണങ്ങൾ, സോഫ്റ്റ്‌വെയർ, ആപ്ലിക്കേഷൻ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന്
- രക്ഷിതാക്കൾ - കുട്ടികൾ - വിദഗ്ധർ എന്നിവരുടെ സഹകരണത്തോടെ സ്പെഷ്യൽ കെയർ സെന്റർ, ഓട്ടിസം സെന്റർ, ബി.ആർ.സികൾ എന്നിവ കേന്ദ്രീകരിച്ച് പഠനോപകരണങ്ങൾ തയ്യാറാക്കി ലഭ്യമാക്കുന്നതിന്

***പ്രവർത്തനങ്ങൾ***

- ആശയ രൂപീകരണ ശില്പശാല.
- അർഹരായ കുട്ടികളെ കണ്ടെത്തൽ
- അസസ്സ്മെന്റ് ടീം രൂപീകരണം.
- ജില്ലാ/ബി.ആർ.സി.തല പരിശീലനം
- അവശ്യംവേണ്ട ഉപകരണങ്ങളുടെ നിർമ്മാണം/പർച്ചേസ്, വിതരണം.

## 7.14. എൻവയോൺമെന്റ് ബിൽഡിങ് പ്രോഗ്രാം (Enviornment Building Programme)

സവിശേഷപരിഗണന അർഹിക്കുന്നവർക്ക് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടുന്നതിന് ചുറ്റുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അഭിലഷണീയമായ മാറ്റം ഉണ്ടാക്കുന്നതിനായി സ്വാഭാവികമായ സാഹചര്യങ്ങളും നേരനുഭവങ്ങളും സമൂഹത്തിനു ലഭ്യമാക്കുന്നതിനായാണ് എൻവയോൺമെന്റ് ബിൽഡിങ് പ്രോഗ്രാം. അതിനായി പ്രത്യേകം തയ്യാറാക്കപ്പെട്ട വീഡിയോകൾ, തെരുവ് നാടകങ്ങൾ, സ്കൂൾതല സ്ക്രിപ്റ്റ് രചനാമത്സരങ്ങൾ, ഷോർട്ട് ഫിലിം മത്സരങ്ങൾ, ഫേസ്ബുക്ക് പോലുള്ള സാമൂഹ്യമാധ്യമ സാധ്യതകൾ, റേഡിയോ, ടെലിവിഷൻ പ്രക്ഷേപണ സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.

***ലക്ഷ്യങ്ങൾ***

- സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് എല്ലാവിധത്തിലുമുള്ള സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിന്.
- സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ പൊതു ആവശ്യങ്ങളും പുനരധിവാസവും ഏറ്റെടുക്കുന്നതിനുള്ള മനോഭാവം സമൂഹത്തിൽ വളർത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- സംസ്ഥാനതല ആശയരൂപീകരണ ശില്പശാല
- സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള മികവുകളുടെ പ്രദർശനം
- സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം. വിവിധങ്ങളായ പ്രതിഭാപോഷണ പരിപാടികൾ, മത്സരങ്ങൾ, പ്രദർശനങ്ങൾ എന്നിവ നടപ്പിലാക്കൽ

## 7.15. ഹെൽപ്പർ/ആയ/അറ്റൻഡന്റ്

ഓട്ടിസം സെന്ററുകളിൽ എത്തിച്ചേരുന്ന കുട്ടികളിൽ ഭൂരിഭാഗം പേരും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലും സ്വയം പര്യാപ്തരല്ല. ഈ സാഹചര്യത്തിൽ അവിടെ ആയമാരുടെ സേവനം ലഭ്യമാക്കി അവരെ സഹായിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ മുഴുവൻ ഓട്ടിസം സെന്ററുകളിലും ആയമാരുടെ സേവനം മുൻവർഷങ്ങളിൽ സമഗ്ര ശിക്ഷാ കേരളം ഉറപ്പാക്കിയിട്ടുള്ളത്. ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികളുടെ രക്ഷാകർത്താക്കൾക്കാണ് ആയമാരുടെ തസ്തികയിൽ ജോലി നൽകിയിട്ടുള്ളത്. കൂടാതെ പൂർണ്ണമായും ആയമാരുടെ സേവനം ആവശ്യമുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലായി 60 ആയമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഓട്ടിസം സെന്ററുകളിലും വിദ്യാലയങ്ങളിലുമായി 228 ആയമാർ പ്രവൃത്തിച്ചുവരുന്നുണ്ട്.

***ലക്ഷ്യങ്ങൾ***

- തീവ്ര പരിമിതികൾ അനുഭവിക്കുന്ന കുട്ടികൾക്ക് പരിചരണം ഉറപ്പാക്കുന്നതിന്.
- ഓട്ടിസം/സ്പെയ്സ് സെന്ററുകളിൽ ആയമാരുടെ സേവനം ഉറപ്പിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് മുൻഗണന നൽകി സേവനം ഉറപ്പാക്കുന്നു.
- എലിമെന്ററി വിഭാഗത്തിൽ 168 ഓട്ടിസം സെന്ററുകളിൽ ആയമാരുടെ സേവനം ഉറപ്പാക്കുന്നു.
- സെക്കന്ററി വിഭാഗത്തിൽ 60 ആയമാരുടെ സേവനം സ്കൂളുകളിൽ ഉറപ്പാക്കുന്നു.

## 7.16. Inservice Training for Special Educators

സംസ്ഥാനത്ത് 1521 എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സും 1365 സെക്കന്ററി എഡ്യൂക്കേറ്റേഴ്സും ഉൾപ്പെടെ ആകെ 2886 സ്പെഷ്യൽ എഡ്യുക്കേറ്റർമാർ ആണുള്ളത്. ഓരോ വർഷവും കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടിയാണ് നടത്തുന്നത്. ബുദ്ധിപരമായ വെല്ലുവിളി, കാഴ്ച/

കേൾവിപരമായ വെല്ലുവിളി, ഓട്ടിസം, പഠനവൈകല്യം എന്നീ വിവിധ ഭിന്നശേഷി മേഖലകളിൽ ആഴത്തിലുള്ള പരിശീലനം നൽകി വരുന്നുണ്ട്.

***ലക്ഷ്യങ്ങൾ***

- ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിൽ പ്രാഗത്ഭ്യം നേടുന്നതിന്.
- ഭിന്നശേഷിക്കാരുടെ വ്യത്യസ്ത ശേഷികൾ തിരിച്ചറിഞ്ഞ് പാഠഭാഗം അനുരൂപീകരണം നടത്തുന്നതിന്.
- വൈറ്റ്ബോർഡ് വീഡിയോസ് - മിശ്രപഠനസാധ്യത തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുന്നതിന്.
- Teacher Learning Processലെ ആധുനിക തന്ത്രങ്ങൾ തിരിച്ചറിഞ്ഞ് കഴിവ് വർദ്ധിപ്പിക്കുന്നതിന്.
- കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് ബോധനതന്ത്രങ്ങൾ മെച്ചപ്പെടുത്തുന്നതിന്.

***പ്രവർത്തനങ്ങൾ***

- പരിശീലനാവശ്യങ്ങൾ കണ്ടെത്തൽ
- സംസ്ഥാനതല ആശയരൂപീകരണം
- എസ്.ആർ.ജി. മൊഡ്യൂൾ തയ്യാറാക്കൽ
- ഡി.ആർ.ജി., ബി.ആർ.ജി. പരിശീലനങ്ങൾ
- അധ്യാപക പരിശീലനങ്ങൾ
- വിലയിരുത്തൽ - മെച്ചപ്പെടുത്തൽ

## 7.17. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ശമ്പളം

സംസ്ഥാനത്ത് 1521 എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും, 1365 സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും ഉൾപ്പെടെ ആകെ 2886 അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ അധ്യാപകരെ സംസ്ഥാനത്തെ 168 ബി.ആർ.സികളിലും 168 ഓട്ടിസം സെന്ററുകളിലുമായി വിന്യസിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ യഥാവിധി ഭിന്നശേഷി കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലായി ക്രമീകരിച്ചിട്ടുണ്ട്. എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് 20,000/- രൂപ ക്രമത്തിലും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യുക്കേറ്റർമാർക്ക് 25,000/- രൂപ ക്രമത്തിലും കരാർ വ്യവസ്ഥയിൽ 12 മാസത്തേയ്ക്ക് വേതനം നൽകി വരുന്നു.

***ലക്ഷ്യങ്ങൾ***

- ഭിന്നശേഷി കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം പൂർണ്ണ സമയം ഉറപ്പാക്കുന്നതിന്.
- കിടപ്പിലായ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ വീടുകളിൽ എത്തിയുള്ള സേവനം ഉറപ്പുവരുത്തുന്നതിന്.
- ഭിന്നശേഷി കുട്ടികളുടെ എല്ലാ പഠനപ്രവർത്തനങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിന്.
- ഭിന്നശേഷി കുട്ടികളുടെ സാമൂഹ്യ ഉൾച്ചേർക്കൽ സാധ്യമാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്.

*പ്രവർത്തനങ്ങൾ*

- എലിമെന്ററി/സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കരാറടിസ്ഥാനത്തിൽ ബി.ആർ.സികളിൽ നിയമിക്കൽ.




- വിദ്യാലയങ്ങളിൽ എത്തുന്ന ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ അനുരൂപീകരണപ്രവർത്തനങ്ങൾ കണ്ടെത്താനും ക്ലാസ്മുറികളിൽ നടപ്പാക്കാനും അധ്യാപകരെ സഹായിക്കൽ.
- ഭിന്നശേഷി കുട്ടികൾക്ക് വേണ്ട സഹായ സംവിധാനങ്ങൾ ഒരുക്കൽ.
- സ്പെഷ്യൽ കെയർ സെന്റർ, ഓട്ടിസം സെന്റർ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, സ്പെയ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

## 8. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

## (Vocationalisation of Education)

തൊഴിൽ വൈദഗ്ധ്യമുള്ള വിദ്യാസമ്പന്നരെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ NSQF ബാച്ചുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും നിലവിലുള്ള NSQF സ്കൂളുകളിൽ ഗുണമേന്മയുള്ള നൈപുണി വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

### 8.1. പുതിയ സ്കൂളുകൾക്കുള്ള സഹായം

*ലക്ഷ്യങ്ങൾ*

- തൊഴിൽ വൈദഗ്ധ്യമുള്ള വിദ്യാസമ്പന്നരെ വാർത്തെടുക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുക.
- പുതിയ NSQF ബാച്ചുകൾ തുടങ്ങുക.

*പ്രവർത്തനങ്ങൾ*

- നോൺ റെക്കറിംഗ് ഇനത്തിൽ
- വർക്ക് ഷോപ്പുകൾക്കാവശ്യമായ ടൂൾസ്, ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങലും അറ്റകുറ്റപണി ചെയ്യലും.

റെക്കറിംഗ് ഇനത്തിൽ

- റിസോഴ്സ് പേഴ്സൺസിനുള്ള സാമ്പത്തിക സഹായം
- അസംസ്കൃത വസ്തുക്കൾക്കുള്ള ഗ്രാന്റ്.
- വിദ്യാർഥികൾക്ക് നൈപുണി പരിശീലനത്തിനുള്ള ചെലവ്
- ഓഫീസ് ചെലവുകൾ/മറ്റുള്ള ആകസ്മിക ചെലവുകൾ.
- അധ്യാപകർക്കുള്ള ഇൻഡക്ഷൻ പരിശീലനം

## 8.2. നിലവിലുള്ള സ്കൂളുകൾക്കുള്ള സഹായം

***ലക്ഷ്യങ്ങൾ***

- ഗുണമേന്മയുള്ള നൈപുണി വിദ്യാഭ്യാസം ഉറപ്പാക്കുക.

***പ്രവർത്തനങ്ങൾ***

റെക്കറിംഗ്

- റിസോഴ്സ് പേഴ്സൺസിനുള്ള സാമ്പത്തിക പിന്തുണ നൽകുന്നു.
- അസംസ്കൃത വസ്തുക്കൾക്കുള്ള ഗ്രാന്റ്, ഉപകരണങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകുന്നു.
- വിദ്യാർഥികൾക്ക് നൈപുണി പരിശീലനം നൽകുന്നു.
- ഇൻസർവീസ് പരിശീലനം.
- ഹബ് & സ്പോക്ക് സ്കൂളുകൾക്കായുള്ള തുടർ പിന്തുണ
- മൂല്യനിർണയം
- ഓഫീസ് ചിലവുകൾ
- ഹബ് & സ്പോക്ക് സ്കൂളുകളിലെ കുട്ടികൾക്ക് യാത്രാബത്ത

## 8.3. സ്കിൽ ഡവലപ്മെന്റ് സെന്ററുകളിലൂടെ സുസ്ഥിര നൈപുണി പരിശീലനം

സംസ്ഥാനത്ത് ഹയർ സെക്കന്ററിതലം വരെയുള്ള ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി തൊഴിൽ വൈദഗ്ധ്യം നേടുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. ഇതിനു പരിഹാരമായാണ് സ്കൂളുകളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ



ആരംഭിക്കുന്നത്. നിലവിൽ ഹയർ സെക്കൻഡറികളിലും വൊക്കേഷണൽ ഹയർ സെക്കൻഡറികളിലും പഠിക്കുന്ന കുട്ടികൾ, പല കാരണങ്ങളാൽ പഠനം നിത്തി സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികൾ, സ്കോൾ കേരളയിൽ രജിസ്റ്റർ ചെയ്ത ഓപ്പൺ സ്കൂൾ കുട്ടികൾ, പുനർ നൈപുണ്യം തേടുന്ന ഔട്ട് ഓഫ് സ്കൂൾ കുട്ടികൾ, സാമ്പത്തിക സാമൂഹിക നിലനിൽപ് ആഗ്രഹിക്കുന്ന പ്രാദേശിക വാസികളായ കുട്ടികൾ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾ എന്നിവരെയാണ് സ്കിൽ ഡവലപ്മെന്റ് സെന്ററുകളിലേക്കു തിരഞ്ഞെടുക്കുന്നത്.

***ലക്ഷ്യം***

- സ്കൂൾ സംവിധാനത്തിനുള്ളിൽ നിന്നു തന്നെ ആശയപരമായ അറിവുകളെ പ്രായോഗിക പരിശീലനവുമായി സുഗമമായി സംയോജിപ്പിക്കുക.
- തൊഴിൽ യോഗ്യത വർധിപ്പിക്കുന്നതിന് പുതുതലമുറ നൈപുണികളിൽ യുവതലമുറയെ യോഗ്യരാക്കുക.
- സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉന്നത ഗുണമേന്മയുള്ള, സാങ്കേതിക പരിശീലനം ലഭ്യമാക്കുക.
- വിദ്യാർഥികളിൽ സ്വാശ്രയത്വം വളർത്തുന്നതിനുള്ള അനുഭവങ്ങളും അവസരങ്ങളും നൽകുക.

***പ്രവർത്തനങ്ങൾ***

- പരിശീലകരുടെ ശാക്തീകരണം
- നൈപുണീ വികാസ പരിശീലനം
- സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികളെ ഉൾക്കൊള്ളിക്കൽ
- സെക്ടർ സ്കിൽ കൗൺസിലിന്റെ സഹകരണത്തോടെ മൂല്യനിർണ്ണയം
- പരിശീലനം പൂർത്തിയായവർക്കു ഇന്റേൺഷിപ്പും ഉദ്യോഗ നിയമനവും.

## 8.4. ഗ്രീൻ ഫ്യൂച്ചർ

കാലാവസ്ഥാ സുസ്ഥിരതയ്ക്കു വേണ്ടിയുള്ള പാരിസ്ഥിതിക നൈപുണീ വികാസം

പരിസ്ഥിതി ലോലപ്രദേശമായ വയനാട്ടിൽ എസ്.എസ്.കെ.യുടെയും യൂനിസെഫിന്റെയും സഹകരണത്തോടെ സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ പ്രോജക്ടാണിത്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ആവാസവ്യവസ്ഥയുടെ നഷ്ടം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ നടക്കാനിടയുള്ള സംസ്ഥാനത്തെ മറ്റു ജില്ലകളിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

***ലക്ഷ്യം***

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്
- വൊക്കേഷണൽ ഹയർ സെക്കണ്ടറി കുട്ടികളിൽ ഹരിത സമ്പദ് വ്യവസ്ഥയിലുള്ള മാറ്റങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിന്.
- തൊഴിൽ സാധ്യതയും സംരംഭകത്വവും വർധിപ്പിക്കുന്നതിന്
- പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ കുട്ടികളിലൂടെ സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- അധ്യാപക പരിശീലനം
- ബോധവൽക്കരണവും അംബാസഡർ പ്രഖ്യാപനവും
  ഹരിത വിദ്യാലയ പരിശോധനകൾ
- പരിസ്ഥിതി സൗഹൃദ ബോധനരീതി ഉറപ്പാക്കൽ
- ജില്ലാതല ഗ്രീൻ-ഫ്യൂച്ചർ ഉച്ചകോടികൾ സംഘടിപ്പിക്കൽ

## 8.5 സ്കിൽ 2 വെഞ്ചർ

### ദീർഘകാല സുസ്ഥിരതയിലേക്കുള്ള പരിവർത്തനം

S2V പ്രോഗ്രാം എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സ്കിൽ 2 വെഞ്ചർ വിഷയാധിഷ്ഠിത അറിവിനും പ്രായോഗിക നൈപുണികൾക്കും ഇടയിലുള്ള വിടവു നികത്തുന്നതിനായി 40 സ്കൂളുകളിൽ നടപ്പിലാക്കി വിജയിച്ച പദ്ധതിയാണ്. ഇതിലൂടെ കുട്ടികളിൽ വിഷയാധിഷ്ഠിത അറിവിനുമപ്പുറം പ്രായോഗിക നൈപുണികളും തൊഴിലിനോടുള്ള ആഭിമുഖ്യവും വികസിക്കുന്നു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഇതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എൻ.എസ്.ക്യൂ.എഫ്. കോഴ്സിൽ ചേർന്നിട്ടുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി കുട്ടികളാണ് ഇതിന്റെ പ്രാഥമിക ഗുണഭോക്താക്കൾ.

***ലക്ഷ്യം***

- കുട്ടികളിൽ തൊഴിൽപരമായ ആഭിമുഖ്യം ഉണ്ടാക്കുന്നതിന്.
- വിദ്യാഭ്യാസത്തിലൂടെ സാമ്പത്തിക സ്വയം പര്യാപ്തതയിലേക്കു കുട്ടികളെ നയിക്കുന്നതിന്.
- സാങ്കേതിക വിദ്യാഭ്യാസത്തിൽ കുട്ടികളുടെ ആത്മവിശ്വാസം ബലപ്പെടുത്തുന്നതിന്.
- പ്രായോഗിക വിപണന വൈദഗ്ധ്യം പകർന്നു കൊടുക്കുന്നതിന്.
- അവശ്യ ജീവിത നൈപുണികൾ വളർത്തിയെടുക്കുന്നതിന്.



***പ്രവർത്തനങ്ങൾ***

- അസംസ്കൃത വസ്തുക്കൾക്കായുള്ള സാമ്പത്തിക സഹായം നൽകൽ.
- തൊഴിൽ വിദഗ്ധരുമായുള്ള ആശയവിനിമയ സെഷനുകളും തൊഴിൽ സ്ഥലങ്ങളിലേക്കു ഫീൽഡ് ട്രിപ്പും സംഘടിപ്പിക്കൽ.
- വിപണന തന്ത്ര പരിശീലനങ്ങൾ, ബിസിനസ്, സാമ്പത്തിക നിർവഹണം എന്നിവയിൽ പരിശീലനം

## 8.6. സ്വിഫ്റ്റ്

### സെക്ടർ വൈസ് ഇന്ററസ്റ്റ് ഫോക്കസ്ഡ് ട്രെയിനിംഗ്

9, 10 ക്ലാസുകളിലെ കുട്ടികൾക്കായി പൊതുവിദ്യാഭ്യാസവും പ്രവൃത്തി പരിചയ മേഖലകളും തമ്മിലുള്ള വിടവു നികത്താനുള്ള പദ്ധതിയാണിത്. എട്ടാം ക്ലാസിലെ കുട്ടികളിൽ നടത്തുന്ന LEAP (ലേണിംഗ് എൻഹാസ്മെന്റ് ആപ്റ്റിറ്റ്യൂഡ് പ്രോഗ്രാം) ന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ സഹജമായ കഴിവുകളെ തൊഴിൽപരമായി ബന്ധിപ്പിക്കാനും വളർത്താനും ഇതിലൂടെ കഴിയുന്നു.

***ലക്ഷ്യം***

- LEAP റിസൽറ്റിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം നൽകുന്നതിന്.
- 9, 10 ക്ലാസിലെ കുട്ടികളിൽ സാങ്കേതിക വിഷയങ്ങളിൽ ആത്മവിശ്വാസവും തൊഴിൽ സന്നദ്ധതയും വികസിപ്പിക്കുന്നതിന്.



- ബി ആർ സി തലത്തിൽ സാമൂഹ്യബന്ധിത തൊഴിൽ വിദ്യാഭ്യാസത്തിന്റെ സുസ്ഥിരത സൃഷ്ടിക്കുന്നതിന്.

***പ്രവർത്തനങ്ങൾ***

- സ്കൂളിൽ നിന്നുള്ള 'സ്കിൽ മെന്റർ' ആയ ടീച്ചർക്ക് ദ്വിദിന പരിശീലനം സംഘടിപ്പിക്കൽ.
- തൊഴിൽ വിദഗ്ധരുമായുള്ള ആശയവിനിമയത്തിലൂടെ കുട്ടികൾക്ക് 30 മണിക്കൂർ തൊഴിൽ അനുഭവ പരിചയം - പരിശീലനം സംഘടിപ്പിക്കൽ.

## 9. മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം

## (Monitoring of the scheme)

വിദ്യാഭ്യാസരംഗത്ത് അക്കാദമിക - ഭൗതിക മേഖലകളിൽ സമാനതകളില്ലാതെ നൂതനാശയാധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇത്തരം പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന ഫലങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ സാധൂകരണ തെളിവുകൾ സമാഹരിച്ച് സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. പ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഇത് സഹായകമാവും.

***ലക്ഷ്യങ്ങൾ***

- വിദ്യാലയങ്ങൾ മുതൽ സംസ്ഥാനതലം വരെയുള്ള സമഗ്ര ശിക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- സമഗ്രശിക്ഷാ കേരളത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുന്നതിനുള്ള ഡാറ്റാ ശേഖരണവും വിശകലനവും നടത്തുക.
- എസ് എസ് കെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ സാധ്യമാക്കുക.
- ഗവേഷണാടിസ്ഥാനത്തിൽ സമഗ്ര ശിക്ഷാ കേരളത്തിന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.

***പ്രവർത്തനങ്ങൾ***

- എസ് എസ് കെ യുടെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യൽ.
- പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളും ഉൾപ്പെടുന്ന ഡാറ്റാബേസ് രൂപപ്പെടുത്തൽ. കുട്ടികളെ വിവിധ ഘട്ടങ്ങളിൽ പിന്തുടർന്ന് പഠനതുടർച്ചയും പഠനപിന്തുണയും ഉറപ്പാക്കൽ.
- പ്രവർത്തനങ്ങളുടെ വിശകലനക്കുറിപ്പുകൾ തയ്യാറാക്കുക.
- സ്കൂൾതലത്തിലുള്ള അക്കാദമിക ഭൗതീകസാഹചര്യങ്ങളുടെ സ്ഥിതി വിലയിരുത്തി വിശകലനം ചെയ്ത് സംസ്ഥാനതലത്തിൽ ക്രോഡീകരിക്കൽ.
- സ്കൂൾതലത്തിലും ബി. ആർ. സി. തലത്തിലുമുള്ള പ്രവർത്തനങ്ങളിലൂടെ വീഡിയോകൾ, ഫോട്ടോകൾ, എന്നിവ ജില്ലാതല/ സംസ്ഥാനതല പോർട്ടലുകളിൽ അപ്‌ലോഡ് ചെയ്യുക.

**എം.ഐ.എസ്.**
**അനുവദിച്ച തുക 87.21**

## 10. പ്രോഗ്രാം മാനേജ്മെന്റ് (Programme Management)

സമഗ്രശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കേണ്ടവയാണ്. അതിന് കൃത്യമായ ആസൂത്രണമാവശ്യമുണ്ട്. സംസ്ഥാനതല ത്തിലെ പ്രവർത്തനങ്ങളുടെ ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവയെല്ലാം വാർഷിക പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്.

**പ്രോഗ്രാം മാനേജ്മെന്റ് അനുവദിച്ച തുക 2770.21**

***ലക്ഷ്യങ്ങൾ***

- എസ് എസ് കെ പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്തു നടപ്പാക്കുക.
- ജില്ലാതലം/ബി ആർ സി തലം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

***പ്രവർത്തനങ്ങൾ***

- എസ് എസ് കെ പ്രതിനിധികൾ, പ്രാദേശിക വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ആശയ രൂപീകരണ ശില്പശാല നടത്തുക.
- വാർഷിക പദ്ധതിയും പ്രവർത്തന കലണ്ടറും തയ്യാറാക്കുക.
- വാർഷിക പദ്ധതി സമയബന്ധിതമായി നടത്തുന്നതിന് ആസൂത്രണസമിതി രൂപീകരിക്കുക.
- ആസൂത്രണ-വിലയിരുത്തൽ യോഗങ്ങൾ സംഘടിപ്പിക്കുക.
- വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് പുസ്തകം പ്രസിദ്ധീകരിക്കുക.



## Intervention wise fund details

| Sl. No. | Activities | Physical | Elementary | Secondary | Teacher Education | Total | 60% | 40% |
|---|---|---|---|---|---|---|---|---|
| 1 | Residential Schools/Hostels | 6 Hostel | 214.20 | | | **214.20** | 128.52 | 85.68 |
| 2 | Strengthening of Existing Schools | Selected schools | 478.84 | 288.15 | | **766.99** | 460.19 | 306.80 |
| 3 | Transport/Escort Facility | 14839 students | 739.02 | 151.32 | | **890.34** | 534.20 | 356.14 |
| 4 | Free Uniforms | 748857students | 4493.14 | | | **4493.14** | 2695.89 | 1797.26 |
| 5 | Free Text Books | 2219634 students | 6810.93 | | | **6810.93** | 4086.56 | 2724.37 |
| 6 | Special Training for OoSC | 1973 Students | 118.38 | | | **118.38** | 71.03 | 47.35 |
| 7 | Support to SCPCR | 3473 Schools | 1.74 | | | **1.74** | 1.04 | 0.69 |
| 8 | Media and Community Mobilization | 4721 Schools | 52.10 | 18.72 | | **70.82** | 42.49 | 28.33 |
| 9 | Training of SMC/SDMC | 4721 Schools | 104.19 | 37.44 | | **141.63** | 84.98 | 56.65 |
| 10 | Quality Components-Innovative Activities | 20 lakh students | 1481.14 | 950.19 | | **2431.33** | 1458.80 | 972.53 |
| 11 | Project Kala Utsav | National Level | | 12.00 | | **12.00** | 7.20 | 4.80 |
| 12 | Band Competition (Secondary & Sr. Secondary) | National Level | | 5.00 | | **5.00** | 3.00 | 2.00 |
| 13 | Foundational Literacy and Numeracy | 17 lakh students | 3073.15 | | | **3073.15** | 1843.89 | 1229.26 |
| 14 | Learning Enhancement Programme (LEP) | 20 lakh students | 449.60 | 827.42 | | **1277.02** | 766.21 | 510.81 |
| 15 | Annual Grant | 4721 Schools | 1274.90 | 926.35 | | **2201.25** | 1320.75 | 880.50 |
| 16 | Library | 4721 Schools | 261.25 | 235.25 | | **496.50** | 297.90 | 198.60 |
| 18 | ICT and Digital Initiatives (Smart Class room) | 84 Schools | 31.92 | | | **31.92** | 19.15 | 12.77 |
| 19 | Support at Pre-Primary Level | 2686 Schools | 537.20 | | | **537.20** | 322.32 | 214.88 |
| 20 | BRC | 168 BRC | 8644.32 | | | **8644.32** | 5186.59 | 3457.73 |
| 21 | CRC | 1385 CRC | 4376.60 | | | **4376.60** | 2625.96 | 1750.64 |
| 22 | Teacher Training | | 750.55 | 797.75 | | **1548.30** | 928.98 | 619.32 |
| 23 | Teacher Salary | 1255 Specialist Teachers (Art, Physical, Work Edu) | 1252.75 | | | **1252.75** | 751.65 | 501.10 |
| 24 | KGBV | 1 Girls Hostel | | 39.73 | | **39.73** | 23.84 | 15.89 |
| 25 | Self Defence training for Girls | 15 lakh Girls Students | 173.65 | 62.40 | | **236.05** | 141.63 | 94.42 |
| 26 | Special Project for Equity | | | 133.74 | | **133.74** | 80.25 | 53.50 |
| 27 | Provision for children with special needs (CWSN) | 100535 Students | 5483.73 | 5822.29 | | **11306.02** | 6783.61 | 4522.41 |
| 28 | Sports & Physical Education | 4721 Schools | 228.40 | 187.20 | | **415.60** | 249.36 | 166.24 |
| 29 | Monitoring Information System (MIS) | All schools | 87.21 | | | **87.21** | 52.33 | 34.88 |
| 30 | Programme Management (District) | 14 District Office | 1806.68 | | | **1806.68** | 1084.01 | 722.67 |
| 31 | *Programme Management (State)* | *1 State Office* | 963.53 | | | **963.53** | 578.12 | 385.41 |
| 32 | VHSE | | | 3103.08 | | **3103.08** | 1861.85 | 1241.23 |
| 33 | Teacher Education | 1 SCERT and 14 DIET | | | 2528.00 | **2528.00** | 1516.80 | 1011.20 |
| 35 | Spill over | | 4572.17 | 5548.15 | 2144.3 | **12264.62** | 7358.77 | 4905.85 |
| | **Grant Total** | | **48461.27** | **19146.18** | **4672.30** | **72279.75** | **43367.85** | **28911.90** |

| | Category | 60% Central Share | 40% State Share | Total Share |
|---|---|---|---|---|
| 1 | Elementary Education | 29076.76 | 19384.51 | **48461.27** |
| 2 | Secondary Education | 11487.71 | 7658.47 | **19146.18** |
| 3 | Teacher Education | 2803.38 | 1868.92 | **4672.30** |
| | | **43367.85** | **28911.90** | **72279.75** |




समग्र शिक्षा केरलम्
Samagra Shiksha Keralam
സമഗ്ര ശിക്ഷാ കേരളം

## സമഗ്ര ശിക്ഷാ കേരളം

# വാർഷിക പദ്ധതി

## 2026–2027